بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2005**
**മെയ് – ജൂൺ**

1180 ഇടവം- മിഥുനം
1426 റഃആഖിർ - ജഃഅവ്വൽ
1384 ഹിജ്റത്ത് - ഇഹ്സാൻ

പുസ്തകം 5
ലക്കം 3
വില 10 രൂപ

SATHYAMITHRAM

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**
നേതാക്കന്മാരെ പരസ്പരം ആദരിക്കുക ........ 4

**യുഗനാദം**
കിശ്ത്തിനൂഹ് ........ 5
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 7

**ഖുത്വ്ബ**
ആത്മശുദ്ധീകരണം ധനത്യാഗത്തിലൂടെ ........ 11
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**പഴയതാളുകളിൽനിന്ന്**
ഭാഗ്യവാനായ സൽമാനുൽ ഫാരിസി ........ 15
വി. അബ്ദുൽ ഖയ്യൂം

**ലേഖനം**
ദൈവസംപ്രാപ്തിക്ക് തടസ്സം ഭൗതികാസക്തി ........ 17
മഹ്മൂദ്, കൽക്കുളം
നബിതിരുമേനിയുടേയും ഇമാം മഹ്ദിയുടേയും സ്ഥാനം ........ 20
മുഹമ്മദ് നജീബ് ഖാൻ
ഖിലാഫത്തിന്റെ വ്യതിയാനങ്ങൾ ........ 23
ശഫീഅ് അഹ്മദ്
വസിയ്യത്ത് എന്ത്? എന്തിന്? ........ 27
എൻ. കുഞ്ഞഹ്മദ്, പഴയങ്ങാടി
മലയാളമണ്ണിൽ അന്തിയുറങ്ങുന്ന ബംഗാളി യുവാവ് ........ 29
എ.ക്യു. മഹ്ദി
ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (2) ........ 35
മുനീർ അഹ്മദ് ഖാദിം

വസിയ്യത്ത് ചെയ്തവർ, വാർത്തകൾ, അറിയിപ്പുകൾ,
പത്രം പ്രതികരണം ........ 38–42





മുഖചിത്രം : അഹ്മദിയ്യ മസ്ജിദ് കാനഡ

ആമുഖം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# നേതാക്കന്മാരെ പരസ്പരം ആദരിക്കുക

ശ്രീ എൽ.കെ അദ്വാനി പാക്കിസ്ഥാൻ സന്ദർശനവേളയിൽ, മുഹമ്മദലിജിന്ന മതേതരവാദിയായിരുന്നുവെന്ന് പറഞ്ഞത് വമ്പിച്ചൊരു കോലാഹലമാണുണ്ടാക്കിയിട്ടുള്ളത്. അതിപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുകയാണ്. അദ്വാനിയുടെ പ്രസ്താവന തെറ്റോ ശരിയോ എന്ന് തീരുമാനിക്കേണ്ടത് അതുമായി ബന്ധപ്പെട്ടവരാണ്.


എന്തുതന്നെയായാലും ഓരോ രാജ്യവും അങ്ങോട്ടും ഇങ്ങോട്ടും രാഷ്ട്രനേതാക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് സാമാന്യമര്യാദയാണ്. അത് സമാധാനപരമായ അന്തരീക്ഷം നിലനിറുത്താൻ അനിവാര്യവുമാണ്. ശ്രീ അദ്വാനി, ജിന്നയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പാക്കിസ്ഥാനികളെ വളരെയധികം സന്തോഷിപ്പിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു എന്നതിൽ സംശയമൊന്നുമില്ല. പാക്കിസ്ഥാൻ പത്രങ്ങളിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും അത് ജനങ്ങൾ കണ്ടതാണ്. അതാണ് ഇവിടെത്തെ ചിലരെ ചൊടിപ്പിച്ചതും. അദ്വാനി പാക്കിസ്ഥാനിൽ നടത്തിയ പ്രസ്താവനപോലെ, പാക്കിസ്ഥാന്റെ പ്രതിനിധികൾ ഇന്ത്യ സന്ദർശിക്കുമ്പോൾ ഇന്ത്യയുടെ രാഷ്ട്രപിതാവിനെയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്താൽ ഇന്ത്യയിലെ ജനങ്ങളും അതിനെ സ്വാഗതം ചെയ്യുകയും സന്തോഷിക്കുകയും ചെയ്യുമെന്നത് തീർച്ചയാണ്. ഇങ്ങനെ പരസ്പരമുള്ള ശത്രുത അകലുകയും മൈത്രിബന്ധം ശക്തിപ്പെടുകയും ചെയ്യും.

ഇരുരാജ്യക്കാരും തയ്യാറായെങ്കിൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. വിട്ടുവീഴ്ചാമനോഭാവത്തോടെ പെരുമാറുക എന്നതാണ് ആവശ്യം. ഹിന്ദുക്കൾക്ക് മുസ്‌ലിംകളോടോ മുസ്‌ലിംകൾക്ക് ഹിന്ദുക്കളോടോ വൈരാഗ്യമുണ്ടാകേണ്ട ഒരു കാര്യവുമില്ല. അഥവാ പൂർവ്വികർ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതിന് നാമെന്തു പിഴച്ചു എന്ന ചിന്ത ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഹിന്ദുക്കളേയും മുസ്‌ലിംകളേയും നൂറുവർഷം മുമ്പേ ഉപദേശിച്ചതും ഇതുതന്നെയായിരുന്നു. അതായത്, മതഗുരുക്കന്മാരെ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ വർഗ്ഗീയത എന്ന ഉഗ്രവിഷത്തിന്റെ വീര്യം കെടുത്താനാവൂ. പരസ്പരം അസഭ്യശരങ്ങൾ തൊടുത്തുവിടുകയും ഹൃദയങ്ങളിൽ വൈരാഗ്യം വെച്ചുപുലർത്തുകയും ചെയ്യുന്ന സമൂഹത്തിൽ മനസ്സമാധാനത്തോടെ ഒരിക്കലും ജീവിക്കാൻ പറ്റുകയില്ല. മതപരമായ സംഘർഷം ഇല്ലാതാക്കുന്നതിന് എല്ലാ മതങ്ങളും പരസ്പരം മതഗുരുക്കന്മാരെ ആദരിക്കേണ്ടതാണ്.

ഇതുതന്നെയാണ് രാഷ്ട്രീയരംഗത്തെ സംഘർഷം ഒഴിവാക്കുന്നതിനും നാം ചെയ്യേണ്ടത്. പ്രത്യേകിച്ച് ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ നിലനിന്നിരുന്ന വടംവലിക്ക് അല്പം അയവുവന്നിട്ടുള്ള ഇക്കാലത്ത് അദ്വാനിയെ പോലുള്ളവരുടെ പ്രസ്താവനയെ അതിന്റേതായ രീതിയിൽ കാണേണ്ടതുതന്നെയാണ്. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചുഴിഞ്ഞുനോക്കേണ്ട കാര്യമൊന്നും നമുക്കില്ല. അദ്വാനിയുടെ പ്രസ്താവന ഇന്ത്യയിലെ ജനങ്ങൾ സ്വാഗതം ചെയ്യുകയും ഇതുപോലുള്ള അഭിപ്രായങ്ങൾ പാക്കിസ്ഥാനിൽനിന്നുണ്ടാവുകയും അതിനെ പാക്കിസ്ഥാനികൾ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ് ഇരുരാജ്യങ്ങൾക്കുമിടയിലുള്ള അകൽച്ച ഇല്ലാതാകുന്നത്. മറിച്ചാണെങ്കിൽ എത്ര ശ്രമിച്ചാലും പണ്ടേമുതൽ നിലനിന്നുവരുന്ന ശത്രുതയ്ക്ക് ഒരു കുറവും വരികയില്ല. അത് ഇരുരാജ്യങ്ങളേയും നാശത്തിലേക്ക് കൊണ്ടുപോകാനേ ഉപകരിക്കുകയുള്ളൂ.

•



# കിശ്തിനൂഹ്

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

**ത**ന്റെ ശത്രുക്കളോട് എപ്പോഴും സ്നേഹം കാണിച്ച് കൊണ്ടിരിക്കണമെന്ന് ഇഞ്ചീലിനെപ്പോലെ ഖുർആൻ പറയുന്നില്ല. മറിച്ച്, നിനക്ക് വ്യക്തിപരമായി ഒരു ശത്രുവും ഉണ്ടായിരിക്കരുതെന്നും നീ സർവ്വരോടും അനുകമ്പയും ആർദ്രതയും വെച്ചുപുലർത്തണമെന്നും വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. എന്നാൽ, നീ വിശ്വസിക്കുന്ന ദൈവത്തോടും ദൂതരോടും വേദഗ്രന്ഥത്തോടും ശത്രുതവെച്ചുപുലർത്തുന്ന ആൾ നിന്റെ ശത്രുവാണ്. അതുകൊണ്ട് നീ അത്തരക്കാരേയും അല്ലാഹുവിലേക്കു ക്ഷണിക്കുന്നതിലും അവർക്കായി ദുആ ചെയ്യുന്നതിലും അവഗണിക്കാതിരിക്കുക. അവരോടല്ല അവരുടെ കർമ്മങ്ങളോടായിരിക്കണം ശത്രുത പുലർത്തേണ്ടത്. അവർ നന്നായിത്തീരുവാൻ നീ പരിശ്രമിക്കുക. ഇതു സംബന്ധിച്ച് അല്ലാഹു അരുൾചെയ്യുന്നു.

***ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈതായിദിൽ ഖുർബാ***

അതായത് അല്ലാഹു നിങ്ങളിൽ നിന്നെന്താണാഗ്രഹിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യരോടും നീതിയോടു കൂടി പെരുമാറുക എന്നുതന്നെ. അതിലുമുപരി നിങ്ങളോടു ഒരു നന്മയും കാണിക്കാത്തവരോടും നിങ്ങൾ നന്മ കാണിക്കുക.(*16:91*) അതിനേക്കാളുപരി നിങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളോടും സ്വന്തം ബന്ധുക്കളോടെന്നപോലെ, മാതാക്കൾ തങ്ങളുടെ മക്കളോട് കാണിക്കുന്നരീതിയിൽ സഹതാപത്തോടെ പെരുമാറുക. കാരണം ചിലപ്പോൾ ഔദാര്യത്തിൽ ഒരു അഹംഭാവത്തിന്റെ ഘടകം മറഞ്ഞിരിപ്പുണ്ടാകും. ഔദാര്യം ചെയ്യുന്നയാൾ ചിലപ്പോൾ തന്റെ ഔദാര്യത്തെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഒരു മാതാവിനെപ്പോലെ സ്വാഭാവിക വികാരഭാവത്തോടെ നന്മ ചെയ്യുന്ന ആൾക്ക് ഒരിക്കലും അഹങ്കരിക്കാൻ സാദ്ധ്യമല്ല. ചുരുക്കത്തിൽ നന്മകളുടെ അവസാനത്തെ ശ്രേണി ഒരു മാതാവിന്ന് തന്റെ മക്കളോടെന്നപോലത്തെ പ്രകൃത്യാലുള്ള വികാരഭാവമാകുന്നു. ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല. സ്രഷ്ടാവായ അല്ലാഹുവുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് കാണിക്കുന്ന നീതിന്യായം എന്നത് അവന്റെ അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഔദാര്യം എന്നതിന്റെ വിവക്ഷിതം അവനെ നേരിട്ടുകാണുന്നുവെന്ന നിലയിൽ അവനിൽ പരിപൂർണ്ണവിശ്വാസം അർപ്പിക്കുകയാണ്.

അതേപ്രകാരം അല്ലാഹുവിനോട് ബന്ധുക്കളോടെന്നപോലെ പെരുമാറുക എന്നതിന്റെ അർത്ഥം അവനെ ആരാധിക്കുന്നത് സ്വർഗ്ഗം ലഭിക്കണമെന്ന അഭിവാഞ്ജകൊണ്ടോ നരകത്തെക്കുറിച്ചുള്ള ഭയം കൊണ്ടോ അല്ലാതെ, സ്വർഗ്ഗമോ നരകമോ ഇല്ലെന്ന് സങ്കല്പിക്കപ്പെട്ടാലും ദൈവസ്നേഹത്തിന്നും അനുസരണത്തിന്നും ഒരുകോട്ടവും ഉണ്ടാകാൻ പാടില്ല എന്നതാകുന്നു. നിങ്ങളുടെമേൽ ശാപം ചൊരിയുന്നവർക്കായി ദൈവാനുഗ്രഹം തേടണമെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ നിങ്ങൾ സ്വയം ഒന്നും ചെയ്യരുതെന്നും മറിച്ച്, ദൈവപ്രഭാവത്തിന്റെ ആസ്ഥാനമായ ഹൃദയത്തോട് അത്തരക്കാരോട് എങ്ങനെ പെരുമാറണമെന്ന് ഫത്‌വ് ചോദിക്കുക എന്ന് വിശുദ്ധഖുർആൻ അരുൾചെയ്യുന്നു. നിങ്ങളെ ശപിക്കുന്ന ആൾ അനുകമ്പാർഹനാണെന്നും ഉപരിലോകത്തുനിന്ന് അയാളുടെമേൽ ശാപം ഇടപ്പെടുന്നില്ലെന്നും നിന്റെ ഹൃദയത്തിൽ ഇടപ്പെടുന്നുവെങ്കിൽ അല്ലാഹുവിന്ന് എതിരാകാതിരിക്കുവാൻ നീയും ശാപം ഇടരുത്. എന്നാൽ, നിന്റെ മനഃസാക്ഷി അയാൾക്ക് മാപ്പ് കൊടുക്കുന്നില്ലെങ്കിലും ഉപരിലോകത്ത് അയാളുടെമേൽ ശാപം ഇടുന്നുവെന്ന് നിന്റെ ഹൃദയത്തിൽ ഇടപെടുന്നുവെങ്കിൽ നീ അവന്നായി അനുഗ്രഹത്തെ കാംക്ഷിക്കരുത്. സാത്താനുവേണ്ടി ഒരു പ്രവാചകനും അനുഗ്രഹം കാംക്ഷിക്കുകയോ അവനെ ശാപമുക്തനാക്കുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും ആരുടെമേലും ശാപം ഇറ

ങ്ങുന്നതിൽ തിടുക്കം കാണിക്കരുത്. ദുർധാരണകളിൽ അധികവും അസത്യമാണ്. പല ശാപങ്ങളും ശപിക്കുന്ന ആളിൽത്തന്നെ ചെന്നു പതിക്കുന്നു. വളരെ സൂക്ഷിച്ച് കാൽവെക്കുക. ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന്നു മുമ്പേ പുനർചിന്തനം ചെയ്യുക. എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. കാരണം നിങ്ങൾ അന്ധരാണ്. ഒരു ന്യായസ്ഥനെ അന്യായം ചെയ്യുന്ന ആളായോ സാത്വികനായ ഒരാളെ വ്യാജനായോ നിങ്ങൾ കരുതരുത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാവുകയും തദ്വാര നിങ്ങളുടെ എല്ലാ സൽക്കർമ്മങ്ങളും വ്യർത്ഥമായിത്തീരുകയും ചെയ്യുന്നതാണ്.

അതേപ്രകാരം നിങ്ങൾ നിങ്ങളുടെ സൽക്കർമ്മങ്ങൾ ഒന്നുംതന്നെ ജനങ്ങളുടെ മുമ്പാകെ പ്രകടനാത്മകമായ നിലയിൽ ചെയ്യരുതെന്നു ഇഞ്ചീൽ പറയുന്നു. എന്നാൽ നിങ്ങളുടെ കർമ്മങ്ങളെല്ലാംതന്നെ പരോക്ഷമായും ഗോപ്യമായും ചെയ്യാതെ സമയവും സന്ദർഭവും അനുസരിച്ച് ചെയ്യേണ്ടതാണെന്ന് ഖുർആൻ അരുൾ ചെയ്യുന്നു. പരോക്ഷമായ നിലയിൽ നന്മ ചെയ്യുന്നത് നിങ്ങളുടെ മനസ്സിന് നല്ലതായിത്തോന്നുന്നുവെങ്കിൽ പരോക്ഷമായി ചെയ്യുക. എന്നാൽ മറ്റുള്ളവർ കാൺകെ പ്രത്യക്ഷമായി ചെയ്യുന്നതുകൊണ്ട് ജനങ്ങൾക്ക് നല്ല കാര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രചോദനം ഉണ്ടാകുന്നുവെന്നു തോന്നുന്നുവെങ്കിൽ ചില കർമ്മങ്ങൾ പ്രത്യക്ഷമായും ചെയ്യേണ്ടതാണ്. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ദ്വിഗുണഫലം ലഭിക്കുന്നതാണ്. കൂടാതെ നന്മകൾ ചെയ്യുന്നതിൽ ദുർബലമനസ്ക്കരായ ജനങ്ങൾ നിങ്ങളെ അനുഗമിച്ചു അതേ നന്മ ചെയ്യുവാൻ തുടങ്ങുന്നതാണ്. നിങ്ങൾ പരോക്ഷമായും പ്രത്യക്ഷമായും ദാനധർമ്മങ്ങൾ ചെയ്യുക എന്ന വിശുദ്ധഖുർആന്റെ കല്പനയുടെ യുക്തി ഇവിടെ പ്രസക്തമാണ്. അതായത്, നിങ്ങൾ വാക്കുകൾ മൂലമല്ലാതെ പ്രവൃത്തിയും മാതൃകയും മൂലവും ജനങ്ങൾക്ക് നന്മ ചെയ്യുന്നതിനുള്ള പ്രചോദനം നൽകുക. കാരണം, എല്ലാ സ്ഥലങ്ങളിലും വെറുംവാക്കുകൾ പ്രയോജനം നൽകുന്നില്ല. അധിക സ്ഥലങ്ങളിലും മാതൃകയാണ് വളരെയധികം പ്രഭാവം നൽകുന്നത്.

അതേപ്രകാരം, നിങ്ങൾ നിങ്ങളുടെ അറകളിൽ ചെന്ന് പരോക്ഷമായ നിലയിൽ തനിച്ച് പ്രാർത്ഥിക്കുക എന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ നിങ്ങളുടെ പ്രാർത്ഥനകൾ എപ്പോഴും പരോക്ഷവും രഹസ്യവും ആയ നിലയിലല്ലാതെ ജനങ്ങളുടെ മുമ്പാകെയും സഹോദരന്മാരുടെ ഒപ്പവും കൂട്ടായരീതിയിലും പ്രത്യക്ഷമായും ചെയ്യണമെന്ന് വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. ആ അവസരത്തിൽ ചെയ്യപ്പെടുന്ന പ്രാർത്ഥന സ്വീകരിക്കപ്പെടുകയാണെങ്കിൽ അത് സമൂഹത്തിന്നു പ്രയോജനകരവും അവരുടെ വിശ്വാസപുരോഗതിക്കുള്ള നിമിത്തവും ആയിത്തീരുന്നുതാണ്.

അതേപ്രകാരം മറ്റുള്ളവരും പ്രാർത്ഥനയിൽ പ്രതിപത്തിയുള്ളവരായിത്തീരുന്നതാണ്. ഇഞ്ചീൽ ഇപ്രകാരം പ്രാർത്ഥിക്കുവാൻ കല്പിക്കുന്നു. ആകാശത്ത് സ്ഥിതിചെയ്യുന്ന ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമായിരിക്കട്ടെ. നിന്റെ രാജ്യവാഴ്ച ഇവിടെയും വരുമാറാകട്ടെ. നിന്റെ ഇച്ഛ ആകാശത്തുള്ളതുപോലെ ഇവിടെയും വരുമാറാകട്ടെ. ദിനേനയുള്ള ഞങ്ങളുടെ അപ്പം ഇന്നും ഞങ്ങൾക്ക് നീ നൽകേണമേ. ഋണബാധ്യതയുള്ളവർക്ക് പൊറുത്തുകൊടുക്കുന്നതുപോലെ ഞങ്ങളുടെ കടബാധ്യതകളെ നീ പൊറുത്തുതരേണമേ. ഞങ്ങളെ പരീക്ഷണങ്ങൾക്ക് വിധേയരാക്കാതെ എല്ലാ തീയ്യകാര്യങ്ങളിൽനിന്നും നീ ഞങ്ങളെ രക്ഷപ്പെടുത്തേണമേ. കാരണം രാജ്യവാഴ്ചയും ശക്തിയും പ്രതാപവും എപ്പോഴും നിനക്ക് മാത്രമുള്ളതാകുന്നു.

എന്നാൽ വിശുദ്ധഖുർആൻ പറയുന്നതിതാണ്. ഭൂമി ദൈവത്തിന്റെ പരിശുദ്ധിയിൽനിന്നും ശൂന്യമല്ല, മറിച്ച് ആകാശത്തേതുപോലെ ഭൂമിയിലും അവന്റെ പരിശുദ്ധിയുണ്ട്. അവൻ അരുൾചെയ്യുന്നു. ***വഇൻമിൻ ശയ്ഇൻ ഇല്ലായുസബ്ബിഹു ബിഹംദിഹീ*** (*17:45*) ഓരോ വസ്തുവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. ***യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽഅർളി*** (*62:2*) അതായത്, ആകാശഭൂമികളിലുള്ള ഓരോ അണുവും അല്ലാഹുവിന്റെ സ്തുതിയും പരിശുദ്ധിയും ഏറ്റുപറയുന്നു. അവയിലുള്ളവയൊക്കെ അവനെ സ്തോത്രം ചെയ്യുന്നു. പർവ്വതങ്ങളും നദികളും വൃക്ഷലതാദികളും അവന്റെ സ്തുതി പാടുന്നതിൽ വ്യാപൃതമാണ്. അനേകം സാത്വികരായ ജനങ്ങളും അവനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ഹൃദയംകൊണ്ടും നാവുകൊണ്ടും അവന്റെ സ്മരണയിൽ വ്യാപൃതനാവുകയും അവന്റെ തിരുമുമ്പിൽ വിനയാന്വിതനായിരിക്കുകയും ചെയ്യാത്തവനെ, ദൈവവിധി പല ശിക്ഷകളും നൽകി വിനയാന്വിതനാക്കിത്തീർക്കുന്നു. •

വിശുദ്ധ ഖുർആൻ

# സൂറത്തുൽ ബഖറ

(aZo\ bnÂ AhXcn¨ A ²ymbw)

## അർത്ഥം, വ്യാഖ്യാനം

وَإِذَا قِيلَ لَهُمْ آمِنُوا بِمَا أَنْزَلَ اللَّهُ قَالُوا نُؤْمِنُ بِمَا
أُنْزِلَ عَلَيْنَا وَيَكْفُرُونَ بِمَا وَرَاءَهُ وَهُوَ الْحَقُّ
مُصَدِّقًا لِمَا مَعَهُمْ قُلْ فَلِمَ تَقْتُلُونَ أَنْبِيَاءَ اللَّهِ
مِنْ قَبْلُ إِنْ كُنْتُمْ مُؤْمِنِينَ ﴿٩٢﴾

**92. "അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ എന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നവർ പറയുന്നു. അതിനുശേഷമുള്ളതിനെ അവർ നിഷേധിക്കുകയും ചെയ്യുന്നു. അതാകട്ടെ അവരുടെ പക്കലുള്ളതിനെ ശരിയാണെന്ന് സ്ഥാപിക്കുന്ന സത്യമാണുതാനും. പറയുക! നിങ്ങൾ വിശ്വാസികൾതന്നെയെങ്കിൽ ഇതിനുമുമ്പും അല്ലാഹുവിന്റെ പ്രവാചകന്മാരെ വധിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നത് എന്തുകാരണത്താലായിരുന്നു? "**

പദാർത്ഥം

അവരോട് പറയപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ വിശ്വസിക്കുവിൻ അല്ലാഹു അവതരിപ്പിച്ചതിൽ അവർ പറഞ്ഞു ഞങ്ങൾ വിശ്വസിക്കുന്നു ഇറക്കപ്പെട്ടതിൽ ഞങ്ങൾക്ക് അവർ നിഷേധിക്കുകയും ചെയ്യുന്നു അതിനുശേഷമുള്ളതിനെ അത് സത്യമാണ് ശരിയാണെന്ന് സ്ഥാപിക്കുന്നത് അവരുടെ കൂടെയുള്ളതിനെ നീ അവരോട് പറയുക എന്തുകൊണ്ട് നിങ്ങൾ കൊല്ലാൻ ശ്രമിക്കുന്നു അല്ലാഹുവിന്റെ പ്രവാചകന്മാരെ മുമ്പ് നിങ്ങൾ വിശ്വാസികളാണെങ്കിൽ

വ്യാഖ്യാനം

യഹൂദികൾ വിശുദ്ധഖുർആനിലും തിരുനബി(സ)യിലും വിശ്വസിക്കാതിരിക്കുവാനുള്ള കാരണം പറയുന്നത് അവരിൽ ഉൾപ്പെടാത്ത മറ്റൊരു ജനതയിൽ എന്തുകൊണ്ട് നബിയെ അയച്ചു എന്നതാണ്.

അല്ലാഹു അവതരിപ്പിച്ചതിൽ വിശ്വസിക്കാൻ അവരോട് പറയപ്പെടുമ്പോൾ അവർ പറയുന്നത് ഞങ്ങളിലേക്ക് ഇറക്കിയതിനെ ഞങ്ങൾ വിശ്വസിക്കുന്നുണ്ടെന്നാണ്. എന്നാൽ അവരുടെ കർമ്മം ഈ വാദവും തെറ്റാണെന്ന് തെളിയിക്കുന്നു. ഹസ്റത്ത് മൂസാനബി(അ)യിൽ ഇറങ്ങിയതിൽ അവർ വിശ്വസിക്കുന്നവരാണെങ്കിൽ അദ്ദേഹത്തിന്റെ പ്രവചനപ്രകാരം ആഗതരായ തിരുനബിയിലും വിശുദ്ധഖുർആനിലും അവർ വിശ്വസിക്കേണ്ടതായിരുന്നു.

ഹസ്റത്ത് നബി(സ) തിരുമേനിയെക്കുറിച്ച് ബൈബിളിൽ പറഞ്ഞ ഓരോ അടയാളവും വിശുദ്ധഖുർആനിലൂടെ പൂർത്തിയായി. ഇതിലെ ചില പ്രവചനങ്ങളെ ക്രിസ്ത്യാനികൾ യേശു മിശിഹായിൽ പുലർന്നതായി വാദിക്കുന്നുണ്ട്. എന്നാൽ ആ പ്രവചനങ്ങളിൽ പറഞ്ഞ അടയാളങ്ങൾ അത് മസീഹിൽ പുലർന്നെന്ന് പറയുന്നതിനെ തിരസ്കരിക്കുന്നത് കാണാം. അതിൽ ആദ്യത്തെ പ്രവചനം നിയമാവർത്തനം പതിനെട്ടാം ഭാഗം 17 മുതൽ 19വരെയുള്ള വചനങ്ങളാണ്. ഇത് തിരുനബിയിലല്ലാതെ മറ്റാരിലും പുലർന്നതായി ആർക്കും തെളിയിക്കാൻ സാദ്ധ്യമല്ല. ആ പ്രവചനം ഇപ്രകാരമാണ്. "അന്ന് കർത്താവ് എന്നോട് അരുളിച്ചെയ്തു: അവർ പറഞ്ഞതെല്ലാം നന്നായിരിക്കുന്നു. അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നും നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. (18:17-19) പുതിയ ന്യായപ്ര

മാണത്തോടുകൂടി ഒരു പ്രവാചകൻ ഇനി യഹൂദികളിൽനിന്ന് വരില്ലെന്നും അവരുടെ സഹോദരന്മാരിൽനിന്നാണ് പുതിയ ന്യായപ്രമാണത്തോടുകൂടിയുള്ള പ്രവാചകൻ വരികയെന്നും ഇതിൽ വ്യക്തമായ പ്രവചനമുണ്ട്. ഏതൊരു പ്രവാചകനെക്കുറിച്ച് ഇവിടെ പ്രവചിച്ചിട്ടുണ്ടോ അദ്ദേഹം മൂസാനബി(അ)നെപോലെ ന്യായപ്രമാണത്തോടുകൂടിയ പ്രവാചകനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഈ പ്രവചനം യേശുമിശിഹായിൽ പൂർത്തിയായി എന്നുപറയുന്നത് ഒരിക്കലും ശരിയല്ല. കാരണം ഹസ്റത്ത് ഈസാ മസീഹ്(അ) വന്നിട്ട് പറഞ്ഞത് "നിയമത്തേയോ പ്രവാചകന്മാരേയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്. (*മത്തായി 5:17*) എന്നാൽ, നിലവിലുള്ള ന്യായപ്രമാണത്തെ മാറ്റുവാനോ പുതിയത് ഒന്ന് സ്ഥാപിക്കുകയോ അല്ല എന്റെ വരവിന്റെ ഉദ്ദേശ്യമെന്നും നിലവിലുള്ളതിനെ നടപ്പിൽവരുത്തുവാനാണ് ഞാൻ വന്നിരിക്കുന്നത് എന്നുമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. പിന്നെ ഈ പ്രവചനം അദ്ദേഹത്തിൽ പൂർത്തിയാവുന്നതെങ്ങനെ? മാത്രമല്ല ക്രിസ്ത്യാനികളുടെ വാദം ശരീഅത്ത് (ന്യായപ്രമാണം) മനുഷ്യന് ശാപമാണെന്നും അതിൽനിന്ന് മനുഷ്യരെ മോചിപ്പിക്കാനാണ് ഈസാ മസീഹ് വന്നതെന്നുമാണ്. അപ്പോൾ അദ്ദേഹം പുതിയ ശരീഅത്ത് കൊണ്ടുവന്ന ആളാണെന്ന് അവർക്കെങ്ങനെ പറയാൻ സാധിക്കും? ഈ പ്രവചനം അദ്ദേഹത്തിൽ പുലർന്നെന്ന് എങ്ങനെ പറയാൻ കഴിയും?

ഈ പ്രവചനം ഈസാ മസീഹിലൂടെ പൂർത്തിയായിട്ടില്ലെന്നതിനുള്ള മറ്റൊരു തെളിവ് ഇതിൽ പറയുന്നത് വരാനിരിക്കുന്ന പ്രവാചകൻ നിന്റെ സഹോദരന്മാരിൽനിന്നായിരിക്കും എന്നാണ്. യേശു മിശിഹായെക്കുറിച്ച് ബൈബിളിൽ എഴുതിയിരിക്കുന്നത് അദ്ദേഹം ഹസ്റത്ത് ദാവൂദിന്റെ സന്താനപരമ്പരയിൽപ്പെട്ട ആളാണെന്നാണ്. ഇവിടെ നിന്റെ സഹോദരന്മാരിൽനിന്ന് എന്നർത്ഥമാക്കുന്നത് ഇസ്റാഈലിന്റെ കുടുംബത്തിൽനിന്നല്ലെന്നും ഇസ്മാഈലിന്റെ കുടുംബത്തിൽനിന്നായിരിക്കുമെന്നും ആണ്. ഹസ്റത്ത് ഈസാ മസീഹ്(അ) ഇസ്മാഈൽ കുടുംബത്തിൽപെട്ട ആളല്ല. ഇതുകൂടാതെ ഈ പ്രവചനം ഞാൻ മുഖേന പൂർത്തിയായെന്നോ ഞാനാണ് ഹസ്റത്ത് മൂസാനബി(അ)യുടെ സദൃശ്യനെന്നോ ഹസ്റത്ത് മിശിഹാ ഒരു സ്ഥലത്തും വാദിച്ചിട്ടില്ല. എന്നാൽ, വിശുദ്ധഖുർആൻ തിരുനബി(സ.അ)യെ കുറിച്ച് ഹസ്റത്ത് മൂസാനബി(അ)ന്റെ സദൃശ്യനാണെന്ന് പറയുന്നുണ്ട്. "***ഇന്നാ അർസൽനാ ഇലയ്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ***" നാം ഫിർഔന്റെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചിരുന്നതുപോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് നാമൊരു ദൂതനെ അയച്ചിരിക്കുന്നു(*73:16*). ഇതിൽനിന്നെല്ലാം സ്പഷ്ടമാകുന്നത് ഈ പ്രവചനം തിരുനബിയിൽ പൂർത്തിയായി എന്നാണ്. ഇനി മറ്റൊരു പ്രവചനം നമുക്ക് നോക്കാം.

അവൻ പറഞ്ഞു. കർത്താവ് സീനായിൽനിന്നുവന്നു. നമുക്കായി സെയിറിൽനിന്ന് ഉദിച്ചു. പാറാൻ പർവ്വതത്തിൽനിന്ന് പ്രകാശിച്ചു. വിശുദ്ധരായ പതിനായിരങ്ങളോടൊത്തുവന്നു. അവർക്കായി അവന്റെ വലതുകയ്യിൽ ഒരു ജ്വലിക്കുന്ന നിയമം പുറപ്പെട്ടു.'' (ആവർത്തനം 33:2)

ഇതിൽ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് വിവിധ അടയാളങ്ങൾ വിവരിക്കുന്നുണ്ട്. ഒന്നാമതായി പാറാൻ പർവ്വതത്തിൽനിന്നും പ്രകാശിച്ചു എന്ന് പറയുന്നു. പാറാൻ പർവ്വതം സ്ഥിതിചെയ്യുന്നത് മക്കയിലാണെന്ന് ബൈബിളിൽതന്നെ പറയുന്നുണ്ട്. (*ഉൽപത്തി 21:21*) രണ്ടാമതായി പതിനായിരം വിശുദ്ധരോടൊത്ത് വന്നു എന്നു പറയുന്നു. മക്കാവിജയത്തിൽ തിരുനബിയോടൊപ്പമുണ്ടായിരുന്ന പതിനായിരം സഹാബത്തിനെ കുറിച്ചാണ് ഇത് സൂചിപ്പിക്കുന്നത്. വിശുദ്ധഖുർആൻ സ്വഹാബാക്കളെക്കുറിച്ച് പറയുന്നത് "***റളിയല്ലാഹു അൻഹും വറളൂഅൻഹു*** എന്നാണ്. അല്ലാഹു അവരിലും തൃപ്തിപ്പെട്ടു. അവർ അല്ലാഹുവിലും തൃപ്തരായി. തിരുനബിയുടെ കൂടെ പതിനായിരം പേരുണ്ടായപ്പോൾ ഹസ്റത്ത് ഈസാ മസീഹിന്റെ കൂടെ 12 പേരാണ് ഉണ്ടായിരുന്നത്. മാത്രമല്ല മറ്റൊരു പ്രവാചകന്റെ കൂടെയും പതിനായിരം പേർ ഒന്നിച്ചിരുന്നില്ല.

ഈ പ്രവചനത്തിൽ മൂന്നാമത് പറഞ്ഞ അടയാളം അദ്ദേഹത്തിന്റെ കയ്യിൽ ജ്വലിക്കുന്ന നിയമം ഉണ്ടാകുമെന്നാണ്. ഹസ്റത്ത് ഈസാ മസീഹ്(അ) പുതിയ ന്യായപ്രമാണവാഹകനായ പ്രവാചകനല്ലാത്തതുകൊണ്ട് ഇത് അദ്ദേഹത്തിൽ പുലർന്നെന്ന് പറയാവതല്ല. വിശുദ്ധഖുർആനെ ജ്വലിക്കുന്ന നിയമം എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതിന്റെ രണ്ട് വിശേഷണങ്ങൾ കാരണമായാണ് അതിന് ഈ പേര് വെച്ചിരിക്കുന്നത്. തീ എരിച്ചുകളയുന്നതോടൊപ്പം പ്രകാശം പരത്തുകയും ചെയ്യുന്നു. ഇതുപോലെ വിശുദ്ധഖുർആൻ എല്ലാ തിന്മകളേയും തെറ്റുകളേയും എരിച്ചുകളയുകയും അതോടൊപ്പം ജനങ്ങൾ അതിൽനിന്നും

പ്രകാശം കരസ്ഥമാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ പതിനായിരം പരിശുദ്ധരുമൊത്ത് ജ്വലിക്കുന്ന നിയമവുമായി പാറാൻ പർവ്വതത്തിൽ പ്രകാശിച്ചത് ഹസ്റത്ത് മുഹമ്മദ് നബി (സ.അ) അല്ലാതെ മറ്റാരുമല്ല.

തിരുനബി(സ.അ)യെക്കുറിച്ച് ബൈബിളിൽ മറ്റു സ്ഥലങ്ങളിലും പ്രവചനങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നു. എശയ്യ (8:14-7), (9:13-17), (28:9-13), (35:3-8), (4:9-12), (42:5-8), (62:2-4) ദാനിയേൽ ആറാം അദ്ധ്യായം, ഉത്തമഗീതം (5:10-16), മത്തായി (21:42-44) എന്നിവ നോക്കുക.

ചുരുക്കത്തിൽ വിശുദ്ധഖുർആൻ നൽകുന്ന അദ്ധ്യാപനങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണെന്ന് മാത്രമല്ല അത് അംഗീകരിക്കുമ്പോൾ മുൻവേദഗ്രന്ഥങ്ങളിൽ പറഞ്ഞ പ്രവചനങ്ങളെ സത്യപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്. ഇതിനെ നിഷേധിക്കുമ്പോൾ 'ഞങ്ങൾക്ക് അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുന്നു' എന്ന അവകാശവാദം പൊള്ളയായിത്തീരും.

ഉപരിയുക്ത ആയത്തിൽ വിശുദ്ധഖുർആൻ സത്യതക്കുള്ള മൂന്ന് തെളിവുകളാണ് നിരത്തിയിരിക്കുന്നത്. (1) ഇത് അല്ലാഹുവിൽനിന്നുള്ള അദ്ധ്യാപനമാണ്. (2) ലോകത്തിന് ഇതിനെ നേരിടാൻ സാദ്ധ്യമല്ലെന്ന് മാത്രമല്ല ഇത് ലോകത്ത് സ്ഥാപിതമാകുന്നതാണ്. (3) നിങ്ങളുടെ മുമ്പിലുള്ള ഗ്രന്ഥത്തിൽ പറയപ്പെട്ട പ്രവചനങ്ങളെ സത്യപ്പെടുത്തുന്ന ഗ്രന്ഥം കൂടിയാണിത്.

ഈ വചനത്തിൽ തുടർന്നുകൊണ്ട് അല്ലാഹു ചോദിക്കുകയാണ്. ***ഫലിമ തഖ്തുലൂന അമ്പിയാഅല്ലാഹു*** നിങ്ങൾ അല്ലാഹുവിന്റെ പ്രവാചകന്മാരെ ഇതിനുമുമ്പ് വധിക്കാൻ ശ്രമിച്ചത് എന്തിന്? യഹൂദികളുടെ വാദം ഞങ്ങളിൽനിന്ന് ഒരു പ്രവാചകൻ വന്നാൽ ഞങ്ങൾ വിശ്വസിക്കും എന്നാണ്. ഇതും കളവാണെന്ന് അല്ലാഹു ഇവിടെ സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ഇതിന് മുമ്പുവന്ന പ്രവാചകന്മാർ നിങ്ങളിൽനിന്ന് തന്നെയുള്ളവരായിരുന്നു. പക്ഷെ, നിങ്ങൾ അവരെ അംഗീകരിക്കുന്നതിനു പകരം അവരെ വധിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. പ്രവാചകന്മാരെ യഹൂദികൾ വധിക്കാൻ ശ്രമിച്ചിരുന്നു എന്നത് സത്യമാണ്. അവരുടെ ഈ ദുഷ്പ്രവർത്തിയിൽ ഹസ്റത്ത് ഈസാ മസീഹ് (അ) പോലും വിലപിക്കുന്നത് കാണുക.

"യെരുശലേമേ, യെരുശലേമേ പ്രവാചകന്മാരെ വധിക്കുകയും നിന്റെ അടുത്തേക്ക് അയക്കപ്പെടുന്നവരെ

ക وَلَقَدْ جَآءَكُم مُّوسَىٰ بِالْبَيِّنٰتِ ثُمَّ اتَّخَذْتُمُ الْعِجْلَ
مِنۢ بَعْدِهٖ وَاَنْتُمْ ظٰلِمُوْنَ ﴿٩٣﴾

**93. "തീർച്ചയായും സ്പഷ്ടമായ തെളിവുകളോടുകൂടി മൂസാ നിങ്ങളുടെയടുക്കൽ വന്നു. പിന്നെ അദ്ദേഹത്തിന്റെ അഭാവത്തിൽ പശുക്കുട്ടിയെ (ആരാധ്യവസ്തു) ആക്കുകയുണ്ടായി. നിങ്ങൾ അധർമ്മികളായിരുന്നു."**

---

**പദാർത്ഥം**
[illegible] മൂസ നിങ്ങളുടെ അടുക്കൽവന്ന സന്ദർഭം [illegible] സ്പഷ്ടമായ തെളിവുകൾ മുഖേന [illegible] പിന്നെ [illegible] നിങ്ങൾ സ്വീകരിക്കുകയുണ്ടായി [illegible] പശുക്കുട്ടിയെ [illegible] ഇതിനുശേഷം [illegible] നിങ്ങൾ അധർമ്മികളായിരുന്നു.

---

**വ്യാഖ്യാനം**
ഹസ്റത്ത് മുഹമ്മദ് നബി(സ.അ)യെ നിഷേധിക്കുവാനുള്ള കാരണമായി യഹൂദികൾ പറഞ്ഞിരുന്നത് അദ്ദേഹം ഞങ്ങളിൽനിന്നുള്ള പ്രവാചകനല്ലെന്നാണ്. എന്നാൽ അവരിൽതന്നെ വന്ന പ്രവാചകരോട് അവർ ഏതെല്ലാം രീതികളിലാണ് പ്രവർത്തിച്ചത് എന്ന് അല്ലാഹു ഇവിടെ വിവരിച്ചുകൊണ്ട് അവരുടെ എല്ലാ വാദങ്ങളും നിരർത്ഥകവും പൊള്ളയുമാണെന്ന് വിവരിക്കുന്നു. യഹൂദികൾ ഏറ്റവും ആദരവോടെ എടുത്തുപറയുന്ന പ്രവാചകനാണ് ഹസ്റത്ത് മൂസാ(അ). എന്നാൽ അദ്ദേഹത്തോടുള്ള അവരുടെ സമീപനം എന്തായിരുന്നു. അദ്ദേഹം തൂർപർവ്വതത്തിലേക്ക് പോയപ്പോൾ അവർ ഉടനെ ഒരു പശുക്കുട്ടിയെ ആരാധ്യവസ്തുവായി സ്വീകരിച്ചുകൊണ്ട് ശിർക്ക് ചെയ്യുകയാണ് ചെയ്തത്. ഇത് ഹസ്റത്ത് മൂസ(അ)ന്റെ അദ്ധ്യാപനത്തിന് കടകവിരുദ്ധമാണ്. ചുരുക്കത്തിൽ അവരിൽനിന്നുതന്നെ ഒരു പ്രവാചകൻ വന്നാൽപോലും അവർ നിഷേധിക്കുകയാണ് ചെയ്യുക.

وَاِذْ اَخَذْنَا مِيْثَاقَكُمْ وَرَفَعْنَا فَوْقَكُمُ الطُّوْرَؕ خُذُوْا
مَآ اٰتَيْنٰكُمْ بِقُوَّةٍ وَّاسْمَعُوْاؕ قَالُوْا سَمِعْنَا وَعَصَيْنَا
وَاُشْرِبُوْا فِىْ قُلُوْبِهِمُ الْعِجْلَ بِكُفْرِهِمْؕ قُلْ بِئْسَمَا
يَاْمُرُكُمْ بِهٖٓ اِيْمَانُكُمْ اِنْ كُنْتُمْ مُّؤْمِنِيْنَ ﴿٩٤﴾

**94. "നാം നിങ്ങളോട് കരാർ വാങ്ങുകയും നിങ്ങൾക്കുമീതെ മലയെ ഉയർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക). നാം നിങ്ങൾക്ക് നൽകിയതിനെ മുറുകെപിടിക്കുകയും കേട്ട്**

**(അനുസരിക്കുകയും) ചെയ്യുക (എന്നു നാം പറഞ്ഞു. എന്നാൽ, ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും ചെയ്യുന്നുവെന്നാണവർ മറുപടി പറഞ്ഞത്. അവരുടെ അവിശ്വാസം നിമിത്തം അവരുടെ ഹൃദയങ്ങളിൽ പശുക്കുട്ടി(യോടുള്ള സ്നേഹം) നിലീനമാക്കപ്പെട്ടു. പറയുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ ഏതൊന്നിനായി നിങ്ങളുടെ വിശ്വാസം നിങ്ങളോട് കൽപിക്കുന്നുവോ അത് വളരെ നീചംതന്നെ."**

**പദാർത്ഥം**

നാം വാങ്ങിയ സന്ദർഭം നിങ്ങളുടെ കരാർ നാം ഉയർത്തുകയും ചെയ്തു നിങ്ങൾക്കു മുകളിൽ പർവ്വതം നിങ്ങൾ പിടിക്കുക ഏതൊന്ന് നാം നിങ്ങൾക്ക് നൽകിയോ ശക്തമായി കേൾക്കുകയും ചെയ്യുക അവർ പറഞ്ഞു ഞങ്ങൾ കേട്ടു ഞങ്ങൾ ധിക്കരിച്ചു കുടിപ്പിച്ചിരിക്കുന്നു അവരുടെ ഹൃദയങ്ങളിൽ പശുക്കുട്ടി അവരുടെ അവിശ്വാസം നിമിത്തം നീ പറയുക വളരെ നീചം നിങ്ങളോട് കൽപിക്കുന്നത് അത് കാരണം നിങ്ങളുടെ വിശ്വാസം നിങ്ങൾ വിശ്വാസികളാണെങ്കിൽ

**വ്യാഖ്യാനം**

ഈ ആയത്തിൽ യഹൂദികളുടെ മറ്റൊരു കരാർ ലംഘനത്തെക്കുറിച്ചാണ് പറയുന്നത്. മൂസാ നബിയുടെ കാലത്ത് തൂർ പർവ്വതത്തിന്റെ താഴ്വരയിൽവെച്ച് നിങ്ങളോട് വാങ്ങിയ കരാറിനെ നിങ്ങൾ ഓർക്കുക. ഈ കരാറ് വാങ്ങിയ സ്ഥലം വളരെ അനുഗൃഹീതമായിരുന്നു. ഇങ്ങനെയുള്ള പ്രത്യേകപ്പെട്ട സ്ഥലങ്ങളിൽ നിന്ന് കരാർ വാങ്ങുമ്പോൾ അതിന് മറ്റു സ്ഥലങ്ങളിൽനിന്ന് വാങ്ങുന്ന കരാറിനേക്കാൾ പ്രാധാന്യമുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്തായിരുന്നു ആ കരാർ എന്ന് വിശുദ്ധ ഖുർആൻ വിവരിക്കുന്നു. നാം നൽകിയതിനെ മുറുകെപ്പിടിക്കുകയും നമ്മെ അനുസരിക്കുകയും ചെയ്യുക. എന്നാൽ ഈ കരാറിനെയും അവർ ലംഘിച്ചു. അവർ പറഞ്ഞു. 'എല്ലാം ഞങ്ങൾ കേട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ അത് ധിക്കരിക്കുകയും ചെയ്യുന്നു." അവർ നാവുകൊണ്ട് ധിക്കരിച്ചുവെന്ന് പറഞ്ഞില്ലെങ്കിലും അവരുടെ പ്രവർത്തനം ധിക്കരിച്ചു എന്നതിന് വ്യക്തമായ തെളിവാണ്. ആത്മീയമായ അവരുടെ അധഃപതനാവസ്ഥയാണ് ഇവിടെ വിവരിക്കുന്നത്. അറബിഭാഷയിൽ 'ഖാല' എന്ന പദത്തിന്റെ അർത്ഥം 'പറഞ്ഞു' എന്നാണ്. എന്നാൽ ഇത് നാവുകൊണ്ട് ഉച്ചരിക്കുന്നതിന് വേണ്ടിമാത്രമല്ല ഉപയോഗിക്കുന്നത്.

### പുസ്തകവിതരണം സൗജന്യമാകണം

"നമ്മുടെ ഗ്രന്ഥങ്ങൾ വിൽപന അടിസ്ഥാനത്തിൽ തന്നെ എപ്പോഴും പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കണമെന്ന തീരുമാനം മനസ്സിൽവെച്ചാൽ, ഈ ലക്ഷ്യം പ്രാപിക്കാനുള്ള കർത്തവ്യം നമുക്ക് പൂർണ്ണമായും നിർവ്വഹിക്കാൻ സാദ്ധ്യമാകുന്നതല്ലെന്നതു പ്രത്യക്ഷമാണ്. കേവലം വിൽപന അടിസ്ഥാനത്തിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും സ്വാർത്ഥതാല്പര്യങ്ങളാൽ ദീനിനെ ദുനിയാവിനോടു കെട്ടിയിടുകയും ചെയ്യുന്നത് തികച്ചും ഫലശൂന്യവും ആക്ഷേപാർഹവുമായ മാർഗ്ഗമാകുന്നു. അതിന്റെ വിപത്ത് കാരണം നമുക്ക് നമ്മുടെ ഗ്രന്ഥങ്ങൾ വേഗത്തിൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ സാദ്ധ്യമാകയില്ലെന്ന് മാത്രമല്ല, വിപുലമായ തരത്തിൽ അവ ജനങ്ങൾക്കിടയിൽ എത്തിക്കുവാൻ ആവുകയുമില്ല. ഉദാഹരണമായി, നാം ഒരു ലക്ഷം പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തുകൊണ്ട് 20 ദിവസങ്ങൾക്കകം ദൂരദൂര രാജ്യങ്ങളിൽ എത്തിക്കുവാനും എല്ലാ വിഭാഗങ്ങളിലും എല്ലാ സ്ഥലങ്ങളിലും പ്രചരിപ്പിക്കാനും എല്ലാ ഓരോ സത്യാന്വേഷിക്കും നേർവഴി തെരയുന്നവനും നൽകാനും സാധിക്കുമാറാകുമ്പോൾ ഉദാരമായ ഒരടിസ്ഥാനത്തിലുള്ള ഈ പ്രവർത്തനം വിലവച്ചു നൽകുന്നപക്ഷം ഒരുപക്ഷെ 20 കൊല്ലംകൊണ്ടും നമുക്ക് ചെയ്തുതീർക്കാൻ സാദ്ധ്യമാകുന്നതല്ല."

*(ഫത്ഹെ ഇസ്ലാം, മസീഹ് മൗഊദ്(അ)*

പ്രവർത്തനത്തിലൂടെയുള്ള പ്രകടനത്തിനും ഇതുപയോഗിക്കാറുണ്ട്.

ഞങ്ങൾ കേട്ടു ഞങ്ങൾ ധിക്കരിക്കുകയും ചെയ്തു എന്നതിന്റെ മറ്റൊരു വിവക്ഷിതം അവർ, ഞങ്ങളെല്ലാം കേട്ടു എന്ന് ഏറ്റുപറയുകയും അതോടൊപ്പം അവരുടെ ഹൃദയം പറയുന്നത് അത് ധിക്കരിക്കും എന്നുമാവാം.

'നിങ്ങളുടെ വിശ്വാസം ഏതൊന്നിന് കൽപിക്കുന്നുവോ അത് വളരെ മോശം' എന്നതിന്റെ വിവക്ഷിതം നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ മൂസാനബി അല്പം ദിവസത്തേക്ക് പോയപ്പോൾ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നിലപാട് നിങ്ങളുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നതാണ്. പശുക്കുട്ടിയെ ആരാധിക്കാൻ നിങ്ങൾ തയ്യാറായി. ഇതാണ് നിങ്ങളുടെ വിശ്വാസമെങ്കിൽ ഇതിനെക്കാളും നല്ലത് നിഷേധം തന്നെയാണ്. ചുരുക്കത്തിൽ ഞങ്ങളാണ് യഥാർത്ഥ വിശ്വാസികൾ എന്ന യഹൂദികളുടെ വാദം തികച്ചും പൊള്ളയാണ്. പ്രവാചകന്മാരെ നിഷേധിക്കുന്നവരും അവരുടെ കല്പനകളെ നിഷേധിക്കുന്നവരും എങ്ങനെയാണ് വിശ്വാസികളായിത്തീരുക. ●

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

ഖുത്വ്ബ
3.6.2005

# ആത്മശുദ്ധീകരണം ധനത്യാഗത്തിലൂടെ

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ ثُمَّ لَا
يُتْبِعُوْنَ مَآ اَنْفَقُوْا مَنًّا وَّلَآ اَذًى لَّهُمْ اَجْرُهُمْ
عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ۝

**ഈ** ഖുർആനികവചനത്തിന്റെ തർജ്ജമ ഇപ്രകാരമാണ്. "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചെലവ് ചെയ്യുകയും പിന്നീട് അതിനെത്തുടർന്ന് തങ്ങൾ ചെലവ് ചെയ്തത് ഔദാര്യമായി എടുത്തുപറയാതിരിക്കുകയും വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് ഒരുവിധ ഭയവും ഉണ്ടായിരിക്കുന്നതല്ല. അവർ ദുഃഖിക്കുന്നവരുമല്ല." (*2:263*)

### കാണിക്കാൻ വേണ്ടിയുള്ള ത്യാഗം

നിസ്വാർത്ഥമായി തന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയും അതിനുശേഷം ചെയ്ത ഔദാര്യം എടുത്തുപറയാതിരിക്കുകയും ആരേയും ബുദ്ധിമുട്ടിക്കാതിരിക്കുകയും തന്റെ സ്വാർത്ഥതാല്പര്യം നേടുന്നതിനു അതിനെ കരുവാക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ഉത്തമമായ പ്രതിഫലം നല്കുമെന്ന് അല്ലാഹു ഈ വചനത്തിൽ സുവാർത്ത അറിയിച്ചിരിക്കുകയാണ്. മറ്റുള്ളവരെ നിങ്ങൾ നോക്കുക. അല്പമെന്തെങ്കിലും നന്മ ചെയ്തുകഴിഞ്ഞാൽ വലിയ ത്യാഗം ചെയ്തുവെന്ന് വരുത്തിത്തീർക്കുംവിധമുള്ള പ്രവർത്തനമാണ് പിന്നീട് കാണിക്കുന്നത്. ഉദാ: പാക്കിസ്ഥാനിലും ഇന്ത്യയിലും വേനൽക്കാലമാണ്. ഇക്കാലത്ത് തണുത്തവെള്ളം കുടിപ്പിക്കാനുള്ള ഏർപ്പാട് ചെയ്യുകയും പിന്നീടതിൽ ഊറ്റം കൊള്ളുകയും ചെയ്യുന്നു. അല്ലെങ്കിൽ പള്ളിനിർമ്മാണത്തിന്നായി അഞ്ചോപത്തോ രൂപ നല്കുന്നു. അത് ലൗഡ്സ്പീക്കറിലൂടെ ഇന്നയാൾ ഇത്രരൂപ സംഭാവന നല്കിയിരിക്കുന്നുവെന്ന് വിളംബരം ചെയ്യുന്നു. പാക്കിസ്ഥാനിലെ ഗ്രാമങ്ങളിൽ ഇത് സർവ്വസാധാരണമായിട്ടുണ്ട്. ദൈവമാർഗ്ഗത്തിൽ എന്നുപറഞ്ഞ് എന്തെങ്കിലും കൊടുക്കുന്ന മുസ്ലിംകളുടെ അവസ്ഥയാണിത്. അധികമാളുകൾക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണമെന്ന ചിന്തയേയില്ല. ദീനിനുവേണ്ടി ചെലവഴിക്കണമെന്ന ബോധമുള്ള അത്തരമാളുകളിൽ സമ്പന്നരായിട്ടുള്ള ചിലരാണ് മദ്രസകളുടെ തലപ്പത്തിരിക്കുന്നത്. അവിടെനിന്നാണ് മനുഷ്യത്വത്തിന്നെതിരിൽ വിദ്വേഷത്തിന്റെ വിത്ത് വിതയ്ക്കുന്നത്. സ്വന്തം താല്പര്യമനുസരിച്ച് ചെലവഴിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ എന്തെങ്കിലും അഭിപ്രായഭിന്നതയുണ്ടായാൽ പിന്നീട് ആ സഹായമെല്ലാം നിർത്തിക്കളയുന്നു. അവർ ചെയ്യുന്ന ഈ ചെലവ് യഥാർത്ഥത്തിൽ അല്ലാഹുവിന് വേണ്ടിയുള്ളതല്ല. അത് തങ്ങളുടെ സ്വാർത്ഥലാഭത്തിനോ നന്മ ചെയ്യുന്നുവെന്ന് പ്രകടിപ്പിക്കാനോ ആണ്. സദുദ്ദേശ്യമല്ലെങ്കിൽ അതിനുണ്ടാകുന്ന ഫലവും ശുദ്ധമായിരിക്കുകയില്ല എന്നത് വ്യക്തമാണ്. ഇക്കൂട്ടർ നന്മകൾ പരത്തുന്നതിന് പകരം സ്വാർത്ഥതാല്പര്യത്തിന്നായി ശ്രമിക്കുന്ന കാരണത്താൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവരുമായി തീരുന്നു. പ്രത്യേകിച്ച് അഹ്മദികളെ അല്ലാഹുവിന്റെ നാമത്തിൽ ബുദ്ധിമുട്ടിക്കുന്നത് കൂടുതൽ അനുഗ്രഹത്തിന് കാരണമായിട്ടാണ് അവർ മനസ്സിലാക്കുന്നത്. എന്നാൽ, ഇതിന്നുനേരെ വിപരീതമായുള്ള ചിത്രമാണ് അഹ്മദികളുടെ സാമ്പത്തികത്യാഗത്തിൽ കാണുന്നത്. അതായത്, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ സാമ്പത്തികത്യാഗത്തിൽ കാണുന്നത്. അവർ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടാണ് ത്യാഗം ചെയ്യുന്നത്. ഏതെങ്കിലും വ്യക്തിക്കോ ജമാഅത്തിനോ ഔദാര്യം ചെയ്യുന്നു എന്ന രീതിയിലല്ല അത്. ആരേയും പീഡിപ്പിക്കുന്നതിനും വേണ്ടിയല്ല. അല്ലാഹുവിന്റെ സന്ദേശം ലോകത്ത് പരത്തുന്നതിൽ തങ്ങളും ഭാഗഭാക്കാകണമെന്ന ഒരേയൊരു നിയ്യത്ത് അഥവാ ഉദ്ദേശ്യമാണതിന്റെ പിന്നിൽ. കഷ്ടതകളനുഭവിക്കുന്ന മനുഷ്യർക്ക് തങ്ങളും എന്തെങ്കിലും കൊടുക്കുന്നവരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരുമായി തീരണമെന്ന ഉദ്ദേശ്യത്തോടെയാണ് അവരത് ചെയ്യുന്നത്. സ്വന്തം വയർ വെട്ടിച്ചുരുക്കി സാമ്പത്തികത്യാഗം വരിക്കുന്നവരും അക്കൂട്ടത്തിലുണ്ട്. വൻതോതിൽ സാമ്പത്തികത്യാഗം ചെയ്യുന്നവരും അവരിലുണ്ട്. കൃത്യമായി നല്കുന്ന ചന്ദയ്ക്കു പുറമെ കോടിക്കണക്കിന് രൂപ അവർ ത്യാഗം ചെയ്യുന്നു. അത് ആരും അറിയാതിരിക്കാൻ അവർ ശ്രദ്ധിക്കാറുമുണ്ട്. ഇക്കൂട്ടരാണ് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തങ്ങളുടെ റബ്ബിൽ പ്രതിഫലം പ്രാപിക്കുന്നവർ. ഈ ത്യാഗം കാരണത്താൽ അല്ലാഹു ഇവരെ തന്റെ കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും ചാദുറിൽ ഈ ലോകത്തും പൊതിയുന്നതാണ്. ഇവരുടെ ദുഃഖങ്ങളെ സന്തോഷങ്ങളാക്കി മാറ്റുന്നതാണ്. അവരുടെ ഭയത്തെ തന്റെ അനുഗ്രഹം കൊണ്ട് അല്ലാഹു അകറ്റുന്നു. അവരുടെ മക്കളെ അവരുടെ കണ്ണുകൾക്ക് കുളിർമ്മയാക്കിത്തീർക്കുന്നു. വരുംജീവിതത്തിൽ അല്ലാഹു അവർക്ക് നല്കുന്ന അനുഗ്രഹങ്ങൾക്ക് ഒരു കണക്കുമില്ല. അല്ലാഹുവിന്റെ ഈ ആളുകൾ ഈ ത്യാഗം ചെയ്യുന്നത് അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവർക്ക് ദൃഢവിശ്വാസമുള്ളതുകൊണ്ടാണ്. നിങ്ങളുടെ പണസഞ്ചിയുടെ വായ

കെട്ടിവയ്ക്കരുതെന്നും അങ്ങനെ ചെയ്താൽ അല്ലാഹു നിങ്ങളുടെ ജീവിതവിഭവം തടഞ്ഞുകളയുമെന്നും നബി(സ) തിരുമേനി പറഞ്ഞ കാര്യം നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടാണ് അവർ ഈ ത്യാഗം ചെയ്യുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എണ്ണിയെണ്ണി കൊടുത്താൽ അല്ലാഹു നിങ്ങൾക്ക് എണ്ണിയെണ്ണിയേ തരികയുള്ളൂ. അവർ, ***വമാ തുൻഫിഖൂ മിൻ ഖയ്‌രിൻ ഫലി അൻഫുസിക്കും വമാ തുൻഫിഖൂന ഇല്ലബ്‌ത്തിഗാഅ വജ്ഹില്ലാ- വമാതുൻഫിഖൂ മിൻ ഖയ്‌രിൻ യ്യുവഫ്ഫ ഇലയ്ക്കും വ അൻതും ലാ തുള്ലമൂൻ-***

ഏതൊരു നല്ല മുതൽ നിങ്ങൾ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്ക് തന്നെയായിരിക്കും. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. ഏതൊരു നല്ല ധനം നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയാണ്. നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല.(*2:273*) എന്ന് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞതിൽ ദൃഢവിശ്വാസമുള്ള കൂട്ടരാണ്.

### അല്ലാഹുവിന്റെ വാഗ്ദാനം

നിങ്ങൾ ഭയപ്പെടേണ്ട, എന്തൊന്ന് നിങ്ങൾ ചെലവഴിക്കുന്നുവോ അത് നിങ്ങൾക്ക് തിരിച്ചുനൽകപ്പെടുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഒരുതരത്തിലുള്ള അതിക്രമവും ചെയ്യുകയില്ല. അല്ലാഹു ദയാലുവാണ്. മനുഷ്യന് ചിന്തിക്കാൻപോലും പറ്റാത്തതരത്തിൽ അവൻ പതിന്മടങ്ങാക്കിയാണ് തിരിച്ചുകൊടുക്കുന്നത്. അവന്റെ ഖജനാവ് അപരിമിതമാണ്. അപരിമിതമായ ഖജനാവിന്റെ ഉടമസ്ഥനായ അല്ലാഹു അളവ് പറയുന്നത് മനുഷ്യന് അതിനെക്കുറിച്ച് ഒരേകദേശരൂപം കിട്ടുന്നതിനുവേണ്ടിയാണ്. എന്നാൽ ആ അളവ് അന്തിമമായിരിക്കുകയില്ല. അവൻ സ്വയംതന്നെ പറയുന്നു.

مَثَلُ الَّذِينَ يُنفِقُونَ أَمْوَالَهُمْ فِي سَبِيلِ اللَّهِ كَمَثَلِ
حَبَّةٍ أَنبَتَتْ سَبْعَ سَنَابِلَ فِي كُلِّ سُنبُلَةٍ مِّائَةُ
حَبَّةٍ ۗ وَاللَّهُ يُضَاعِفُ لِمَن يَشَاءُ ۗ وَاللَّهُ وَاسِعٌ عَلِيمٌ

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേത് പോലെയാകുന്നു. അത് ഏഴ് കതിരുകളെ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണിവീതമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഇതിനേക്കാൾ ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു. (2:262)

അതായത്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അളവ് എന്നൊന്നില്ല. അവൻ കണക്കില്ലാതെ ജീവിതവിഭവം നല്കുന്നതാണ്. കണക്കില്ലാത്തത് എന്ന് പറഞ്ഞതിൽനിന്ന് പത്തോ ഇരുപതോ മുപ്പതോ അല്ലെങ്കിൽ നൂറിരട്ടി വർദ്ധനവേ ഉണ്ടാകൂ എന്ന് മനസ്സിലാക്കരുത്. അങ്ങനെയല്ല. വർദ്ധിപ്പിക്കുന്നതിന്റെ കണക്ക് എഴുന്നൂറിരട്ടിമുതലാണ് തുടങ്ങുന്നതുതന്നെ. ഇതുമാത്രമല്ല ഓരോരുത്തരുടേയും തഖ്‌വയുടേയും ഖുർബാനിയുടേയും, ദൈവഭക്തിയുടേയും ത്യാഗത്തിന്റേയും അടിസ്ഥാനത്തിൽ ഇതിനേക്കാൾ കൂടുതൽ അവൻ വർദ്ധിപ്പിച്ചേക്കാം. അവൻ ഇഷ്ടപ്പെടുന്നവർക്ക് ഇതിനേക്കാൾ കൂടുതൽ നൽകാൻ കഴിവുള്ളവനാണ്. എത്രത്തോളം അവനിലുള്ള ഈമാൻ വർദ്ധിക്കുന്നുവോ അത്രത്തോളം അവന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായിത്തീരുന്നതാണ്. അവൻ നിങ്ങളുടെ നിയ്യത്തുകൾ അറിയുന്നവനാണ്. നിങ്ങൾക്ക് എത്രത്തോളം ത്യാഗങ്ങൾ ചെയ്യാൻ കഴിവുണ്ടെന്നുള്ളതും അവനറിയാം. അതുകൊണ്ട് അഹ്മദീ ഈ നിയ്യത്തിന്റെ അടിസ്ഥാനത്തിൽ ത്യാഗങ്ങൾ വരിക്കുമ്പോൾ അവർ അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരുന്നു. ഓരോ അഹ്മദിയുടേയും ത്യാഗമനോഭാവം ഈ നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഓരോ അഹ്മദിയും ത്യാഗത്തിന്റെ ഉന്നതമായ നില നാട്ടുന്നവരായിത്തീരുമാറാകട്ടെ. ഓരോരുത്തരുടേയും കഴിവുകൾ വിഭിന്നങ്ങളാണ്. പക്ഷേ, അവരവരുടെ വൃത്തത്തിൽനിന്നുകൊണ്ട് ഓരോ അഹ്മദിയുടേയും ആഗ്രഹം സാമ്പത്തികത്യാഗം ചെയ്യുന്നവരായിത്തീരണം എന്നതായിരിക്കണം. ഖുർബാനി അഥവാ ത്യാഗം എന്ന പദം ആവശ്യപ്പെടുന്നതുതന്നെ, സ്വയം ബുദ്ധിമുട്ടിൽ അകപ്പെടുത്തുകയും സ്വന്തം ആവശ്യങ്ങളെ പിൻപുറം തള്ളുകയും സ്വന്തം ആഗ്രഹങ്ങളെ അമർത്തിവയ്ക്കുകയും സ്വന്തം ജീവനും സ്വന്തം ധനവും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി, ജമാഅത്തിന്റെ ആവശ്യപൂർത്തീകരണത്തിന്നായി സമർപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ ത്യാഗവികാരത്തോടെ ആരാണോ തന്റെ ധനം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുകയും ഉത്തരവാദിത്വം നിറവേറ്റുകയും ചെയ്യുന്നത് അവർ തീർച്ചയായും അല്ലാഹുവിൽനിന്ന് പ്രതിഫലം പറ്റുന്നവരാണ്. നബി(സ) തിരുമേനി ഉന്നതനിലയിലുള്ള സദഖയേക്കുറിച്ചും സാമ്പത്തികത്യാഗത്തെ കുറിച്ചും ഒരു ഹദീസിൽ ഇങ്ങനെ പറയുന്നു.

### ഏറ്റവും വലിയ സദഖ

നിവേദനത്തിൽ പറയുന്നു: ഒരാൾ നബി(സ)യുടെ അടുക്കൽവന്ന്, അല്ലാഹുവിന്റെ റസൂലേ, പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ സദഖ ഏതാണെന്ന് ചോദിച്ചു. അവിടന്ന് പറഞ്ഞു: "അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഏറ്റവും വലിയ സദഖ നീ ആരോഗ്യവാനായിരിക്കയും പണത്തിന്ന് ആവശ്യക്കാരനായിരിക്കയും അതിനുവേണ്ടി അത്യാശ ഉണ്ടാവുകയും ദാരിദ്ര്യത്തെ ഭയപ്പെടുകയും ഐശ്വര്യാവസ്ഥ ആഗ്രഹിക്കുകയും ചെയ്യുന്ന അവസരത്തിൽ ദാനധർമ്മങ്ങളിൽ താമസം വരുത്താതിരിക്കുക എന്നതാണ്. ജീവൻ തൊണ്ടക്കുഴിയിൽ വന്നെത്തുമ്പോൾ, ഇന്നയാൾക്ക് ഇത്ര കൊടുക്കുക, ഇന്നയാൾക്ക് ഇത്ര കൊടുക്കുക എന്ന് പറയേണ്ടുന്ന ഒരവസ്ഥ നിനക്കുണ്ടാവരുത്. വാസ്തവത്തിൽ അപ്പോൾ ആ പണം നിന്റേതല്ല. അത് മറ്റാരുടേതെങ്കിലും ആയിട്ടുണ്ടാകും. മറ്റൊരു നിവേദനത്തിൽ അവിടന്ന് പറഞ്ഞു: "അദിയ്യുബ്നു ഹാത്തിം(റ) നിവേദനം ചെയ്യുന്നു: "നബി(സ) പറയുന്നതായി ഞാൻ കേട്ടു. ഒരു കാരക്കയുടെ കീറ് ധർമ്മം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ

സൂക്ഷിക്കുക.

സദഖയും സാമ്പത്തികത്യാഗവും ചെയ്ത് നാം നമ്മളെ അടുത്തലോകത്തെ നരകാഗ്നിയിൽനിന്ന് സുരക്ഷിതരാക്കിത്തീർക്കുമ്പോൾ ദുനിയാവിനോടുള്ള അത്യാഗ്രഹത്തിൽനിന്നും അത്യാർത്തിയിൽനിന്നും ഭൗതികനേട്ടങ്ങളിൽ ഒരാൾ മറ്റൊരാളേക്കാൾ മുൻകടക്കാനുള്ള തത്രപ്പാടിൽനിന്നും നമ്മെ സുരക്ഷിതരാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ അഗ്നിയിൽനിന്ന് രക്ഷപ്പെടുന്ന കാഴ്ചകൾ ഈ ലോകത്തുതന്നെ നാം കാണുന്നതാണ്. കാരണം, അസൂയയുടെ അഗ്നിയും വളരെ കടുപ്പമേറിയതാണ്. ഈ രംഗത്ത് അനുഭവമുള്ള നിരവധി അഹ്മദികളുണ്ട്. സാമ്പത്തികമായ ത്യാഗത്തിനുശേഷം ലഭിക്കുന്ന സമാധാനത്തിന് ഉദാഹരണം എടുത്തുപറയാൻ മറ്റൊന്നില്ലെന്ന് അവർക്കറിയാം. അതിനോട് കിടപിടിക്കാനും ഒന്നുംതന്നെയില്ല. നബി(സ) യുടെ ഈ കല്പന പാലിക്കാൻ ഓരോ അഹ്മദിക്കും അല്ലാഹു ഭാഗ്യം നല്കുമാറാകട്ടെ. അതായത് പിശുക്കിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക, പിശുക്കാണ് കഴിഞ്ഞുകടന്ന സമുദായത്തെ നശിപ്പിച്ചത്. നശിപ്പിക്കപ്പെട്ടവരിൽ പെടാതിരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ സന്തോഷം പ്രാപിക്കുന്നവരായിത്തീരുമാറാകട്ടെ. അവന്റെ അതിരറ്റ അനുഗ്രഹങ്ങൾക്കും പാരിതോഷികങ്ങൾക്കും അവകാശികളായിത്തീരുമാറാകട്ടെ.

ഹസ്റത്ത് ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: രണ്ടാളുടെ കാര്യത്തിലല്ലാതെ അസൂയക്ക് അവകാശമില്ല. ഒന്ന്, അല്ലാഹു ഒരാൾക്ക് കുറേ ധനം നല്കുകയും അത് സത്യമാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്തവൻ. രണ്ട്, അല്ലാഹു ഒരാൾക്ക് ബുദ്ധിയും അറിവും നല്കുകയും അതനുസരിച്ച് വിധിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ.

ഈ നിർദ്ദേശം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ഈ അസൂയ കാരണത്താൽ സാമ്പത്തികത്യാഗത്തിലും അറിവ് പകരുന്നതിലും മുൻകടക്കുന്നവരായിത്തീരട്ടെ. ത്യാഗങ്ങളിൽ മുന്നോട്ടുകുതിക്കാൻ തുടങ്ങുമ്പോൾ, നന്മയിൽ മുന്നോട്ടുകുതിക്കുക എന്ന കല്പനക്ക് വിധേയരായി ഓരോ വ്യക്തിയും അവരവരുടെ കഴിവിന്നനുസരിച്ച് ഈ പാരമ്യതയിലെത്താൻ ശ്രമിക്കുന്നതാണ്. അങ്ങനെ മനോഹരമായൊരു സമൂഹം പടുത്തുയർത്തപ്പെടുന്നതാണ്.

### സാമ്പത്തികവർഷം അവസാനിക്കുന്നു

ജമാഅത്തിന്റെ സാമ്പത്തികവർഷം അവസാനിക്കുന്ന മാസമാണിതെന്ന് നിങ്ങൾക്ക് ഓരോരുത്തർക്കും അറിയാം. ചന്ദയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജമാഅത്തിന്റെ ഉദ്യോഗസ്ഥർ വളരെ വിഷമിക്കുന്ന മാസമാണിത്. ഇനിയൊരു മാസമേയുള്ളൂ. വസൂലി വേണ്ടപോലെ ആയിട്ടില്ല. ഇതൊക്കെ ഓർത്താണ് അവർ വിഷമിക്കുന്നത്. എന്നാൽ, എനിക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു വേവലാതിയുമില്ല. ഞാൻ പൂർണ്ണസംതൃപ്തനാണ്. ഇൻശാഅല്ലാഹ്, അവൻ എപ്പോഴുമെന്നപോലെ, അഥവാ എന്തെങ്കിലും ഇപ്പോൾ കുറവുണ്ടെങ്കിൽത്തന്നെ അത് പൂർത്തിയാക്കുക തന്നെ ചെയ്യും. പക്ഷെ, ഉപദേശിക്കാനും ശ്രദ്ധയിൽപെടുത്താനും അല്ലാഹു കല്പിച്ചിരിക്കുന്നു. അതുകൊണ്ട് ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ഞാൻ ക്ഷണിക്കുകയാണ്. ചന്ദ അടക്കുന്നതിൽ എന്തെങ്കിലും കുറവ് ആർക്കെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവർ പരിശ്രമിച്ച് അതടച്ചുതീർക്കുക. അവസാന സമയത്ത് ചന്ദ അടക്കുന്ന ഒരു പ്രവണത ദീർഘകാലമായി ജമാഅത്തിൽ നിലനിന്നുവരുന്നുണ്ട്. ലാസ്മി അഥവാ നിർബ്ബന്ധചന്ദ ഓരോ മാസവും നിങ്ങൾ അടക്കേണ്ടതാണ്. ചന്ദ അടക്കുക എന്നത് പിന്നീട് ഭാരമാവാതിരിക്കാൻ ഇത് സഹായിക്കും. ഇതുമുഖേന കൃത്യമായി ചന്ദ അടക്കുന്നതിനുള്ള പ്രതിഫലത്തിനും നിങ്ങൾ അർഹരായിത്തീരും. മാസംതോറുമുള്ള ചന്ദ അടക്കുന്നതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആകയാൽ ഇസ്‌ലാമിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന ജനങ്ങളേ! നോക്കൂ, ഞാൻ ഈ സന്ദേശം നിങ്ങൾക്ക് എത്തിച്ചുതരുന്നു. അല്ലാഹുവിൽനിന്നുള്ള ഈ പരിഷ്കരണപ്രസ്ഥാനത്തെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആദരത്തോടും പൂർണ്ണമായ ആത്മാർത്ഥതയോടുംകൂടി സഹായിക്കേണ്ടത് ആവശ്യമാണ്. അതിന്റെ എല്ലാ വശങ്ങളേയും ബഹുമാനദൃഷ്ടികളോടെ നോക്കിക്കൊണ്ട് വളരെ വേഗം അർഹമായ സേവനം അനുഷ്ഠിക്കേണ്ടതാകുന്നു. അതിന്റെ നിലയ്ക്കൊത്ത് മാസംതോറും നല്കാനാഗ്രഹിക്കുന്നവർ, അത് നിർബന്ധകടമയും ബാദ്ധ്യതയുമായി കരുതിയിട്ട് മാസംതോറും നിഷ്കർഷയോടെ അടക്കുകയും ഈ കടമയെ അല്ലാഹുവിൽനിന്നുള്ള കാണിക്ക എന്ന് നിശ്ചയിച്ചുകൊണ്ട് അത് പൂർത്തിയാക്കുന്നതിൽ അമാന്തമോ ആലസ്യമോ കാണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ആരെങ്കിലും ഒറ്റത്തവണയായി സഹായം നല്കാനാഗ്രഹിക്കുന്നെങ്കിൽ അവർ അപ്രകാരവും ചെയ്യട്ടെ. എന്നാൽ, ഇത് നിലച്ചുപോകാതെ തുടർന്നുപോകണമെന്ന പ്രത്യാശയിൽ ഊന്നിക്കൊണ്ടുള്ളതാവണം അടിസ്ഥാനപരമായ ലക്ഷ്യം. ദീനിന്റെ യഥാർത്ഥ ക്ഷേമകാംക്ഷികൾ തങ്ങളുടെ മുതലും കഴിവും അനുസരിച്ച് അപ്രകാരമുള്ള എളിയ തുകകൾ മാസംതോറും അടക്കുന്നതിന് സ്വയം ദൃഢനിശ്ചയമെടുക്കുകയും യാദൃശ്ചികമായുണ്ടാകുന്ന തടസ്സങ്ങളൊന്നുമില്ലെങ്കിൽ അനായാസം അടച്ചുതീർക്കുകയും ചെയ്യുക എന്നതാണ് ആ വ്യവസ്ഥിതി. (അതായത്, നിർബന്ധിതാവസ്ഥ ഉണ്ടായാലൊഴികെ, പൊതുവെ ചെയ്യാൻ കഴിയുന്നത് മാസംതോറും ചെയ്യുക) ആർക്ക് അല്ലാഹു കഴിവും ഹൃദയവിശാലതയും പ്രദാനം ചെയ്തിട്ടുണ്ടോ അവർക്ക് ഈ മാസാന്തവരിപ്പണത്തിനു പുറമെ കരുത്തും കഴിവും പോലെ ഒറ്റത്തവണയായും സഹായം ചെയ്യാവുന്നതാണ്. അല്ലയോ, എന്റെ ഉറ്റവരേ, എന്റെ പ്രിയപ്പെട്ടവരേ, എന്റെ ജീവിതവൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ബൈഅത്ത് പരമ്പരയിൽ പ്രവേശിച്ചിട്ടുള്ളവരേ, തങ്ങളുടെ ജീവിതവും സുഖസന്തോഷങ്ങളും തങ്ങളുടെ മുതലും ഈ മാർഗ്ഗത്തിൽ ബലിയാക്കിയിട്ടുള്ളവരേ, ഞാൻ എന്തുപറഞ്ഞാലും അത് സ്വീകരിക്കുന്നത് നിങ്ങൾ ഭാഗ്യമായി കരുതുമെന്നും നിങ്ങൾക്ക് കഴിവുള്ളിടത്തോളം നിങ്ങൾ ഒഴിഞ്ഞുമാറുകയില്ലെന്നും എനിക്ക് അറി

യാമെങ്കിലും ഈ സേവനത്തിനുവേണ്ടി ഖണ്ഡിതമായി എന്റെ നാവുകൊണ്ട് നിങ്ങളുടെമേൽ എന്തെങ്കിലും കടമ അടിച്ചേൽപ്പിക്കാൻ എനിക്ക് സാദ്ധ്യമല്ല. നിങ്ങളുടെ സേവനങ്ങൾ എന്റെ വാക്കുകളുടെ നിർബന്ധത്താലല്ലാതെ നിങ്ങളുടെ സ്വന്തം ഇഷ്ടമനുസരിച്ചുള്ളതായിരിക്കാൻ വേണ്ടിത്തന്നെ."

അതുകൊണ്ട് ഓരോ അഹ്മദിയും സാമ്പത്തികത്യാഗം മുടങ്ങാതെ ചെയ്തുകൊണ്ടിരിക്കാൻ ശ്രമിക്കേണ്ടതാണ്; അതിനോടൊപ്പം ആത്മാവിന്റെ ശുദ്ധീകരണം നടക്കുന്നതിനുവേണ്ടി.

### മുത്തഖിയുടെ അടയാളം

രണ്ടാം ഖിലാഫത്തിന്റെ ആരംഭത്തിലാണ് ചന്ദയുടെ തോത് പതിനാറിലൊന്ന് എന്ന കണക്കിന് നിശ്ചയിക്കപ്പെട്ടത്. അതനുസരിച്ച് ഓരോ അഹ്മദിയും ചന്ദ കൊടുക്കേണ്ടതാണ്. അഹ്മദികൾ ചന്ദ കൊടുക്കുന്നുമുണ്ട്. എന്നാൽ നിലവിലുള്ള സാമ്പത്തികസ്ഥിതി ഇതടക്കാൻ അനുവദിക്കുന്നില്ലെങ്കിൽ മസീഹ് മൗഊദ്(അ) ന്റെ അനുവാദമനുസരിച്ച് ഇളവ് ലഭിക്കുന്നതാണ്. പക്ഷെ, ഓരോരുത്തരുടേയും കഴിവ് എന്താണെന്ന് അല്ലാഹു നന്നായി അറിയുന്നവനാണെന്ന ചിന്ത എപ്പോഴും ഓരോ അഹ്മദിക്കും ഉണ്ടായിരിക്കണം. തഖ്‌വയിലൂടെ പദമൂന്നിക്കൊണ്ട് ചന്ദ കുറക്കേണ്ടതാണെന്ന് ആർക്കെങ്കിലും തോന്നിയാൽ അവർക്ക് കുറക്കാവുന്നതാണ്. എന്നാൽ, ഇതിന് ജമാഅത്തിന്റേതായ രീതിയുണ്ട്. പൂർണ്ണമായ നിലയിൽ തോതനുസരിച്ച് ചന്ദ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണെന്ന് പറഞ്ഞ് ഖലീഫയിൽനിന്ന് അനുവാദം വാങ്ങുക എന്നതാണത്. പക്ഷെ, തങ്ങളെ പൂർണ്ണമായും സാമ്പത്തികത്യാഗത്തിൽനിന്ന് ഒഴിവാക്കാൻ പാടില്ല. അല്ലാഹുതആല വിശുദ്ധഖുർആനിൽ നിരവധി സ്ഥലത്ത് ഇക്കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ആരംഭ അദ്ധ്യായമായ സൂറഃ ബഖറയിൽതന്നെ മുത്തഖികളുടെ അടയാളമായി പറഞ്ഞത് അവർ നമസ്കരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരുമായിരിക്കുമെന്നാണ്.

### ആറ് മാസം കർഷകർക്കാണ്

നിങ്ങൾ ഖിലാഫത്തിന്റെ കെട്ടുറപ്പിനും ജമാഅത്തിന്റെ നിലനില്പിന്നുംവേണ്ടി ദുആ ചെയ്യുമ്പോൾ, തഖ്‌വയിൽ നിലകൊള്ളുന്നതിനുവേണ്ടി ദുആ ചെയ്യുമ്പോൾ ആ ദുആയുടെ അവകാശികളായിത്തീരുന്നതിനുവേണ്ടി അല്ലാഹു കല്പിച്ചിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടതായും വരും. അതുകൊണ്ട് ഓരോ അഹ്മദിയും അതീവചിന്തയോടു കൂടി കുടിശ്ശികകൾ അടച്ചുതീർക്കാൻ ശ്രമിക്കുക. ആറു മാസംവരെ കുടിശ്ശികയാവാം എന്ന നിബന്ധന എല്ലാവർക്കുമല്ല. ഇത് കൃഷിക്കാർക്കുവേണ്ടിയുള്ളതാണ്. കൃഷിക്കാർ വിളവെടുക്കുന്നത് ആറുമാസത്തിലാണ്. അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും തൊഴിലെടുക്കുന്നവർക്കുള്ളതാണ്. ഉദ്യോഗസ്ഥന്മാർക്കും കച്ചവടക്കാർക്കും മാസവരുമാനമാണുള്ളത്. അവരെന്തായാലും ഓർമ്മയോടുകൂടി മാസന്തോറും ചന്ദ കൊടുക്കേണ്ടതാണ്. ഈ ചിന്തയോടുകൂടി ചന്ദ കൊടുക്കുന്നവർ ജമാഅത്തിൽ ആയിരക്കണക്കിനുണ്ട്. അവർ അല്ലാഹുവിന്റെ അതിരില്ലാത്ത അനുഗ്രഹങ്ങളുടെ കാഴ്ചകൾ കാണുന്നവരുമാണ്.

### ദൈവികാനുഗ്രഹം ഇങ്ങനെ

ഒരു ഹദീസിൽ വന്നിട്ടുണ്ട്. ഒരു കൃഷിക്കാരനെ അല്ലാഹു അനുഗ്രഹിച്ചുകൊണ്ടിരുന്നു. അയാൾക്ക് വെള്ളത്തിന്റെ ആവശ്യം വരുമ്പോൾ കാർമേഘത്തോട് അല്ലാഹു കല്പിക്കും ഇന്ന കൃഷിക്കാരന്റെ സ്ഥലത്തുപോയി പെയ്യുക എന്ന്. ആ കൃഷിക്കാരന്റെ സവിശേഷത ഇതുതന്നെയായിരുന്നു. അയാൾ തന്റെ വരുമാനത്തിൽനിന്ന് ഒരുഭാഗം അല്ലാഹുവിന്റെ വഴിയിൽ കൊടുക്കുന്നതിനായി മാറ്റിവെക്കുമായിരുന്നു. കഴിഞ്ഞുകടന്ന ആളുകളോട് ഇങ്ങനെ അല്ലാഹു പെരുമാറിയിരുന്നുവെന്നും എന്നാൽ ഇപ്പോഴത് സംഭാവ്യമല്ലെന്നും പറയുന്നതിനുവേണ്ടിയാണോ ഇത്തരം സംഭവങ്ങൾ വിവരിച്ചിട്ടുള്ളത്. അങ്ങനെയല്ല. ഇന്നും ആ ജീവനുള്ള അല്ലാഹു അത്തരം സംഭവങ്ങൾ നിരവധി അഹ്മദികൾക്ക് കാണിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ചെയ്യപ്പെടുന്ന ത്യാഗങ്ങളെ അല്ലാഹു ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നവനാണ്. അവൻ കണക്കറ്റ ശക്തിപ്രഭാവങ്ങളുടെ ഉടമസ്ഥനാണ്. അവൻ കൊടുക്കുകയാണെങ്കിൽ മനുഷ്യന് സങ്കല്പിക്കാൻ കഴിയാത്തത്ര രീതിയിൽ കൊടുക്കുന്നു; പക്ഷെ, തഖ്‌വയും സദുദ്ദേശ്യവും ഉണ്ടായിരിക്കണമെന്ന് മാത്രം.

### മർയം ശാദീഫണ്ട്

ഇതിനോടൊപ്പം മറ്റുചില ആഹ്വാനങ്ങളെക്കുറിച്ചും ഞാൻ പറയാനാഗ്രഹിക്കുന്നു. അവയിലൊന്ന് മർയംശാദി ഫണ്ടാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അവസാനമായി പ്രഖ്യാപിച്ച പദ്ധതിയായിരുന്നു ഇത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ അനുഗൃഹീതപദ്ധതിയായി അത് തെളിഞ്ഞുകഴിഞ്ഞു. നിരവധി പെൺകുട്ടികളുടെ വിവാഹം ഈ ഫണ്ട് മുഖേന നടത്തിക്കഴിഞ്ഞു. നടത്തിവരികയും ചെയ്യുന്നു. ജമാഅത്ത് അംഗങ്ങൾ അവരുടെ കഴിവിനനുസരിച്ച് ഇതിൽ പങ്കെടുക്കുന്നു. പക്ഷെ, ആരംഭത്തിലുണ്ടായിരുന്ന ശ്രദ്ധ ഇപ്പോൾ ഇതിലുണ്ടാകുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ദരിദ്രരായ ആളുകൾ അവരുടെ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ എത്ര ബുദ്ധിമുട്ടുന്നുവെന്ന് സമ്പന്നന്മാർക്ക് അറിയുകയില്ല. ഒന്നാമതായി, ഞാൻ വരന്റെ ആളുകളോട് പറയാനാഗ്രഹിക്കുകയാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങൾക്കും പെൺകുട്ടികൾ ഉണ്ടായിരിക്കും. അനാവശ്യമായി ഡിമാന്റുകൾ വെക്കാതിരിക്കുക. തഖ്‌വയിൽ പദമൂന്നുക. നിങ്ങൾ ആൺമക്കളുടെ വിവാഹമാണ് നടത്തുന്നത്. അല്ലെങ്കിൽ ആൺമക്കൾ തങ്ങളുടെ വിവാഹമാണ് നടത്തുന്നത്. ഇത്ര സ്ത്രീധനം വേണം, ഇത്ര ആഭരണം വേണം, ഇത്ര മൂലധനം വേണം, ഇത്ര ഇന്നയിന്ന വസ്തുക്കൾ വേണം എന്നാൽ വിവാഹം കഴിക്കാം എന്നു പറയാൻ ഇത് കച്ചവടമൊന്നുമല്ല. വിവാഹമാണ്. ഇതെല്ലാം ജനങ്ങളെ കാണിക്കുന്നതിനുവേണ്ടിയുള്ള വസ്തുക്കളാണ്. ഇത് ഒരഹ്മദിക്ക് ചേർന്നത

*(പേജ് 32-ൽ............)*

പഴയ ഏടു
കളിൽനിന്ന്

വി. അബ്ദുൽ ഖയ്യൂം

# ഭാഗ്യവാനായ സൽമാനുൽ ഫാരിസി

**ഹാ! എന്തൊരു ഭാഗ്യസമ്പൂർണ്ണമായ പദവിയാണ് സൽമാന് നബിതിരുമേനിയിൽനിന്ന് ലഭിച്ചത്! ആ ഭാഗ്യസിദ്ധിയിൽ ആർതന്നെ അദ്ദേഹത്തോട് അസൂയപ്പെടുകയില്ല.**

നബിതിരുമേനിയുടെ സഹാബാക്കളിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് പേർഷ്യക്കാരനായ ഹസ്റത്ത് സൽമാനു സിദ്ധിച്ചിരുന്നത്. എന്നാൽ, ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന് നബിതിരുമേനിയിൽ നിന്ന് ലഭിച്ച ബഹുമതി പ്രത്യേകം അസൂയാവഹമാണ്. അത്തരം രണ്ട് സംഗതികളാണ് ഞാൻ താഴെ വിവരിക്കാനുദ്ദേശിക്കുന്നത്.

ഹിജ്റ 5-ാം കൊല്ലമാണ്. ഇസ്ലാമിനേയും അതിന്റെ പ്രവാചകനായ മുഹമ്മദ്(സ.അ) തിരുമേനിയേയും ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യാനായി ശത്രുക്കൾ അനേകം സായുധപരിശ്രമങ്ങൾ നടത്തിക്കഴിഞ്ഞു. പക്ഷെ, അവരുടെ ആ പരിശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഒടുവിൽ എല്ലാ അറബിഗോത്രങ്ങളെയും സംഘടിപ്പിച്ചു മദീനയുടെ നേർക്ക് ഒരു സംയുക്താക്രമണം നടത്താൻ ശത്രുക്കൾ ഒരുങ്ങി.

അറബിലും നജ്ദിലുമുള്ള മിക്കവാറും എല്ലാ ഗോത്രക്കാരും അതിൽ പങ്കുകൊണ്ടിരുന്നു. ശത്രുസൈന്യത്തിന്റെ സംഖ്യ പതിനായിരം മുതൽ പതിനഞ്ചായിരംവരെയായിരുന്നു. ചില റിപ്പോർട്ടുകൾ പ്രകാരം 24,000 ആണെന്നും കാണുന്നുണ്ട്. ഏറ്റവും കുറഞ്ഞ പതിനായിരം ആണെങ്കിൽതന്നെ അക്കാലത്തെ സ്ഥിതിക്ക് അത് ഏറ്റവും വമ്പിച്ചൊരു സൈന്യമാണ്. അതിന്നുമുമ്പ് അറബികളുടെ യുദ്ധത്തിൽ അത്രയും വലിയൊരു സൈന്യം ഒരിക്കലും പങ്കെടുത്തുകാണുകയില്ല.

ഇത്ര വമ്പിച്ചൊരു പടയൊരുക്കം മറച്ചുവെക്കുക ശത്രുക്കൾക്കു സാദ്ധ്യമായിരുന്നില്ല. നബിതിരുമേനിയുടെ ചാരസംഘടനയാണെങ്കിൽ തുലോം വിപുലവുമായിരുന്നു. അതിനാൽ ഖുറൈശികളുടെ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടപ്പോൾതന്നെ നബിതിരുമേനിക്ക് അതിനെപ്പറ്റി വിവരം ലഭിച്ചു. തിരുമേനി സഹാബാക്കളെ ഒരുമിച്ചുകൂട്ടി കൂടിയാലോചന ചെയ്തു. അവരിൽ ഹസ്റത്ത് സൽമാനുൽ ഫാരിസിയുമുണ്ടായിരുന്നു. അദ്ദേഹം പേർഷ്യൻ യുദ്ധതന്ത്രങ്ങൾ അറിയുന്ന ഒരാളായിരുന്നു. മദീനയുടെ അരക്ഷിതമായ ഭാഗത്തിന്റെ മുമ്പിൽ നീളവും ആഴവുമേറിയ കിടങ്ങ് കുഴിച്ച് അതിനെ സുരക്ഷിതമാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. കിടങ്ങ് കുഴിച്ച് യുദ്ധംചെയ്യുന്ന സമ്പ്രദായം അറബികൾക്ക് പുത്തരിയായിരുന്നു. ഈ സമ്പ്രദായം പേർഷ്യയിൽ വിജയകരമായി നടപ്പുള്ളതാണെന്നറിഞ്ഞപ്പോൾ നബിതിരുമേനി അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിച്ചു.

മദീനയുടെ 3 ഭാഗങ്ങൾ ഒരുവിധം സുരക്ഷിതമായിരുന്നു. കെട്ടിടങ്ങളുടെ തുടർച്ചയായ മതിലുകൾ, വൃക്ഷങ്ങളുടേയും കുന്നുകളുടേയും പംക്തികൾ എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്നതുകൊണ്ട് ആ ഭാഗങ്ങളിൽകൂടി പെട്ടെന്ന് ആക്രമിക്കുക ശത്രുക്കൾക്ക് സാദ്ധ്യമായിരുന്നില്ല. കൂട്ടമായി ആക്രമിക്കാവുന്നത് ശാമിന്റെ ഭാഗമായിരുന്നു. ആ ഭാഗത്ത് കിടങ്ങു കുഴിക്കാൻ നബിതിരുമേനി കല്പന നൽകി. തന്റെ നേരിട്ടുള്ള നേതൃത്വത്തിൽതന്നെ യഥാസ്ഥലങ്ങളിൽ കുറ്റി അടിച്ച് പതിപ്പത്തു മുഴം പതിപ്പത്തു സഹാബികൾക്കായി ഭാഗിച്ചുകൊടുക്കുകയും ചെയ്തു.

ഈ പാർട്ടികളുടെ വിഭജനത്തിൽ സന്തോഷകരമായൊരു അഭിപ്രായവ്യത്യാസമുണ്ടായി. ഹസ്റത്ത് സൽമാനുൽ ഫാരിസിയെ തങ്ങൾക്കും തങ്ങൾക്കും കിട്ടണമെന്ന് അൻസാറുകളും മുഹാജിറുകളും ആഗ്രഹിച്ചു. അദ്ദേഹം വിദേശിയായതുകൊണ്ട് ഒരു മുഹാജിറും ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പുതന്നെ മദീനയിൽ താമസമുറപ്പിച്ചതുകൊണ്ട് ഒരു അൻസാരിയുമായിരുന്നു. അദ്ദേഹം ഈ പ്രസ്ഥാനത്തിന്റെ നിർദ്ദേശകനും പ്രായംചെന്ന ഒരു മഹാനും ആയതിനോടുകൂടിത്തന്നെ നല്ല ശേഷിയുള്ള ഒരാളുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിനെ താന്താങ്ങളുടെ ഭാഗത്ത് കിട്ടണമെന്ന് രണ്ടുകൂട്ടരും ആഗ്രഹിച്ചതു സ്വാഭാവികം മാത്രമാണ്.

ഒടുവിൽ ഈ അഭിപ്രായവ്യത്യാസം നബിതിരുമേനിയുടെ മുമ്പാകെ സമർപ്പിക്കപ്പെട്ടു. തിരുമേനി രണ്ട് കൂട്ടരുടേയും വാദങ്ങൾ കേട്ടശേഷം പുഞ്ചിരിതൂകിക്കൊണ്ട് തിരുവായ് മൊഴിഞ്ഞു: "***സൽമാനുൻമ്മിന്നാ അഹ്ലുൽബയ്ത്തി***" (സൽമാൻ രണ്ടു കൂട്ടരിലുംപെട്ട ആളല്ല. നേരെമറിച്ച് നമ്മിൽനിന്നുള്ളവനും നമ്മുടെ അഹ്ലുബൈത്തിൽപെട്ടവനുമാകുന്നു.) ഹാ! എന്തൊരു ഭാഗ്യസമ്പൂർണ്ണമായ പദവിയാണ് അദ്ദേഹത്തിന് നബിതിരുമേനിയിൽനിന്ന് ലഭിച്ചത്! ആ ഭാഗ്യസിദ്ധിയിൽ ആർതന്നെ അദ്ദേഹത്തോട് അസൂയപ്പെടുകയില്ല.

അദ്ദേഹത്തിനുണ്ടായ മറ്റൊരു ഭാഗ്യസിദ്ധി ഇതിനേക്കാൾ ശ്രേഷ്ഠമാണ്. അത് തിരുമേനിയുടെ പുനരാഗമനം സംബന്ധിച്ച ഒരു പ്രവചനവുമായി ബന്ധപ്പെട്ടതാകുന്നു. നബിതിരുമേനി സഹാബാക്കളോട് ഒന്നിച്ച് ഇരിക്കുകയായിരുന്നപ്പോളാണ് സൂറഃ ജുമുഅയിലെ "***ബഅ്സ ഫിൽ ഉമ്മിയ്യീന റസൂലൻ***" എന്നു തുടങ്ങി "***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബി ഹിം***" എന്ന് അവസാനിക്കുന്ന ഖുർആൻ വചനങ്ങൾ വെളിപ്പെട്ടത്. നബിതിരുമേനിയുടെ രണ്ട് ആഗമനങ്ങളെയാണാവചനം സൂചിപ്പിക്കുന്നത്. അതായത്, എപ്രകാരം അക്ഷരജ്ഞാനവിഹീനരായ അറബികളിൽ, അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും വിജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നതിന്നായി അവരിൽനിന്നുതന്നെയുള്ള ഒരു റസൂലിനെ എഴുന്നേല്പിച്ചുവോ അതുപോലെത്തന്നെ അവരോട് ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള വേറൊരു കൂട്ടരിലും അദ്ദേഹത്തെ എഴുന്നേല്പിക്കുമെന്നു സാരം.

അക്ഷരജ്ഞാനവിഹീനരായ അറബികൾ ആരാണെന്നും അവർക്കിടയിൽ എഴുന്നേല്പിക്കപ്പെട്ട റസൂൽ ആരാണെന്നും സഹാബികൾക്ക് അറിയാമായിരുന്നു. പക്ഷെ, അവരോട് ചേർന്നിട്ടില്ലാത്ത ഒടുവിലത്തെ ഒരുകൂട്ടർ ആരാണെന്നും അവരിൽ എഴുന്നേല്പിക്കപ്പെടുന്ന റസൂൽ ആരാണെന്നും അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് സദസ്സിൽ സന്നിഹിതനായിരുന്ന ഹസ്റത്ത് അബൂഹുറയ്റ(റ) ചോദിച്ചു: "***മൻഹും യാ റസൂലല്ലാഹ്***!" (അവർ ആരാണ് അല്ലാഹുവിന്റെ റസൂലേ?) മൂന്നു പ്രാവശ്യം അദ്ദേഹം ഈ ചോദ്യം ആവർത്തിച്ചു. ഒടുവിൽ നബിതിരുമേനി, അടുത്തിരിക്കുകയായിരുന്ന ഹസ്റത്ത് സൽമാനുൽ ഫാരിസിയുടെമേൽ കൈവെച്ചുകൊണ്ട് ഇങ്ങനെ ഉത്തരമരുളി: "***ലൗ കാനൽഈമാനു ഇൻദസ്സുറയ്യാ ലനാലഹൂ രിജാലുൻ അവ് റജുലുൻ മിൻ ഹാഉലായി***" സത്യവിശ്വാസം സൂറയ്യാ നക്ഷത്രത്തിലേക്ക് ഉയർന്നുപോകുമ്പോൾ അതിനെ തിരികെക്കൊണ്ടുവരുന്നതിന് നമുക്ക് ഇദ്ദേഹത്തിൽനിന്നുള്ള ആളുകളോ ആളോ ഉണ്ടായിരിക്കും. (*ബുഖാരി*).

നബിതിരുമേനിക്ക് അവസാനകാലത്ത് വീണ്ടും ഒരവതാരമുണ്ടായിരിക്കുമെന്ന് അല്ലാഹു വിശുദ്ധ ഖുർആൻ മുഖാന്തരം പ്രവചിക്കുക, നബിതിരുമേനിയുടെ ആ പുനരാഗമനം തന്റെ വർഗ്ഗക്കാരിൽപ്പെട്ട ഒരു വ്യക്തിയുടെയോ ഏതാനും വ്യക്തികളുടേയോ ആവിർഭാവത്താൽ പൂർത്തിയാകുമെന്ന് നിബിതിരുമേനി അദ്ദേഹത്തിന്റെ തൃക്കൈ തന്റെമേൽ വെച്ചുകൊണ്ട് പറയുക, ഹസ്റത്ത് സൽമാനുൽ ഫാരിസിയുടെ സൗഭാഗ്യപൂർണ്ണതയ്ക്ക് ഇതിലധികമായി മറ്റെന്തുവേണം?

ഈ പ്രവചനം പ്രത്യക്ഷരം നിറവേറിയതായി ഇന്ന് നമുക്ക് കാണ്മാൻ സാധിച്ചിരിക്കുന്നു. സത്യവിശ്വാസം വിദൂരമായ സൂറയ്യാ നക്ഷത്രത്തിലേക്ക് പോയത് നാം കണ്ടു. മൗലാനാ ഹാലിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ '***റഹാ ദീന് ബാക്കി ന ഇസ്ലാം ബാക്കി- ഇക് ഇസ്ലാം കാ റഹ്ഗയാ നാമ് ബാക്കി***' (ദീനും ബാക്കിയില്ല. ഇസ്ലാമും ബാക്കിയില്ല; എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് ഇസ്ലാമിന്റെ പേർ മാത്രമാണ്) എന്ന അവസ്ഥ നമുക്ക് നേരിട്ടു. അതേസമയത്ത് ഹസ്റത്ത് സൽമാന്റെ പേർഷ്യൻവർഗ്ഗത്തിൽനിന്നുള്ള ഹസ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി നബിതിരുമേനിയുടെ പ്രതിപുരുഷനും മസീഹ് മൗഊദും മഹ്ദി മഅ്ഊദുമായി എഴുന്നേല്പിക്കപ്പെടുകയും ചെയ്തു. സുറയ്യാ നക്ഷത്രത്തിലായിരുന്ന സത്യവിശ്വാസത്തെ അദ്ദേഹം മടക്കിക്കൊണ്ടുവരികയും ജനഹൃദയങ്ങളിൽ അത് സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ പരിപൂർത്തിക്കായി അദ്ദേഹത്തിന്റെ മകൻ ഹസ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഇന്ന് അദ്ദേഹത്തിന്റെ രണ്ടാം ഖലീഫയായി സ്ഥാനാരോഹണം ചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെ പ്രവചനത്തിലെ ***രിജാലുൻ അവ് റജുലുൻ മിൻ ഹാഉലാഇ*** എന്ന ഭാഗവും സവിശേഷം നിറവേറിയിരിക്കുന്നു.

മഹാഭാഗ്യവാനായ സൽമാൻ! അങ്ങയുടെ സൗഭാഗ്യത്തിൽ ലോകം എന്നും അസൂയപ്പെടുകതന്നെ ചെയ്യും. (*സത്യദൂതൻ, നവംബർ, 1951*)

●

ലേഖനം

മഹ്മൂദ്, കൽക്കുളം

# ദൈവസംപ്രാപ്തിക്ക് തടസ്സം ഭൗതികാസക്തി

**ഐ**ഹികജീവിതം, ക്ഷണികവും നശ്വരവുമാണെന്ന ബോധമാണ് മനുഷ്യനെ പാപമുക്തിയിലേക്ക് നയിക്കുന്ന ശക്തമായ ഘടകം. അഥവാ പരലോക വിശ്വാസം, ഐഹികജീവിതത്തെ അടുക്കും ചിട്ടയുമുള്ളതാക്കുന്നതിനും സത്യത്തോടും ധർമ്മത്തോടും പ്രതിബദ്ധത പുലർത്തുന്നതിനും മനുഷ്യന് പ്രചോദനം നൽകുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഒരു നബിവചനം ഇപ്രകാരമാണ്. "മനുഷ്യൻ വാർദ്ധക്യം പ്രാപിച്ച് ദുർബ്ബലനാകും. എന്നാൽ അപ്പോഴും അവനിൽ രണ്ട് ആഗ്രഹങ്ങൾ അവശേഷിക്കുന്നതാണ്. സമ്പത്തിനോടുള്ള ആർത്തിയും ദീർഘായുസ്സിനുള്ള ആർത്തിയുമാണവ." (*ബുഖാരി*) മുതലിനും ദീർഘായുസ്സിനുമുള്ള ഒടുങ്ങാത്തത്വര, പാരത്രികജീവിതത്തെ വിസ്മരിച്ചുകൊണ്ടുള്ള കാലയാപനത്തിന്റെ അനിവാര്യഫലമാകുന്നു. തന്റെ ഉദ്ദിഷ്ടലക്ഷ്യം ലൗകികതയിൽ പരിമിതപ്പെടുത്തുന്ന മനുഷ്യൻ സ്വാഭാവികമായും തിന്മകളുടെ വലയത്തിലകപ്പെടുന്നു. ഇഹലോകജീവിതത്തിൽ മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളായിരിക്കും ശാശ്വതമായ പാരത്രികലോകത്ത് അവന്റെ ഭാഗ്യനിർഭാഗ്യങ്ങൾക്ക് നിമിത്തമാക്കപ്പെടുന്നത്. ഭൗതികലോകം നശ്വരമാണെന്നുണർത്തിക്കൊണ്ട്, അതിൽ പൂണ്ടുപോകാതിരിക്കാൻ വിശുദ്ധഖുർആൻ നിരന്തരം ജാഗ്രതപ്പെടുത്തുന്നുണ്ട്. "നിങ്ങൾ ഐഹികജീവിതത്തിന് മുൻഗണന നൽകുന്നു. വാസ്തവത്തിൽ പരലോകജീവിതമാണ് ഏറ്റവും ഉത്തമവും ശാശ്വതവുമായിട്ടുള്ളത്." (*87:18,19*) "ഐഹികജീവിതം കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് തീർച്ചയായും പാരത്രികഭവനമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്." (*6:33*) "പാരത്രികജീവിതത്തിന് പകരം നിങ്ങൾ ഐഹികജീവിതം ഇഷ്ടപ്പെടുകയാണോ? എന്നാൽ ഐഹികജീവിതനേട്ടം പരലോകജീവിതത്തെ അപേക്ഷിച്ച് എത്രയും നിസ്സാരമാണ്." (*9:38*) "സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രികഭവനം ഏറ്റവും ഗുണകരമാണ്." (*12:110*) തീർച്ചയായും ഭൂതലത്തിലുള്ളതൊക്കെയും നാം അതിന് ഒരലങ്കാരമാക്കിവെച്ചിരിക്കുന്നു; മനുഷ്യരിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിനുവേണ്ടി." (*18:8*) ഇക്കൂട്ടർ ക്ഷണികമായ ഐഹികജീവിതത്തെ സ്നേഹിക്കുകയും ഭാരിച്ച ഒരു നാളിനെ അവരുടെ പിന്നിൽ അവഗണിച്ച് തള്ളിവിടുകയും ചെയ്യുന്നു." (*76:28*)

**മുതലിനും ദീർഘായുസ്സിനുമുള്ള ഒടുങ്ങാത്തത്വര, പാരത്രികജീവിതത്തെ വിസ്മരിച്ചുകൊണ്ടുള്ള കാലയാപനത്തിന്റെ അനിവാര്യഫലമാകുന്നു. തന്റെ ഉദ്ദിഷ്ടലക്ഷ്യം ലൗകികതയിൽ പരിമിതപ്പെടുത്തുന്ന മനുഷ്യൻ സ്വാഭാവികമായും തിന്മകളുടെ വലയത്തിലകപ്പെടുന്നു.**

പരലോകനിഷേധം മനുഷ്യനെ അഹങ്കാരപ്രമത്തനും സ്വേച്ഛാപൂജകനുമാക്കിത്തീർക്കുന്നു. "പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവരുടെ ഹൃദയങ്ങൾ നിഷേധിക്കുന്നവയാണ്. അവർ അഹങ്കാരികളുമത്രെ." (16:23) "പരലോകജീവിതത്തിൽ വിശ്വസിക്കാത്തവർ, നാമവർക്ക് അവരുടെ ചെയ്തികളെ അലംകൃതമായി കാണിച്ചുകൊടുത്തിരിക്കുന്നു. അതിനാൽ അവർ അന്ധതയോടെ വിഹരിക്കുന്നു." (*27:5*) തിന്മകളിലേക്ക് വഴിയൊരുക്കുന്ന ഭൗതികകാര്യങ്ങളെ പറ്റി ജാഗരൂകരാക്കുന്നുമുണ്ട് വിശുദ്ധഖുർആൻ. "മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റേയും വെള്ളിയുടേയും സൂക്ഷിച്ചുവയ്ക്കപ്പെട്ട കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഐഹികജീവിതത്തിന്റെ സുഖോപകരണങ്ങൾ മാത്രമാണ്. അല്ലാഹുവിന്റെ അടുക്കലാണ് ഏറ്റവും നല്ല സങ്കേതം സ്ഥിതിചെയ്യുന്നത്. പറയുക, ഇവയെക്കാൾ ഉത്തമമായത് ഞാൻ

നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ. സൂക്ഷ്മതപാലി ക്കുന്നവർക്ക് അവരുടെ നാഥന്റെയടുക്കൽ താഴോ രത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ ഉണ്ട്. അതിൽ അവർ നിത്യവാസികളായിരിക്കും. പരിശു ദ്ധരായ ഇണകളും അല്ലാഹുവിൽനിന്നുള്ള തൃപ്തിയും അവർക്കുണ്ട്. അല്ലാഹു തന്റെ ദാസ ന്മാരുടെ സ്ഥിതിഗതികൾ നല്ലപോലെ കണ്ടുകൊ ണ്ടിരിക്കുന്നവനാണ്." (*3:15,16*) സത്യവിശ്വാസികളെ വിശുദ്ധഖുർആൻ ഇപ്രകാരം ഉണർത്തുന്നു: "വിശ്വ സിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കു ക. നാളേക്ക് താനൊരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാ മാണെന്ന് ഓരോ ആത്മാവും ചിന്തിച്ചുനോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ച യായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്ന തിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാ കുന്നു." (*59:19*) "വിശ്വസിച്ചവരേ, നിങ്ങളുടെ സമ്പ ത്തോ, സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണ യിൽനിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്ക ട്ടെ. വല്ലവരും അങ്ങനെ ചെയ്യുന്നതായാൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്." (*63:10*) ചുരുക്കത്തിൽ ഭൗതികലോകം ക്ഷണഭംഗുരമാണെന്ന സജീവചി ന്തയാണ് മനുഷ്യജീവിതത്തിന് ദിശാബോധവും വ്യക്തമായ കാഴ്ചപ്പാടുമുണ്ടാക്കിത്തീർക്കുന്നത്.

### ഇസ്‌ലാം ദൈവത്തിലേക്കുള്ള രാജവീഥി

മനുഷ്യന്റെ പരമമായ സൃഷ്ടിയുദ്ദേശ്യം അന്വർത്ഥമാക്കുന്നതിനുള്ള മാർഗ്ഗമാകുന്നു ഇസ്‌ലാം. ഖുർആനികാദ്ധ്യാപനങ്ങളുടെ സമ്പൂർണ്ണ പ്രയോഗവൽക്കരണം ദൈവസായൂജ്യം യാഥാർത്ഥ്യമാക്കുന്നു. ദൈവേഷ്ടത്തിന് തടസ്സമാ യിനിൽക്കുന്നതെന്തും സസന്തോഷം പരിത്യജി ക്കാൻ സന്നദ്ധമാണെന്ന വിളംബരമാണ് 'ഇസ്‌ലാം' എന്ന പദത്തിലുൾക്കൊണ്ടിരിക്കുന്നത്. ഇതുസം ബന്ധിച്ച് വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഇപ്രകാരം വിവരിക്കുന്നു: "ഒരു വ്യക്തി തന്റെ ആത്മാവിനെ അതിന്റെ സകല കഴിവുകളോടും അഭിലാഷങ്ങളോ ടും, ആഗ്രഹങ്ങളോടുംകൂടി ദൈവത്തിന് കീഴ്പ്പെടു ത്തുകയും തന്റെ 'താനാണെന്ന' ബോധത്തെ തകർത്തുകൊണ്ട് അതിനോടൊപ്പമുള്ള സർവ്വതും ദൈവീകമാർഗ്ഗത്തിൽ ബലിയർപ്പിക്കുകയും ചെയ്യാത്ത കാലത്തോളം അയാളെ അതിന്റെ ശരി യായ അർത്ഥത്തിൽ 'ഇസ്‌ലാംമതസമുദായംഗം' എന്ന് വിശേഷിപ്പിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് ഒരാളുടെ ആലസ്യത്തിലാണ്ട ജീവിതം സമൂലമാ യൊരു വിപ്ലവത്തിന് വിധേയമാക്കുകയും അയാ ളുടെ പാപപങ്കിലമായ വ്യക്തിത്വത്തിന്റേയും അതി നോടൊപ്പമുള്ള മനോഭാവങ്ങളുടേയും അടയാളം പോലും ബാക്കിയാക്കാതിരിക്കുകയും അങ്ങനെ ആ മരണത്തിനുശേഷം തന്റെ സ്രഷ്ടാവിനോടുള്ള അനുസരണവും മനുഷ്യരാശിയോടുള്ള സഹാനു ഭൂതിയും നിറഞ്ഞുനിൽക്കുന്ന അങ്ങേയറ്റം വിശു ദ്ധവും പരിപാവനവുമായ ഒരു പുതിയ ജീവിതം ഉയർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ മാത്രമെ അയാൾ ഒരു യഥാർത്ഥ മുസ്‌ലിമായിത്തീ രുകയുള്ളൂ." (*ആയിനയെകമാലാത്തെ ഇസ്‌ലാം*)

### ധനവും ജീവനും സമർപ്പണം ചെയ്തവർ

ഭൗതികതയെ പ്രണയിച്ചവർ ധനത്തിനും സ്വന്തം ജീവനും അമിതമായി പ്രാമുഖ്യം നൽകുന്നു. അവ രണ്ടും ദൈവമാർഗ്ഗത്തിൽ സമർപ്പണം ചെയ്യുന്ന തിൽ പുറംതിരിഞ്ഞുനിൽക്കുകയും ചെയ്യുന്നു. എന്നാൽ ഇഷ്ടവസ്തുക്കളെ ബലിയർപ്പിക്കുവാൻ സന്നദ്ധമാകുമ്പോഴായിരിക്കും ഉൽകൃഷ്ടലക്ഷ്യത്തി ലേക്കുള്ള രാജമാർഗ്ഗം തുറക്കപ്പെടുന്നത്. ഇക്കാ രണത്താലാണ് ധനത്തിന്റേയും ജീവന്റേയും ത്യാഗ ത്തെപ്പറ്റി വിശുദ്ധഖുർആൻ ഊന്നിപ്പറഞ്ഞിട്ടുള്ള ത്. "വിശ്വാസികളിൽനിന്ന്, അവർക്ക് സ്വർഗ്ഗമുണ്ട് എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്ക് വാങ്ങിയിരിക്കുന്നു." (*9:111*) "വിശ്വ സിച്ചവരേ! വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവ് നൽകട്ടയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കു കയും ദൈവമാർഗ്ഗത്തിൽ നിങ്ങളുടെ ധനം കൊണ്ടും നിങ്ങളുടെ ജീവൻകൊണ്ടും സമരം ചെയ്യുകയും ചെയ്യുകയെന്നതാണത്. നിങ്ങളറിയു ന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്." (*61:11,12*) ഈ അണ്ഡകടാഹങ്ങളുടെ മുഴുവനും സ്രഷ്ടാവായ ദൈവത്തോടുള്ള സ്നേഹം ഭക്തദാസരുടെ ഹൃദ യങ്ങളിൽ മികച്ചുനിൽക്കുമെന്നതിനാൽ ദൈവ പ്രീതി നിലനിർത്തുന്നതിന് ജീവൻ പോലും ത്യജി ക്കാൻ അവർ സസന്തോഷം തയ്യാറാകുന്നു. ഇങ്ങ നെയുള്ള ഭക്തദാസരെക്കുറിച്ച് വിശുദ്ധഖുർആൻ പറയുകയാണ്: "വിശ്വാസികളേ, ദൈവം സത്യവി ശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തേയും നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കുകയും അവി ശ്വാസത്തേയും അധർമ്മത്തേയും പാപത്തേയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യംവരുത്തുകയും ചെയ്തിരി ക്കുന്നു. ഇപ്രകാരം ദൈവസഹായം ലഭിച്ചിരിക്കു ന്നവരത്രെ നേർവഴി അനുഗമിക്കുന്നവർ. ഇതെല്ലാം ദൈവത്തിന്റെ അനുഗ്രഹത്തിൽ നിന്നും കരുണ യിൽനിന്നുമാകുന്നു. ദൈവം ഏറ്റവും അറിയുന്ന വനും അഗാധജ്ഞനുമത്രെ." (*48:8,9*)

**ദൈവദാസരുടെ അടയാളങ്ങൾ**

സമ്പത്തിനും ദീഘർകാലം ജീവിക്കുന്നതിനുമുള്ള ആഗ്രഹങ്ങൾ അന്യോന്യം ബന്ധപ്പെട്ടു നിൽക്കുന്നു. അഥവാ ഭൗതികതയോടുള്ള ആസക്തിതന്നെയാണ് മരണസ്മരണ നിലനിറുത്തുന്നതിന് മനുഷ്യന് തടസ്സമായി നിൽക്കുന്നത്. മേല്പറഞ്ഞ ആർത്തികൾ സത്യനിഷേധികളുടേതും സൃഷ്ടിപൂജകരുടേതുമാണെന്ന് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നു. ഇതുസംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ്: "പറയുക! മറ്റു മനുഷ്യർക്കില്ലാതെ അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങൾക്കുമാത്രമാണ് പരലോകവിജയമെങ്കിൽ നിങ്ങൾ മരണത്തെ ആഗ്രഹിക്കുക. നിങ്ങൾ സത്യവാദികളാണെങ്കിൽ! എന്നാൽ അവരുടെ കൈകൾ നേരത്തെ ചെയ്തുവെച്ച പാപകൃത്യങ്ങൾ നിമിത്തം അവർ അതിനായി ഒരിക്കലും ആഗ്രഹിക്കുകയില്ല. അല്ലാഹു അധാർമ്മികരെ സംബന്ധിച്ച് നല്ലവണ്ണം അറിയുന്നവനത്രെ. ജനങ്ങളിൽവെച്ച് ഏറ്റവുമധികം ജീവിക്കുവാൻ ആസക്തിയുള്ളവരായി അവരേയും ബഹുദൈവവിശ്വാസികളിൽ ചിലരേയും നിനക്ക് കാണാം. ആയിരംവർഷം ജീവിച്ചാൽ കൊള്ളാമെന്ന് അവരിൽ ഓരോരുത്തനും ആഗ്രഹിക്കുന്നു. എന്നാൽ, അവന് ദീർഘായുസ്സ് ലഭിക്കുകയെന്നത് അവനെ ശിക്ഷയിൽ നിന്ന് ഒരുവിധത്തിലും ഒഴിവാക്കുന്നതല്ല. അവർ പ്രവർത്തിക്കുന്നത് അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു." (*2:95-97*) ഈ വചനങ്ങളിൽ ദൈവസാമീപ്യം സിദ്ധിച്ചവരെന്ന് അവകാശപ്പെടുന്ന ജൂതരോട് വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നത്, അങ്ങനെയെങ്കിൽ നിങ്ങൾ മരണത്തിന് സന്നദ്ധരാകുവിൻ എന്നാണ്. ദൈവമാർഗ്ഗത്തിൽ പ്രയാസപൂരിതമായ ത്യാഗങ്ങൾക്കൊന്നും തയ്യാറല്ലാത്തവർ, അവന്റെ പ്രീതരാണെന്ന വാദമുന്നയിക്കുന്നതിൽ കഴമ്പില്ല. ദൈവപ്രീതരാണെന്ന വാദവും ത്യാഗഘട്ടങ്ങളിലുള്ള ഒളിച്ചോട്ടവും തമ്മിൽ പൊരുത്തപ്പെടുന്നതുമല്ല. എന്നാൽ, ദൈവപ്രീതി സംപ്രാപ്തരായവരാകട്ടെ, തങ്ങളുടെ ജീവൻതന്നെയും ഈ മാർഗ്ഗത്തിൽ ബലിയർപ്പിക്കേണ്ടിവന്നാലും അതിൽ പരിഭ്രമിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നതല്ല. പ്രവാചകന്മാരുടേയും അനുചരവൃന്ദത്തിന്റേയും ജീവിതചരിത്രങ്ങൾ ഈ സത്യത്തെ അടിവരയിട്ടു കാട്ടുന്നുണ്ട്. പ്രവാചകന്മാരുടെ സത്യതയ്ക്കുള്ള പ്രബലമായ ഒരു സാക്ഷ്യം കൂടിയാണിത്. ദൈവത്തിന്റെ വ്യക്തവും പ്രകാശമാനവുമായ ദിവ്യവെളിപാടുകൾ ലഭിച്ച മഹാത്മാവാണ് ഇക്കാലത്ത് അവതീർണ്ണരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). താൻ ദൈവനിയുക്തനാണെന്നതിൽ അദ്ദേഹത്തിന് അണുകിട സന്ദേഹമുണ്ടായിരുന്നില്ല. തന്റെ ഓരോ നിമിഷവും ദൈവമാർഗ്ഗത്തിൽ അദ്ദേഹം ചെലവഴിച്ചു. ഇതിനായി ദുരിതങ്ങളും പീഢനങ്ങളും സസന്തോഷം ഏറ്റുവാങ്ങി. സ്വന്തം ജീവനെക്കുറിച്ച് അദ്ദേഹം ഉൽകണ്ഠപ്പെട്ടതേയില്ല. കഠോരശിക്ഷയിറക്കി തന്റെ അസ്തിത്വംതന്നെ നാമാവശേഷമാക്കുവാനും അങ്ങനെ ശത്രുക്കൾ സന്തോഷിക്കുമാറാകുവാനുംവേണ്ടി ദൈവികസവിധത്തിൽ അദ്ദേഹം ചെയ്ത പ്രാർത്ഥനകൾ ആ മഹാത്മാവിന്റെ അങ്ങേയറ്റത്തെ നിഷ്കളങ്കതയെയാണ് വിളംബരം ചെയ്യുന്നത്. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു.''സർവ്വശക്തനും ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവും കരുണാമയനും മാർഗ്ഗദർശകനും കൃപാലുവും എന്റെ യജമാനനുമായ അല്ലാഹുവേ, നീ ഹൃദയങ്ങളെയെല്ലാം കാണുന്നു. ഒരു വസ്തുവും നിന്നിൽ നിന്ന് മറഞ്ഞതായിട്ടില്ല. ദ്രോഹിയും ദുസ്വഭാവിയുമായിട്ടാണ് എന്നെ നീ കാണുന്നതെങ്കിൽ എന്നെ നശിപ്പിച്ചാലും. എന്റെ അവസ്ഥകണ്ട് ശത്രുക്കൾക്ക് സന്തോഷിക്കാനുള്ള അവസരം നൽകിയാലും. അവരുടെ ഉൾക്കാമ്പുകളിൽ കാരുണ്യത്തിന്റെ മഴ വർഷിച്ചാലും. അവരുടെ ആഗ്രഹങ്ങളെല്ലാം പൂർത്തിയാക്കി കൊടുത്താലും. എന്നിൽ നിന്റെ കോപാഗ്നി ഇറക്കിയാലും. മുഖ്യശത്രുവായി നീ തന്നെയായിക്കൊണ്ട് എന്റെ എല്ലാ പ്രവർത്തനങ്ങളേയും തകർത്താലും. എന്നാൽ, നിന്റെ സവിധത്തെ ഞാനെന്റെ ലക്ഷ്യസ്ഥാനമാക്കിയിരിക്കുന്നതായി നീ കാണുന്നുവെങ്കിൽ, ജനദൃഷ്ടിയിൽനിന്ന് നീ മറച്ചുവെച്ചിരിക്കുന്ന എന്റെ അകക്കാമ്പിലുള്ള സ്നേഹം നീ കാണുന്നുവെങ്കിൽ എന്റെ യജമാനനായ നാഥാ! നീ എന്നോട് സ്നേഹത്തോടെ പെരുമാറിയാലും." ഇങ്ങനെ പ്രാർത്ഥിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്. തന്റെ എതിരാളികളോട് ഇപ്രകാരം ആഹ്വാനം ചെയ്യുകയുമുണ്ടായി: "അല്ലയോ ജനങ്ങളേ, എന്നെന്നും എന്നോട് കൂറുപുലർത്തുന്ന ഒരുവനാണ് എന്നോടൊപ്പമുള്ളതെന്ന് തീർച്ച

**ദൈവപ്രീതരാണെന്ന വാദവും ത്യാഗഘട്ടങ്ങളിലുള്ള ഒളിച്ചോട്ടവും തമ്മിൽ പൊരുത്തപ്പെടുന്നതുമല്ല. എന്നാൽ, ദൈവപ്രീതി സംപ്രാപ്തരായവരാകട്ടെ, തങ്ങളുടെ ജീവൻതന്നെയും ഈ മാർഗ്ഗത്തിൽ ബലിയർപ്പിക്കേണ്ടിവന്നാലും അതിൽ പരിഭ്രമിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നതല്ല.**

*(പേജ് 34-ൽ..........)*

മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

ലേഖനം

# നബിതിരുമേനിയുടേയും ഇമാം മഹ്ദിയുടേയും സ്ഥാനം

**ഖാ**ത്തമുന്നബിയ്യീൻ എന്ന ഖുർആനികപദം വ്യക്തിപരവും, സംഘടിതവുമായ അനേകം സംവാദങ്ങൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. ഹസ്റത്ത് അഹ്മദ്(അ) ന്റെ മഹ്ദീ മസീഹ് വാദത്തോടേയാണ് ഇതിന് കൂടുതൽ പ്രചാരം സിദ്ധിച്ചത്. മുഹമ്മദ് നബി(സ) അവസാനത്തെ പ്രവാചകനാണെന്നും അദ്ദേഹത്തിനു ശേഷം ഒരു തരത്തിലുള്ള പ്രവാചകനും വരികയില്ലെന്നുമുള്ള അർത്ഥസാരത്തെ പ്രകടിപ്പിക്കുന്നതിനു വേണ്ടിയാണ് മുസ്ലീം പണ്ഡിതന്മാർ ഈ വാക്കുപയോഗിക്കുന്നത്. ഇതിലൂടെ നബി(സ)യുടെ പ്രവാചക പദവിയെ സംരക്ഷിക്കുകയെന്ന 'മഹത്തായ കർമ്മപദ്ധതി' പ്രാവർത്തികമാക്കുന്നുവെന്ന് അവർ ധരിക്കുന്നു! എന്നാൽ, പ്രസ്തുത പദത്തിന് ഇത്തരം ഒരു അർത്ഥം നൽകാമോ എന്നതാണ് ചിന്തനീയ വിഷയം. കാരണം പ്രവാചക പരിസമാപ്തി എന്ന വിഷയം ഇന്നോ ഇന്നലേയോ ഉടലെടുത്തതോ, ഒരു നവീന ആശയമോ അല്ല. അതിന് പ്രവാചകാവതാരത്തോളം കാലപ്പഴക്കം ഉണ്ട്. വളരെയധികം പൗരാണികത അവകാശപ്പെടുന്ന വൈദീക മതത്തിന്റെയും, ജൂതക്രൈസ്തവ മതങ്ങളുടെയും അനുയായികൾ വിശ്വസിച്ചുപോരുന്നത്, തങ്ങളുടെ പ്രവാചകന്മാർക്ക്ശേഷം ഇനിയൊരു പ്രവാചകനും വരികയില്ലെന്നും, അവരോടുകൂടി ദൈവീകഭാഷണം നിലച്ചുപോയെന്നുമാണ്. ഇങ്ങനെ പൂർവ്വീകരിൽ നിന്ന് കടമെടുത്ത ഒരു ആശയമാണ് നിർഭാഗ്യവശാൽ ഇന്ന് മുസ്ലീംകൾ വച്ചു പുലർത്തുന്നത്. മുഹമ്മദ് നബി(സ)യ്ക്ക് ശേഷം പ്രവാചകത്വം നിലച്ചുപോയെങ്കിൽ, നിലച്ചുപോയ ഒന്നിനെ എന്തിന് സംരക്ഷിക്കണം. അന്ത്യപ്രവാചകവാദം ഇസ്ലാമിന്റെ ആശയമല്ല. അതിന് ഖുർആന്റെയും ഹദീസുകളുടെയും പിൻബലവുമില്ല. ഏതെങ്കിലും ചില പദങ്ങളിൽ കടിച്ചു തൂങ്ങി സ്വന്തമായ അനുമാനങ്ങളിലൂടെയും, നിഗമനങ്ങളിലൂടെയും ഒരു ആശയത്തെ വാർത്തെടുത്തതുകൊണ്ട് അത് ഇസ്ലാമികവിശ്വാസമാവുകയുമില്ല.

**പ്രവാചക പരിസമാപ്തി എന്ന വിഷയം ഇന്നോ ഇന്നലേയോ ഉടലെടുത്തതോ, ഒരു നവീന ആശയമോ അല്ല. അതിന് പ്രവാചകാവതാരത്തോളം കാലപ്പഴക്കം ഉണ്ട്.**

ഹസ്റത്ത് അഹ്മദ്(അ) ന്റെ കാലം മുതൽ ആരംഭിച്ച ഖാത്തമുന്നബിയ്യീൻ സംവാദപരമ്പര ഇന്നും അവിരാമം തുടരുകയാണ്. സംവാദങ്ങൾ എപ്പോഴും നല്ലതാണ്. പക്ഷെ അത് ആരോഗ്യപരമായിരിക്കണം. പ്രയോജനകരമായിരിക്കണം. വെറും അധരവ്യായാമത്തിൽ ഒതുങ്ങരുത്. ഭൂരിപക്ഷ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി ജയപരാജയങ്ങളെ വിലയിരുത്തുന്നത് സംവാദങ്ങളെ ഗുണപ്രദമാക്കുകയില്ല. മതകാര്യങ്ങളിൽ ഭൂരിപക്ഷാഭിപ്രായങ്ങൾക്ക് ഒരു പ്രസക്തിയുമില്ലെന്ന തിരിച്ചറിവ് ഉണ്ടായാൽ മാത്രമേ സംവാദങ്ങൾ കൊണ്ട് ഫലം ഉണ്ടാവുകയുള്ളു. ഭൗതിക വ്യവഹാരങ്ങളിൽ ലാഭവും നഷ്ടവും സ്വന്തം ബുദ്ധികൊണ്ട് വേർതിരിച്ച് മനസ്സിലാക്കുന്നതുപോലെ മതകാര്യങ്ങൾ ഗ്രഹിക്കാൻ പൊതുജനങ്ങൾ സന്മനസ്സ് കാട്ടിയാൽ ദൈവികഭക്തിയിലും, നീതിയിലും, സത്യത്തിലും ചെയ്യപ്പെടുന്ന സംവാദങ്ങൾക്ക് സൽഫലങ്ങൾ സ്വായത്തമാക്കാൻ കഴിയും. അപ്പോൾ അല്ലാഹുതന്നെ ജനഹൃദയങ്ങളുടെ വാതായനങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യും.

ഏകദൈവ വിശ്വാസത്തിനുശേഷം വിശുദ്ധ ഖുർആൻ ഏറ്റവും കൂടുതൽ ഊന്നിപ്പറഞ്ഞിട്ടുള്ളത് പ്രവാചകാവതാരത്തെ സംബന്ധിച്ചാണ്. പ്രവാചകാവതാരമെന്ന ശ്രംഖല മനുഷ്യോൽപത്തി മുതൽ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്ന ഒരു സംസ്കരണ പ്രവർത്തന പദ്ധതിയാണ്. ജനങ്ങളിൽ അധാർമികത പരക്കുകയും, സ്രഷ്ടാവിൽ നിന്ന് അവർ അകലുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ കരുണ അവരിൽ പതിക്കുകയും അത് പ്രവാചകന്മാരിലൂടെ ജനഹൃദയങ്ങളിൽ വീണ്ടും ശാന്തിയും, സമാധാനവും സംജാതമാക്കി അവരെ സ്രഷ്ടാവിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നു. ഇത് ദൈവത്തിന്റെ ഒരു സനാതനകർമ്മമാണ്. ഉണങ്ങി വരണ്ട ഭൂമിയിൽ മഴ വർഷിക്കുന്നതുപോലെയാണ് അത്. അഥവാ എക്കാലത്തും മനുഷ്യർക്ക് ഗുണപ്രദമായ ഈ പ്രവാചകത്വ സംവിധാനത്തെ

അല്ലാഹു നിർത്തൽ ചെയ്യുമായിരുന്നെങ്കിൽ അതിനെ സംബന്ധിച്ച് സ്പഷ്ടമായ നിലയിൽ ത്തന്നെ വ്യക്തമാക്കുമായിരുന്നു. മറ്റ് പലകാര്യങ്ങളും ഖണ്ഡിതമായനിലയിൽ ഖുർആൻ വ്യക്തമാക്കിയതുപോലെ ഇതും വ്യക്തമാക്കുമായിരുന്നു. എന്നാൽ, ഖുർആനിൽ എവിടേയും അത്തരം ഒരു സൂചനപോലും നൽകിയിട്ടില്ല. മറിച്ച് പ്രവാചകന്മാരെ നിഷേധിച്ച പൂർവ്വികജനതകളുടെ അപജയചരിത്ര സംഭവങ്ങൾ ഗുണപാഠമായി വിവരിച്ചുകൊണ്ട് അത്തരം നിഷേധാത്മക നിലപാടുകളിൽനിന്നും വിട്ടു നിൽക്കണമെന്ന് മുസ്ലിം സമൂഹത്തെ ഉപദേശിക്കുകയാണ് അത് ചെയ്തിട്ടുള്ളത്.

## നബി എന്ന പദത്തിന്റെ വിവക്ഷിതം

നബി എന്ന പദം ***നബഅ*** എന്നതിൽനിന്ന് നിഷ്പന്നമാകുന്നു. ***നബഅ*** എന്ന പദത്തിന്നർത്ഥം വാർത്ത എന്നാകുന്നു. തികച്ചും സത്യസന്ധവും വിജ്ഞാനദായകവും, പ്രയോജനകരവുമായ വാർത്തയാണ് ഇതുകൊണ്ടുള്ള വിവക്ഷിതം. നബിയെന്ന പദത്തിന്, 'ദൈവത്തിൽനിന്ന് സന്ദേശങ്ങൾ എത്തിക്കുന്നവൻ' എന്ന അർത്ഥമാണ് നിഘണ്ടുകർത്താക്കൾ നൽകിയിട്ടുള്ളത്. അതായത്, അല്ലാഹു തന്റെ ഏകത്വത്തെക്കുറിച്ചും, പരോക്ഷ ജ്ഞാനങ്ങളെക്കുറിച്ചും അധികമധികമായി ആർക്കാണോ അറിവ് നൽകുന്നത്, അയാൾ പ്രവാചകൻ, നബിയെന്നസ്ഥാനത്തിന് അർഹനായിത്തീരുന്നു. അല്ലാഹുവിൽനിന്ന് കിട്ടുന്ന പരോക്ഷജ്ഞാനങ്ങളിൽ ആധിക്യം ഉണ്ടാകണം. അത് പ്രവാചകത്വത്തിന് സുപ്രധാനമായ ഒരു നിബന്ധനയാകുന്നു. ഒന്നു രണ്ട് പരോക്ഷ ജ്ഞാനങ്ങളെ കുറിച്ച് അറിവ് നൽകിയതുകൊണ്ട് ഒരാൾ പ്രവാചകനാവുകയില്ല. കാരണം ***ഫഈൽ*** എന്ന വസനിനിൽ ആണ് നബിയെന്ന പദം പ്രയുക്തമായിട്ടുള്ളത്. ***ഫഈൽ*** എന്നതിന്റെ പ്രത്യേകത ആ പദം ആധിക്യത്തെ സൂചിപ്പിക്കുന്നു എന്നുള്ളതാണ്. അസാധാരണ സംഭവങ്ങളിലധിഷ്ഠിതമായ പരോക്ഷജ്ഞാനങ്ങളുടെ ആധിക്യം അല്ലാഹുവിൽ നിന്ന് പ്രകടമാകുന്ന വ്യക്തിയെയാണ് നബിയെന്നു പറയുന്നത്.

**പ്രവാചകന്മാരുടെ പ്രബോധന പരിധികൾക്കും പ്രവാചകത്വസ്ഥാനങ്ങൾക്കും വ്യത്യാസങ്ങൾ കാണാൻ കഴിയുന്നതാണ്. എന്നാൽ, അവരെയെല്ലാം നബി എന്ന ഏകനാമത്തിലാണ് ഖുർആൻ സംബോധനചെയ്തിട്ടുള്ളത്.**

എന്നാൽ, ലോകത്ത് അവതരിച്ച പ്രവാചകന്മാരെ വിലയിരുത്തുമ്പോൾ വിവിധതരത്തിലുള്ള പ്രവാചകന്മാരെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ചിലർ ശരീഅത്ത് വാഹകരായ പ്രവാചകന്മാരാണ്. എന്നാൽ മറ്റുചിലർക്ക് ശരീഅത്ത് നൽകപ്പെട്ടിട്ടില്ല. അവർ ശരീഅത്ത് നൽകപ്പെട്ട പ്രവാചകന്മാരുടെ സേവനത്തിനായി പിൽക്കാലത്ത് അവതരിച്ചവരാണ്. വേറെ ചിലർ പ്രത്യേക ഗോത്രങ്ങൾക്ക് വേണ്ടി അവതരിച്ചവരാണെങ്കിൽ മറ്റു ചിലർ പ്രത്യക നാട്ടുകാർക്ക് വേണ്ടി നിയോഗിതരായവരാണ്. എന്നാൽ, ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ നബി(സ) മുഴുലോകത്തേക്കും വേണ്ടി അവതീർണ്ണരായവരാണ്. ഇങ്ങനെ നോക്കുമ്പോൾ പ്രവാചകന്മാരുടെ പ്രബോധന പരിധികൾക്കും പ്രവാചകത്വസ്ഥാനങ്ങൾക്കും വ്യത്യാസങ്ങൾ കാണാൻ കഴിയുന്നതാണ്. എന്നാൽ, അവരെയെല്ലാം നബി എന്ന ഏകനാമത്തിലാണ് ഖുർആൻ സംബോധനചെയ്തിട്ടുള്ളത്. ഇതുപോലെ പൂർവ്വ വേദങ്ങളും പൂർവ്വ പ്രവാചകന്മാരും നബിയെന്ന പദം തനിച്ചാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവാചകന്മാരുടെ സ്ഥാനമാനത്തെ പ്രകടമാക്കുന്ന പ്രത്യേക പദങ്ങളൊന്നും നബി എന്ന പദത്തിന്റെ കൂടെ പ്രയോഗിച്ചിട്ടില്ല. ഒരു പ്രവാചകന്റെയും പദവിയെ പ്രത്യേകം തരംതിരിച്ച് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. ഇതിൽ നിന്ന്, പ്രവാചകന്മാരുടെ അവസ്ഥകളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും നബിയെന്ന നാമത്തിൽ എല്ലാവരും തുല്യരാണെന്ന് മനസ്സിലാകുന്നു. അതായത് പ്രവാചകന്മാർ അവരുടെ പ്രവാചകത്വത്തിന്റെ ശ്രേഷ്ഠതയുടെ കാര്യത്തിൽ തുല്യനിലയിലല്ല, വൈവിധ്യമാർന്ന സ്ഥാനങ്ങളിലാണ് നിലകൊള്ളുന്നത്. എന്നാൽ, ഓരോ പ്രവാചകനും അവരുടെ സ്ഥാനത്തെപറ്റിയും അവരുടെ പ്രബോധന പരിധികളെ സംബന്ധിച്ചും അല്ലാഹുവിൽ നിന്ന് അറിവ് നൽകപ്പെട്ടിട്ടുണ്ട്. അവർ ആ പരിധികളെ ഒരിക്കലും ലംഘിക്കുകയില്ല. തങ്ങൾ എപ്രകാരത്തിലുള്ള പ്രവാചകന്മാരാണെന്ന് അവർക്ക് അറിയാവുന്നതുകൊണ്ട് അവർ അതനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ടാണ് ന്യായപ്രമാണത്തെ നീക്കുന്നതിനു വേണ്ടി വന്നിരിക്കുന്നുവെന്ന് യഹൂദർ ഈസ(അ) നെ ആക്ഷേപിച്ചപ്പോൾ ഞാൻ ന്യായപ്രമാണത്തേയോ, പ്രവാചകന്മാരേയോ നീക്കുന്നതിന് വേണ്ടിവന്നുവെന്ന് നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ എന്നുപറഞ്ഞത്. ഇപ്രകാരം എല്ലാ പ്രവാചകന്മാർക്കും അല്ലാഹു അറിയിച്ചുകൊടുക്കുന്നതാണ്. അത് അവരുടെ ഉപദേശങ്ങളിൽ നിന്നും ലിഖിതങ്ങളിൽ നിന്നും മാത്രമേ നമുക്ക് മനസ്സിലാവുകയുള്ളു.

അല്ലാഹുവും അവന്റെ റസൂലും ഹസ്റത്ത് ഇമാംമഹ്ദി(അ) യെ നബിയെന്ന ഏകനാമത്തിലാണ് സംബോധന ചെയ്തിട്ടുള്ളത്. എന്നാൽ, താൻ എപ്രകാരത്തിലുള്ള പ്രവാചകനാണെന്ന്

അദ്ദേഹത്തിന് അറിയുമായിരുന്നു. തനിക്ക് ഒരു പുതിയ ശരീഅത്ത് ഇല്ലെന്നും തന്റെ പ്രവാചകത്വം തിരുനബിയെ അനുസരിച്ചതുകൊണ്ട് മാത്രം കിട്ടിയതാണെന്നും അദ്ദേഹം വ്യക്തമാക്കിയത് അതുകൊണ്ടാണ്. ഹസ്റത്ത് അഹ്മദ്(അ) പറയുന്നു.

ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനിവരികയില്ല. ശരിഅത്തില്ലാത്ത പ്രവാചകൻ ഇനിയും വരാവുന്നതാണ്. പക്ഷേ, അദ്ദേഹം ആദ്യം ഉമ്മത്തിൽപ്പെട്ട ആളായിരിക്കണം. എന്റെ പ്രവാചകത്വം അതായത് ദൈവികവെളിപാടുകളും സംബോധനകളും മുഹമ്മദ് നബി(സ) യുടെ പ്രതിച്ഛായ മാത്രമാകുന്നു. ഇതല്ലാതെ മറ്റൊന്നുമല്ല എന്റെ പ്രവാചകത്വം. (തജല്ലിയാത്തെ ഇലാഹിയ്യ പേജ് 21.)

**ഖാത്തമുന്നബിയ്യീന്റെ വിവക്ഷിതം**

പൂർവ്വ പ്രവാചകന്മാരുടേയും നബി(സ)യുടേയും സ്ഥാനവ്യത്യാസത്തെ വേർതിരിച്ചുകാണിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു വിശുദ്ധഖുർആനിൽ ഖാത്തമുന്നബിയ്യീൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. മുൻകഴിഞ്ഞ പ്രവാചകന്മാർക്ക് പ്രവാചകത്വം എന്ന വരദാനം കിട്ടിക്കൊണ്ടിരുന്നത് ഏതെങ്കിലും പ്രവാചകനെ അനുഗമിച്ചതുകൊണ്ടല്ല. മറിച്ച് അവർക്കെല്ലാം സ്വതന്ത്രമായിത്തന്നെ പ്രവാചകത്വമെന്നസ്ഥാനം അല്ലാഹുവിൽ നിന്ന് കരഗതമായതാണ്. എന്നാൽ, ഖാത്തമുന്നബിയ്യീൻ എന്നതിലൂടെ അത്തരം സ്വതന്ത്രപ്രവാചകത്വത്തിന്റെ കവാടത്തെ അടച്ചുകളയുകയാണ് ചെയ്തിട്ടുള്ളത്. പൂർവ്വപ്രവാചകന്മാർക്ക് വ്യക്തിഗതമായികൈവന്ന ആത്മീയ അനുഗ്രഹത്തിന്റെ ഉറവകൾ തിരുനബി(സ)യുടെ ആഗമനത്തോടെ വറ്റിപ്പോവുകയും ആ അനുഗ്രഹങ്ങൾ എല്ലാം തന്നെ തിരുനബി(സ)യുടെ സരണിയിലൂടെ പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു. അതിനാൽ, മുഹമ്മദ് നബി(സ)യെ അനുസരിച്ച് ജീവിക്കാതെകണ്ട് ഒരാൾക്കും ഒരുതരത്തിലുള്ള ആത്മീയ അനുഗ്രഹങ്ങളും കിട്ടുകയില്ല. ഇങ്ങനെ അനുസരിക്കുന്നവർ ഒന്നാമതായി മുഹമ്മദീ സമൂഹത്തിൽ ഉൾപ്പെട്ടവരായിരിക്കണം. ഖുർആന്റെയും തിരുനബി(സ)യുടെയും വക്താക്കളുമായിരിക്കണം. മുൻകാലപ്രവാചകന്മാർക്ക് ലഭിക്കാതിരുന്ന മഹനീയസ്ഥാനമാണിത്. ഈ മഹനീയസ്ഥാനത്താണ് തിരുനബി(സ)യെ അവരോധിച്ചുകൊണ്ട് പ്രവാചകന്മാരിൽ ശ്രേഷ്ഠൻ എന്ന ഭാഷാർത്ഥം വരുന്ന ഖാത്തമുന്നബിയ്യീൻ എന്ന പദം അല്ലാഹു ഉപയോഗിച്ചിട്ടുള്ളത്. അതായത് ഒരാൾക്ക് ആത്മീയ പിതൃത്വം നൽകി പ്രവാചകനാക്കാൻ കഴിവുള്ള ആത്മീയ ക്ഷമത നബി(സ)യുടെ പ്രവാചകത്വത്തിനുണ്ടെന്ന് സാരം. ഒന്നുകൂടി വിശദീകരിച്ചു പറഞ്ഞാൽ പ്രപഞ്ചസൃഷ്ടിക്ക് കാരണഭൂതനായ മുഹമ്മദ് നബി(സ) യുടെ പ്രവാചകത്വശക്തിപ്രഭാവത്തിൽനിന്ന് ആത്മീയ ഊർജ്ജം കരസ്ഥമാക്കി ദൈവഭാഷണം സിദ്ധിക്കാൻ ശക്തിയുള്ള ആത്മീയസന്താനങ്ങൾ തിരുനബി(സ)യുടെ സ്വന്തം സമുദായത്തിൽ നിന്നു തന്നെ ഉണ്ടാവുമെന്നത്രെ. കാരണം വിശുദ്ധഖുർആൻ അന്ത്യനാൾവരെ നിലനിൽക്കുന്ന ഒരു ആത്മീയ സരണിയായതിനാൽ അതിൽ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന സകല ആത്മീയ അനുഗ്രഹങ്ങളും സ്ഥാനമാനങ്ങളും അതനുസരിച്ച് ജീവിക്കുന്നവർക്ക് അന്ത്യനാൾവരെ കിട്ടിക്കൊണ്ടിരിക്കണം. അതിന്റെ വാഹകനായ തിരുനബി(സ) യുടെ പ്രവാചകത്വവും അതേ ചൈതന്യത്തോടും ഓജസ്സോടും തേജസ്സോടും കൂടി അന്ത്യനാൾവരെ നിലനിൽക്കണം. തിരുനബിചര്യയെ ഖുർആന്റെ പാതയിലൂടെ മാതൃകയാക്കുമ്പോഴാണ് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുക. അല്ലാതെ വിശുദ്ധഖുർആൻ അന്ത്യനാൾവരെ നിലനിൽക്കുകയും നബി(സ) യുടെ പ്രവാചകത്വം നിലച്ചുപോവുകയും ചെയ്യുക എന്നത് യുക്തിസഹമല്ലാത്ത പ്രവർത്തിയും നിരർത്ഥകമായ ആശയവുമാകുന്നു.

ഇപ്രകാരം ആത്മീയപിതൃത്വം ഏറ്റുവാങ്ങിയ ഉമ്മത്തീപ്രവാചകനാകുന്നു ഇമാം മഹ്ദി(അ). അല്ലാതെ ഇമാം മഹ്ദി(അ) തിരുനബിയുടെ സ്ഥാനത്തോ പൂർവ്വപ്രവാചകരുടെ സ്ഥാനത്തോ അല്ല നിൽക്കുന്നത്. മുഹമ്മദീ ഉമ്മത്തിനെ സംസ്കരിക്കുന്നതിനും ഇസ്ലാമികപാഠങ്ങളെ മറ്റു മതസ്ഥർക്ക് വിവരിച്ചുകൊടുക്കുന്നതിനും വേണ്ടി അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്ന ഉമ്മത്തീപ്രവാചകന്റെ സ്ഥാനത്താണ് അദ്ദേഹം നിൽക്കുന്നത്. ഈ ആശയത്തെ വിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

വല്ലവനും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ സത്യസന്ധന്മാർ, രക്തസാക്ഷികൾ, സത്വൃത്തൻമാർ, എന്നിവരുടെ കൂട്ടത്തിൽപ്പെടുന്നവരാണ്. ഏറ്റവും നല്ലകൂട്ടുകാരത്രെ അവർ.

നബി(സ)യെ ആത്മാർത്ഥമായി അനുസരിച്ച് ജീവിച്ചാൽ മാത്രമേ വിശുദ്ധഖുർആൻ വാഗ്ദാനം ചെയ്ത നാല് സ്ഥാനങ്ങളിൽ ഏതെങ്കിലുമൊന്നിൽ ഉൾപ്പെടുവാൻ സാധിക്കുകയുള്ളൂ. സ്വാലിഹായിട്ടെങ്കിലും മരിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാൾക്ക് ഈ തത്വരഹസ്യം മനസ്സിലാക്കേണ്ടത് അനിവാര്യമാകുന്നു. ഇതിലൂടെ മാത്രമേ തിരുനബി(സ)യുടെ ശ്രേഷ്ഠതയും മഹ്ദീഇമാമിന്റെ സത്യതയും മനസ്സിലാക്കാൻ സാധിക്കുകയുള്ളു. എന്നാൽ, മുസ്ലിംകളിൽ ബഹുഭൂരിപക്ഷം ആളുകളും ഈ ആത്മീയ തത്വരഹസ്യത്തെ സംബന്ധിച്ച് അജ്ഞരാണ്. •

ലേഖനം

ശഫിഅ് അഹ്മദ്

# ഖിലാഫതിന്റെ വ്യതിയാനങ്ങൾ

**അലി(റ)ന്റെ കാലത്ത് ഖിലാഫത്തിന്റെ ആസ്ഥാനം കൂഫ ആയിരുന്നു. അത് മുആവിയ്യ, സ്വന്തം തട്ടകമായ ഡമാസ്ക സിലേക്ക് മാറ്റി. ഖുലഫാഉർറാശിദീന് വിപരീതമായ സമ്പ്രദായം മുആവിയ്യ തുടക്കമിട്ടതോടു കൂടി ഇസ്ലാമിക ചരിത്രത്തിൽ രാജവാഴ്ച സമ്പ്രദായം നൂറ്റാണ്ടുകളോളം നീണ്ടു നിന്നു.**

മുഹമ്മദ് നബി(സ) തിരുമേനിയുടെ കാലശേഷം ആ ധന്യാത്മാവിന്റെ സന്തതസഹചാരികളായ നാല് ഖലീഫമാർ ഒന്നിനു പിറകെ ഒന്നായി ഖിലാഫത്ത് പദവി അലങ്കരിച്ചു. ഖുലഫാഉർറാശിദീൻ (സച്ചരിതരായ ഖലീഫമാർ) എന്നാണ് അവർ അറിയപ്പെടുന്നത്. നബി(സ) തിരുമേനി അറേബ്യൻ മണ്ണിൽ കുടികൊണ്ട തിന്മയുടെ ഏറ്റവും ശോചനീയാവസ്ഥയെ ആത്മോദ്ധാര പ്രവർത്തനങ്ങളിലൂടെ സുന്ദരമായ സമ്മൃഷ്ട തലത്തിലേക്ക് പിടിച്ചുയർത്തി. തുടർന്ന് വന്ന ഖലീഫമാരും തിരുമേനിയുടെ അദ്ധ്യാപനങ്ങളെയും ചര്യകളെയും അവരുടെ അനുഷ്ഠാനങ്ങളിലും ഭരണനിർവ്വഹണ രംഗങ്ങളിലും പ്രതിഫലിപ്പിച്ചു. ഇസ്ലാമിന്റെ സമസ്തആശയാചാര ഘടനയിൽ സമ്മേളിച്ചിരുന്ന സാമൂഹിക സൗഭ്രാത്ര ഭാവബോധത്തിന്റെ സാർവ്വത്രികതയെ ഭയപ്പെട്ടിരുന്ന ചില ശത്രുക്കൾ ദുഷ്ടലാക്കോടെ ഇസ്ലാമിൽ പ്രവേശിക്കുകയുണ്ടായി. ഇസ്ലാമിന്റെ ആഗമനത്തോടെ കെട്ടടങ്ങിയ അറബികളുടെ തീവ്രമായ ഗോത്ര-കുടുംബ വിദ്വേഷവും സ്പർദയും ഈ ശത്രുക്കൾ നിഗൂഢമായി ഉപയോഗപ്പെടുത്തി ഇസ്ലാമിന്റെ സ്വഛമായ ഘടനയിൽ വിള്ളലുണ്ടാക്കുവാൻ ശ്രമിച്ചു. ഹ: ഉസ്മാൻ(റ)ന്റെ കാലഘട്ടത്തിലും ഹ: അലി(റ)ന്റെ കാലഘട്ടത്തിലും ഒരു പരിധിവരെ അവരുടെ നിഗൂഢ ഉദ്ദേശ്യങ്ങൾ ലക്ഷ്യം കാണുകയും ചെയ്തു. ഹ: ഉസ്മാൻ(റ) വധിക്കപ്പെട്ടതോടുകൂടി അദ്ദേഹത്തിന്റെ കുടുംബമായ ബനുഉമയ്യായിലെ തലയെടുപ്പുള്ള അംഗങ്ങളെല്ലാം സിറിയൻ ഗവർണ്ണറായി ഉമർ(റ)ന്റെ കാലം തൊട്ടെ അവരോധിക്കപ്പെട്ട മറ്റൊരു ഉമയ്യാ കുടുംബമായ മുആവിയ്യായുടെ ചേരിയിലേക്ക് അണിചേരുകയും പുതിയ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ബനുഹാശീം കുടുംബാംഗമായ അലി(റ)ന് അനുസരണ പ്രതിജ്ഞ ചെയ്യുന്നതിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു.

അനന്തരം മുആവിയ്യായുടെ സൈന്യവുമായി സിഫ്ഫിനി (SIFFIN)ൽവെച്ച് അലി(റ)ന് യുദ്ധം ചെയ്യേണ്ടതായി വന്നു. ഈ യുദ്ധത്തിൽ മുആവിയ്യായുടെ സൈന്യം പരാജയവക്കോളമെത്തിയപ്പോൾ, അദ്ദേഹത്തിന്റെ വലംകൈയ്യായ അംറ് ബിൻ ആസ്-ന്റെ തന്ത്രപരമായ നീക്കത്തിലൂടെ ഒത്തുതീർപ്പിനായി സാഹചര്യം സൃഷ്ടിച്ചെടുക്കുകയും യുദ്ധം നിർത്തിവെക്കേണ്ടതായി വരികയും ചെയ്തു. തുടർന്ന് അലി(റ)ന്റെ അനുയായി വൃന്ദത്തിൽ നിഗൂഢ ഉദ്ദേശ്യങ്ങൾ വെച്ചുപുലർത്തിയ ചിലയാളുകൾ അദ്ദേഹവുമായി തെറ്റിപ്പിരിഞ്ഞുകൊണ്ട് ഖാരിജ്

പ്രസ്ഥാനം രൂപീകരിച്ചു. തീവ്രവാദപരമായ നിലപാടുകളിലാണ് അവർ വിശ്വസിച്ചിരുന്നത്. അവരുടെ കൈകളാലാണ് അലി(റ) വധിക്കപ്പെടുന്നത്. അലി(റ)ന്റെ അനുയായി വൃന്ദത്തിൽപ്പെട്ടവരെ അലി(റ)ന്റെ പാർട്ടി(ശിഅത്തെഅലി) എന്നാണ് അറിയപ്പെട്ടിരുന്നത്. അവരിൽ നിന്നാണ് പിന്നീട് ശിയാ പ്രസ്ഥാനം ഉത്ഭവിക്കുന്നത്.

അലി(റ)ന് ശേഷം അദ്ദേഹത്തിന്റെ മൂത്തപുത്രനായ ഇമാം ഹസ്സൻ(റ)ന് മുസ്‌ലിംകൾ അനുസരണ പ്രതിജ്ഞ ചെയ്തു. എന്നാൽ, മുആവിയ്യായും സംഘവും അദ്ദേഹത്തിന്റെ ഖിലാഫത്തിനെ ധിക്കരിക്കുകയും ആക്രമണത്തിനായി പദ്ധതിയിടുകയും ചെയ്തു. സമാധാനപ്രിയനായിരുന്ന ഹസ്സൻ(റ) കൂടുതൽ രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ മുആവിയ്യായുമായുണ്ടാക്കിയ ഉടമ്പടിയിലൂടെ ഖിലാഫത്ത് മുആവിയ്യാക്ക് ഒഴിഞ്ഞുകൊടുത്തു. മുആവിയ്യാക്ക് ശേഷം അലി(റ)ന്റെ മറ്റൊരു പുത്രനായ ഇമാം ഹുസൈനെ(റ) ഖലീഫയാക്കാം എന്നതായിരുന്നു വ്യവസ്ഥ.

മുആവിയ്യായുടെ ഭരണകാലഘട്ടത്തിൽ നിരവധി ജനക്ഷേമ പ്രവർത്തനങ്ങൾ അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. എന്നാൽ, തനിക്കുശേഷം സ്വന്തം പുത്രനായ യസീദിനെ ഖലീഫയാക്കാനുള്ള നീക്കങ്ങൾക്ക് കൂട്ടുനിൽക്കാനും ഇമാം ഹസ്സനു(റ)മായുണ്ടാക്കിയ കരാർ പാടെ വിസ്മരിക്കുവാനുമാണ് അദ്ദേഹം തയ്യാറായത്. അലി(റ)ന്റെ കാലത്ത് ഖിലാഫത്തിന്റെ ആസ്ഥാനം കൂഫ ആയിരുന്നു. അത് മുആവിയ്യ, സ്വന്തം തട്ടകമായ ഡമാസ്കസിലേക്ക് മാറ്റി. ഖുലഫാഉർറാശിദീന് വിപരീതമായ സമ്പ്രദായം മുആവിയ്യ തുടക്കമിട്ടതോടുകൂടി ഇസ്ലാമിക ചരിത്രത്തിൽ രാജവാഴ്ച സമ്പ്രദായം നൂറ്റാണ്ടുകളോളം നീണ്ടുനിന്നു. മുആവിയ്യക്ക് ശേഷം ഖിലാഫത്ത് ഏറ്റെടുത്ത യസീദ് കുപ്രസിദ്ധ ഉമയ്യ ഭരണാധികാരിയാണ്. അയാൾ ഇസ്ലാമിക അന്തഃസത്തക്ക് വിരുദ്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. പ്രത്യേകിച്ചും മുഹമ്മദ് നബി(സ)യുടെ പുത്രനായ ഇമാം ഹുസൈൻ(റ)നെയും സംഘത്തേയും കർബലയിൽ വെച്ച് നിഷ്ഠൂരവും പൈശാചികവുമായ രീതിയിൽ വധിക്കുകയും ഇതിനെതിരെ മക്കയിൽ പ്രതിഷേധമിരമ്പിയപ്പോൾ അതടിച്ചമർത്താൻ ചരിത്രത്തിൽ സമാനതകളില്ലാത്ത ആക്രമണവും കൂട്ടക്കുരുതിയും നടത്തി കുപ്രസിദ്ധനാവുകയും ചെയ്തു.

മുആവിയ്യ തുടക്കമിട്ട ഉമവിയ്യാ ഖിലാഫത്ത് ക്രി. 661 മുതൽ ക്രി. 750 വരെ നീണ്ടുനിന്നു. ഇസ്ലാമിക സാമ്രാജ്യത്വം ഏറെ വിസ്തൃതി പ്രാപിച്ച ഒരു കാലഘട്ടമായിരുന്നു അത്. ചൈനീസ് അതിർത്തിയോളം ഇസ്ലാമിക സൈന്യത്തിന്റെ പടയോട്ടവും കോൺസ്റ്റാന്റിനോപ്പിൾ(          )ന്റെ ഉപരോധവുമൊക്കെ ഉമവിയ്യാ കാലഘട്ടത്തിലെ ചില ഭരണാധികാരികളുടെ നേട്ടങ്ങളായി ചരിത്രകാരന്മാർ വിലയിരുത്തുന്നു. മുആവിയ്യ, അബ്ദുൽ മാലിക്, വലീദുബ്നു അബ്ദുൽ മാലിക് തുടങ്ങിയവരൊക്കെ സമർത്ഥരും യോഗ്യരുമായ ഭരണാധികാരികളാണെങ്കിലും ഭരണം അവരുടെ തറവാട് സ്വത്താക്കി മാറ്റുകയും പൊതുധനം സ്വകാര്യസ്വത്തെന്ന പോലെ കൈകാര്യം ചെയ്യുകയും ചെയ്തു. ഇതിൽ നിന്നും വ്യത്യസ്തമായ ഭരണം കാഴ്ചവെച്ചത് ഉമറുബ്നു അബ്ദിൽ അസീസ് ആണ്. അദ്ദേഹം ധാരാളം ജനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പൊതു ഖജനാവ് ജനങ്ങളുടെ സ്വത്തായി പ്രഖ്യാപിക്കുകയും ചെയ്തു. ധാരാളം അമുസ്‌ലിംകൾ അദ്ദേഹത്തിന്റെ കാലത്ത് ഇസ്‌ലാമിക വിശ്വാസത്തെ ആശ്ലേഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണനവീകരണങ്ങളെ ഭയപ്പെട്ടിരുന്ന ചില രാജകുടുംബാംഗങ്ങൾ തന്നെ അദ്ദേഹത്തെ വിഷം കൊടുത്ത് വധിക്കുകയാണ് ചെയ്തത്. അങ്ങനെ ഉമവിയ്യ ഭരണത്തിന്റെ പതനത്തിന് തുടക്കം കുറിക്കപ്പെട്ടു. പിന്നീട് വന്ന അഞ്ച് ഭരണാധികാരികൾക്കും മുഴുവൻ ഇസ്‌ലാമിക സാമ്രാജ്യത്തെയും ഐക്യത്തിൽ നിർത്തുവാൻ സാധിച്ചില്ല. അവസാന ഉമയ്യാ ഭരണാധികാരിയായ മർവാനുബ്നു മുഹമ്മദിന് രാജ്യത്ത് വഷളായിക്കൊണ്ടിരുന്ന ആഭ്യന്തര സ്ഥിതിഗതികളെ നിയന്ത്രിക്കാൻ സാധിച്ചില്ല. രാജ്യത്തിന്റെ പലഭാഗത്തും കലാപം തലപൊക്കി. ഏറ്റവും ആപൽക്കരമായ കലാപം ബനുഹാശിം കുടുംബത്തിൽ നിന്നായിരുന്നു. അതിലും രണ്ട് ചേരികൾ രൂപപ്പെട്ടു. അലി(റ)യുടെയും അദ്ദേഹത്തിന്റെ സന്തതികളുടെയും അവകാശമാണ് ഖിലാഫത്ത് എന്ന് വാദിക്കുന്ന അലിയുടെ കക്ഷി ശിഅത്തെ അലി എന്ന പേരിലറിയപ്പെടുന്ന ഒരു ചേരിയും മുഹമ്മദ് നബി(സ)യുടെ പിതൃവ്യനായ അബ്ബാസ്(റ)ന്റെ സന്തതികൾക്കാണ് ഖിലാഫത്തിനവകാശം എന്ന വാദക്കാരുടെ അബ്ബാസിയ ചേരിയും നിലവിൽ വന്നു. തുടക്കത്തിൽ ഉമയ്യാകൾക്കെതിരെ ഇരു ചേരികളും സഹകരിച്ച് പ്രക്ഷോഭം നടത്തിയെങ്കിലും പിന്നീട് അബ്ബാസികൾക്ക് മേധാവിത്വം സിദ്ധിച്ചു. അവർ അവസാന ഉമവി ഭരണാധികാരിയുടെ സൈന്യത്തെ പരാജയപ്പെടുത്തി അബ്ബാസിയ്യാ ഭരണത്തിനു തുടക്കം കുറിച്ചു.

അബുൽ അബ്ബാസ് സഫ്ഫാഹ് എന്നറിയപ്പെടുന്ന അബ്ദുല്ലാഹിബ്നു മുഹമ്മദ് രക്തരൂക്ഷിതമായ ഒരു പോരാട്ടത്തിനൊടുവിലാണ് ദമാസ്ക്കസ് കീഴടക്കി അബ്ബാസി ഭരണത്തിന് ആരംഭം കുറിച്ചത്. സ്പെയിനും(        ) മൊറാക്കോ(        )യും

അബ്ബാസികൾക്ക് ലഭിച്ചില്ല. എങ്കിലും ആ കാലഘട്ടത്തിലെ ഏറ്റവും വലിയ ഭരണകൂടം അബ്ബാസികളുടെതായിരുന്നു. ഇരുപത്തിയൊന്നോളം ഭരണാധികാരികൾ ക്രി. 750 മുതൽ 1258 വരെ 508 വർഷക്കാലം ഭരണം കയ്യാളി.

ഉമയ്യാ കാലഘട്ടത്തിലെ പുരോഗതിയുടെയും, നാഗരികതയുടെയും, വിജ്ഞാനത്തിന്റേയുമൊക്കെ പ്രാരംഭ വികസന സ്പന്ദനങ്ങൾക്ക് പൂർണ്ണപ്രതിഷ്ഠ കൈവരിക്കുവാൻ സാധിച്ചത് അബ്ബാസിയ കാലഘട്ടത്തിലായിരുന്നു. ചരിത്രകാരന്മാരുടെ പ്രശംസ ഏറെ പിടിച്ചുപറ്റിയ ഭരണാധികാരികളായിരുന്നു ജഅ്ഫർ മൻസൂർ, ഹാറൂൺ-അൽ-റഷീദ്, മഅ്മൂൻ--അൽ-റഷീദ് തുടങ്ങിയവർ. ടൈഗ്രിസ് ( ) നദീതീരത്ത് ബാഗ്ദാദ് ( ) നഗരത്തിന് അടിത്തറ പാകിയത് ജഅ്ഫർ മൻസൂർ ആണ്. അങ്ങനെ അബ്ബാസികളുടെ ആസ്ഥാനം ദമാസ്കസിൽ നിന്നും ബാഗ്ദാദിലേക്ക് മാറ്റപ്പെട്ടു. റോമക്കാരുമായുണ്ടായ യുദ്ധത്തിൽ അദ്ദേഹത്തിന്റെ സൈന്യം വിജയിക്കുകയുണ്ടായി. സിറിയൻ, പേർഷ്യൻ, ഗ്രീക്ക്, സംസ്കൃത ഭാഷകളിലെ ഗ്രന്ഥങ്ങൾ അറബിയിലേക്ക് ഭാഷാന്തരം നിർവ്വഹിച്ച പ്രഥമ മുസ്ലിം ഭരണാധികാരിയാണ് അദ്ദേഹം. ഹാറൂൺ-അൽ-റഷീദിന്റെ കാലഘട്ടത്തിൽ ബാഗ്ദാദ് പുരോഗതിയുടെ കൊടുമുടിയിലേക്ക് ഉയർന്നു.

നീതിപൂർവ്വം ഭരണം നടത്തുന്നതിനുള്ള ഉപായങ്ങൾ പ്രതിപാദിക്കുന്ന പ്രശസ്ത ഗ്രന്ഥമായ ഖിത്താബുൽ ഖറാജ് അദ്ദേഹത്തിന്റെ ചീഫ് ജസ്റ്റിസ് ആയ അബുയൂസുഫിനെ കൊണ്ട് എഴുതിക്കുകയുണ്ടായി. മഅ്മൂൻ--അൽ-റഷീദിന്റെ കാലത്താണ് ഇസ്ലാം ശീഘ്രഗതിയിൽ തുർക്കിയിൽ പ്രചരിച്ചു തുടങ്ങിയത്. ബഹുമുഖ പണ്ഡിതനായി അദ്ദേഹം കണക്കാക്കപ്പെടുന്നു. ഒട്ടേറെ പ്രശസ്ത നഗരങ്ങൾ വിജ്ഞാന-കലാ-സംസ്കാര നാഗരികതയുടെ കേന്ദ്രങ്ങളായി അബ്ബാസിയ കാലഘട്ടത്തിൽ വളർന്നു കഴിഞ്ഞിരുന്നു. ഇസ്ലാമിലെ മദ്ഹബ് എന്ന് അറിയപ്പെടുന്ന ഹനഫി, മാലിക്കി, ശാഫിഅ്, ഹംബലി എന്നീ നാല് കർമ്മശാസ്ത്ര സരണികൾ അബ്ബാസി കാലഘട്ടത്തിലാണ് ജന്മമെടുത്തത്. അൽ-ഖുവാരിസ്മിയെ പോലുള്ള ഗണിതശാസ്ത്ര മഹാരഥന്മാർ ഈ കാലയളവിലെ അത്ഭുതപ്രതിഭകളായിരുന്നു. ആധുനിക കമ്പ്യൂട്ടർ പ്രോഗ്രാമുകളിലെ ( ) അൽഗോരിതംസ് ( ) എന്ന പദം അദ്ദേഹത്തിന്റെനാമത്തിൽ നിന്നും ഉത്ഭവിച്ചതാണ്. കമ്പ്യൂട്ടിങ്ങിന്റെ പിതാമഹൻ ( ) എന്നാണ് അദ്ദേഹത്തെ ആധുനിക ശാസ്ത്രകാരന്മാർ വിലയിരുത്തുന്നത്. യൂറോപ്പിൽ പിന്നീടുണ്ടായ ചിന്താവൈഭവത്തേയും തത്വചിന്താവികാസത്തേയുമൊക്കെ സ്വാധീനിച്ചത് യഅ്ഖൂബ് കിന്ദിയേയും ഫറാബിയേയും പോലുള്ളവരുടെയും തത്വചിന്താധാരകളായിരുന്നു എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു.

അബ്ബാസികളുടെ അധഃപതനകാലം കേന്ദ്രഭരണാധികാരികളുടെ ശക്തിക്ഷയിച്ചു തുടങ്ങുകയും പ്രവിശ്യാ ഭരണാധികാരികൾ പഴുതുകിട്ടിയയിടങ്ങളിലൊക്കെ സ്വയംഭരണം പ്രഖ്യാപിക്കുകയുമുണ്ടായി. സമാനി, ബനുബുവൈഹ്, ഫാത്വിമി എന്നിങ്ങനെ ചെറിയ ഭരണകൂടങ്ങളായി രണ്ടു നൂറ്റാണ്ടുകളോളം ഇസ്ലാമിക ലോകം ഭരിക്കപ്പെട്ടു. പിന്നീട് തുർക്കി വംശജരായ സൽജൂക്കി ഭരണകൂടമാണ് ഇസ്ലാമിക ലോകത്തിന്റെ വലിയൊരു ഭാഗത്തെ വീണ്ടും ഒന്നിപ്പിച്ചത്. ഫലസ്തീനും ബൈത്തുൽ മുഖദ്ദിസിനുംമേൽ ആധിപത്യം സ്ഥാപിക്കുവാനായി ക്രൈസ്തവർ നടത്തിയ കുരിശുയുദ്ധം സൽജൂക്കി സൽത്തനത്തിന്റെ ശൈഥ്യല്യാവസ്ഥയിൽ ഫാത്വിമികൾ ആ മേഖല അധീനപ്പെടുത്തിയ വേളയിലായിരുന്നു.

**സ്പെയിനിൽ പിന്നീട് ക്രൈസ്തവ ഭരണം നിലവിൽ വന്നപ്പോൾ ശാസ്ത്രത്തെയും വിജ്ഞാനങ്ങളെയും വെറുക്കുകയും അവ മത നിന്ദയായി കരുതിപോരുകയും ചെയ്ത ക്രൈസ്തവ സഭ ലക്ഷക്കണക്കിന് അപൂർവ്വ ഗ്രന്ഥശേഖരങ്ങൾ അഗ്നിക്കിരയാക്കി.**

സ്പെയിനിൽ അബ്ബാസികൾക്ക് ഭരണാധിപത്യം ലഭിച്ചിരുന്നില്ല. അവിടെ ഉമയ്യ കുടുംബാംഗത്തിന്റെ സ്വതന്ത്രഭരണമായിരുന്നു. അന്ന് ബാഗ്ദാദ് കഴിഞ്ഞാൽ ഏറ്റവും വലിയ പട്ടണമായിരുന്നു സ്പെയിനിന്റെ തലസ്ഥാനമായ കൊറഡോവ ( ). സ്പെയിനിലെ മുസ്ലിം ആധിപത്യത്തിന്റെ ചരിത്രം 800 സംവത്സരങ്ങളോളം നീണ്ടതായിരുന്നു. അക്കാലത്ത് യൂറോപ്പിന്റെ വൈജ്ഞാനിക ഭാഗമായിരുന്ന ലാറ്റിനിലേക്ക് രണ്ടു നൂറ്റാണ്ടുകളോളം തുടർച്ചയായി അറബിഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ഇബ്നു റുഷ്ദിനെയും ഇബ്നു സീനയേയും പോലുള്ള മഹാരഥന്മാർ യൂറോപ്പിനുനൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. സ്പെയിനിൽ പിന്നീട് ക്രൈസ്തവ ഭരണം നിലവിൽ വന്നപ്പോൾ ശാസ്ത്രത്തെയും വിജ്ഞാനങ്ങളെയും വെറുക്കുകയും അവ മത നിന്ദയായി കരുതിപോരുകയും ചെയ്ത ക്രൈസ്തവ സഭ ലക്ഷക്കണക്കിന് അപൂർവ്വ ഗ്രന്ഥശേഖരങ്ങൾ അഗ്നിക്കിരയാ

ക്കി. അങ്ങനെ ക്രിസ്ത്വാബ്ദം 1600 ഓടുകൂടി മുസ്ലിം തിരോധാനം സ്പെയിനിൽ പൂർണ്ണമായി.

ഇസ്ലാമിക നാഗരീകതക്കേറ്റ കാഠിന്യമേറിയ പ്രഹരം മംഗോളിയൻ രാജാവായ ചെങ്കീസ്ഖാന്റെ ആക്രമണം മൂലമായിരുന്നു. അവരുടെ താർത്താരി സേന ഇസ്ലാമിക നഗരങ്ങളെ നിശേഷം തകർത്തു കളഞ്ഞു. ചെങ്കീസ്ഖാനു ശേഷം പുത്രനായ ഹലാക്കുഖാൻ അബ്ബാസിയ സ്വയംഭരണം നിലനിൽക്കുന്ന ബാഗ്ദാദിനുമേൽ നടത്തിയ സംഹാരതാണ്ഡവം ചരിത്രതാളുകളിൽ പോലും വിരളമാണ്. 40 ദിവസം നീണ്ട ആ പരാക്രമത്തിൽ 16 ലക്ഷത്തോളം ജീവനാശത്തോടൊപ്പം ഇസ്ലാമിക നാഗരികതയുടെ ഈറ്റില്ലമായ ബാഗ്ദാദ് പട്ടണം വെറുമൊരു ചാരക്കൂനയായി മാറ്റപ്പെട്ടു.

ഏതാനും വർഷങ്ങൾക്ക് ശേഷം ഹലാക്കുഖാൻ ഏഷ്യ മൈനർ അധീനപ്പെടുത്തി. കുനിയയിൽ അപ്പോൾ സൽജൂക്കി ഭരണം ധിക്കാരിയായ അലാവുദ്ദീൻ സൽജൂക്കിക്കായിരുന്നു. അദ്ദേഹം മംഗോൾസേനയെ എതിർത്തു. ആ യുദ്ധവേളയിൽ തുർക്കി നാടോടി സംഘം അതുവഴി പോവുകയും സംഘത്തലവനായ അത്ത്വുഗറൽ സൽജൂക്കി സേനയെ സഹായിക്കുകയും ഹലാക്കുഖാന്റെ പ്രബല സൈന്യത്തെ പരാജയപ്പെടുത്തുകയുമുണ്ടായി. അത്ത്വുഗറലിന് പാരിതോഷികമായി ഒരു ജാഗിർ ലഭിക്കുകയും തന്റെ പുത്രനായ ഉസ്മാൻഖാൻ ക്രി. 1288 ൽ പിൻഗാമിയാവുകയും ചെയ്തു. സൽജൂക്കി സുൽത്താൻ പിന്നീട് മംഗോളുകളാൽ വധിക്കപ്പെട്ടപ്പോൾ ഉസ്മാൻഖാൻ സ്വതന്ത്രഭരണം സ്ഥാപിക്കുകയും ഉസ്മാനിയ ഖിലാഫത്ത് എന്ന് അത് അറിയപ്പെടുകയും ചെയ്തു. ഉസ്മാൻഖാൻ റോമൻ സാമ്രാജ്യത്തിന്റെ പല പട്ടണങ്ങളും അധീനപ്പെടുത്തി തന്റെ ഭരണത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചു.

ഉസ്മാനിയ ഭരണാധികാരിയായിരുന്ന മുഹമ്മദ് ഫാതിഹ് 1000 സംവത്സരങ്ങളോളം പഴക്കമുള്ള റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ ക്രി. 1453 ൽ കീഴടക്കി.

ഉസ്മാനിയ ഖിലാഫത്തിലെ പ്രഗത്ഭമതിയായ ഒരു ഭരണാധികാരിയാണ് സുലൈമാൻ. പാശ്ചാത്യർ അദ്ദേഹത്തെ മഹാനായ സുലൈമാൻ ( ) എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാലത്ത് ഉസ്മാനിയ സൽത്തനത് പുരോഗതിയുടെ ഉത്തുംഗത പ്രാപിച്ചിരുന്നു.

അറുനൂറ് വർഷങ്ങളോളം നീണ്ട ഉസ്മാനിയ ഖിലാഫത്തിനോളം നീണ്ട മറ്റൊരു മുസ്ലീം ഭരണവും ഉണ്ടായിരുന്നില്ല. സ്വേച്ഛാധിപത്യ വ്യവസ്ഥിതി തന്നെയാണ് ഇവരും തുടർന്ന് പോന്നത്. വാസ്തുശില്പകല, കാലിഗ്രാഫി( ) തുടങ്ങിയ കലാസാംസ്കാരിക വൈജ്ഞാനിക രംഗങ്ങൾ ഉന്നത ശിഖരങ്ങളോളം വികസിച്ചിരുന്നു.

പതിനേഴാം നൂറ്റാണ്ടോടുകൂടി യൂറോപ്പ് വൈജ്ഞാനിക നാഗരിക മേധാവിത്വം കൈവരിക്കുകയും ഒരു സഹസ്രാബ്ദം പിന്നിട്ട ഉത്ഥാനഘട്ടം അവസാനിച്ചു തുടങ്ങുകയും ചെയ്തു. നാമമാത്ര ഖിലാഫത്ത് അതോടെ തുർക്കിപ്രദേശത്ത് മാത്രമായി ശേഷിച്ചു.

പിന്നീട് ബാൾക്കൺ യുദ്ധവേളയിലും (1912-14), ജർമ്മനിയുമായി സഖ്യം ചേർന്നുകൊണ്ട്, റഷ്യ, ഫ്രാൻസ്, ബ്രിട്ടൻ ഉൾപ്പെടുന്ന സഖ്യസേനയുമായുണ്ടായ ഒന്നാം ലോകമഹായുദ്ധ വേളയിലും തുർക്കിക്ക് പരാജയങ്ങൾ സംഭവിച്ചു. സഖ്യസേന തലസ്ഥാനമായ ഇസ്തംബൂളിൽ പ്രവേശിക്കുകയും ഖലീഫ ഇംഗ്ലീഷുകാരുടെ വരുതിയിലാവുകയും തുർക്കിയെ വീതിച്ചെടുക്കാൻ പദ്ധതിയിടുകയും ചെയ്തു. ഈ ഘട്ടത്തിൽ അനറ്റോളിൽ ( ) മുസ്തഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ പോരാട്ടം ആരംഭിച്ചുകൊണ്ട് 1922ഓടെ ശത്രുക്കളെ പുറത്താക്കി. ഇംഗ്ലീഷുകാർ ഖലീഫയായി വാഴിച്ച സുൽത്താൻ വഹീദുദ്ദീൻ ഒരു ബ്രിട്ടീഷ് കപ്പലിൽ ഒളിച്ചോടി. തുർക്കി ദേശീയവാദികൾ അബ്ദുൽ മജീദ് നെ ആ സ്ഥാനത്ത് തിരഞ്ഞെടുത്തു. 1923 ൽ രാജഭരണത്തിനു പകരം ജനാധിപത്യഭരണക്രമം അംഗീകരിക്കപ്പെട്ടു. മുസ്തഫാകമാൽ പാഷ 1924 ൽ പാർലമെന്റിലവതരിപ്പിച്ച ഒരു ബില്ലിലൂടെ നാമമാത്ര ഖിലാഫത്ത് അവസാനിപ്പിച്ചു.

റസൂൽ തിരുമേനിയുടെ പ്രവചന പൂർത്തീകരണമെന്നോണമായിരുന്നു ഖുലഫാഉർ റാശിദിനു ശേഷം വന്ന ഇസ്ലാമിലെ ഭരണ വ്യവസ്ഥിതി നിലനിന്നു പോന്നത്. സച്ചരിതരായ ഖലീഫമാരുടെ ഭരണത്തിനു ശേഷം രാജവാഴ്ചയിലും സ്വേഛാധിപത്യത്തിലും അധിഷ്ഠിതമായ ഭരണങ്ങളുടെ അന്ത്യവും അദ്ദേഹം പ്രവചിച്ചിരുന്നു. ഒപ്പം വാഗ്ദത്ത മഹ്ദിഇമാമിന്റെ ആവിർഭാവവും അദ്ദേഹത്തിലൂടെ ഖിലാഫത്ത് വ്യവസ്ഥിതിയുടെ പുനഃസ്ഥാപനവും പ്രവചിക്കപ്പെട്ടതാണ്. ഈയൊരു പ്രവചന പൂർത്തീകരണം അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ജ്വലിച്ചു നിൽക്കുകയാണ്. 1908ൽ തുടക്കം കുറിക്കപ്പെട്ട ഈ ഖിലാഫത്ത് വ്യവസ്ഥിതി ഇപ്പോൾ അഞ്ചാംഖിലാഫത്തിൽ എത്തിനില്ക്കുകയാണ്. ഭാവിയിലെ ഇസ്ലാമിന്റെ തേജോമയമായ വികാസ പരിണാമങ്ങൾക്കും, യഥാർത്ഥ ഇസ്ലാമിക നിഷ്ഠതയുടെ പുനരേകീകരണത്തിനും മഹ്ദിഇമാമിനാൽ തുടക്കം കുറിക്കപ്പെട്ട ഖിലാഫത്തിലൂടെ മാത്രമെ സാധ്യമാവുകയുള്ളൂ. അതിന് ചരിത്രം സാക്ഷിയായിക്കൊണ്ടിരിക്കുന്നു.

ലേഖനം

എൻ. കുഞ്ഞഹ്മദ്, പഴയങ്ങാടി

# വസിയ്യത്ത് എന്ത്? എന്തിന്?

(ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെന്തും അല്ലാഹുവിനുള്ളതാണ്)

വിശുദ്ധഖുർആനിൽ പല സൂറത്തുകളിലായി നാം നിരവധിതവണ ഓതിവരുന്ന ഒരു വാക്യമാണിത്. നമ്മുടെ കാഴ്ചയിലും കേൾവിയിലും അറിവിലും പെട്ടതും അല്ലാത്തതും എല്ലാം അല്ലാഹുവിന്റേതാണ് എന്ന ഈ ആശയത്തിൽ അന്തർഭവിച്ചുകിടക്കുന്ന ഒരു ഉൽബോധനം ഉണ്ട്. 'നിന്റേത് എന്ന് ധരിക്കുന്ന യാതൊന്നും നിന്റേതല്ല; എല്ലാം എന്റേതാണ്' എന്ന അല്ലാഹുവിന്റെ ബോധനം.

ഈ ലോകത്ത് ജനിച്ചുവീഴുന്ന ആരുംതന്നെ ഒന്നും കൊണ്ടുവരുന്നില്ല; തിരിച്ചുപോകുമ്പോൾ കൊണ്ടുപോകുന്നുമില്ല. ഭൂമിയിൽ എത്ര സമ്പത്തും സമൃദ്ധിയും തന്റെ ജീവിതത്തിൽ ആർജ്ജിച്ചാലും അതെല്ലാം മരണത്തോടെ മറ്റാരുടേതോ ആയിത്തീരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പറയുന്നു: 'സബ് കുഛ് തെരീ അത്വാ ഹെ ഘർസേതൊ കുഛ്നലായെ' (എല്ലാം നിന്റെ വരദാനം; ഒന്നും വീട്ടിൽനിന്ന് കൊണ്ടുവന്നതല്ല)

ഹസ്റത്ത് അഹ്മദ്(അ) ദൈവികഅറിയിപ്പനുസരിച്ച് രൂപംകൊടുത്ത ഒരു പദ്ധതിയാണ് വസിയ്യത്ത്. തൽസംബന്ധമായി പ്രസിദ്ധീകരിക്കപ്പെട്ട 'അൽവസിയ്യത്ത്' എന്ന കൃതി ലോകഅഹ്മദികൾക്ക് ഇതിനകം സുപരിചിതമായിക്കഴിഞ്ഞു. ഈ കൃതിയിൽ രണ്ട് കാര്യങ്ങളാണ് വിവരിച്ചിട്ടുള്ളത്. ഒന്ന് ഖിലാഫത്ത് സംസ്ഥാപനം. രണ്ട്, അൽ വസിയ്യത്ത് വ്യവസ്ഥിതി.

2003 ഏപ്രിൽ 19-ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) വഫാത്തായപ്പോൾ ഏപ്രിൽ 23-ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയും ലോകത്തിലെ അഹ്മദീ മുസ്‌ലിംകൾ അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്യുകയും ചെയ്തു.

1942-ൽ ഖാദിയാനിലെ വാർഷികജൽസയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ അൽമുസ്‌ലിഹുൽ മൗഊദ്(റ) വസിയ്യത്ത് സംവിധാനത്തെക്കുറിച്ച് ഊന്നൽകൊടുത്തുകൊണ്ട് നിസാമെ നൗ (ഒരു നവീനപദ്ധതി) എന്ന പേരിൽ ശ്രദ്ധേയമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. തന്റെ ഈ പ്രസംഗം ദൈവീകമായ ഉൽബോധനം അനുസരിച്ചുള്ളതാണ് എന്ന് ശ്രോതാക്കളെ പ്രത്യേകം അനുസ്മരിപ്പിച്ചിരുന്നു. 2004-ൽ യു.കെ. വാർഷികജൽസയുടെ സമാപന സമ്മേളനത്തിൽ അതേ നവീനപദ്ധതിതന്നെയാണ് അഞ്ചാം ഖലീഫ (അയ്യദഹു) തിരുമനസ്സ് പ്രഭാഷണത്തിലൂടെ നമ്മുടെ മുമ്പാകെ സമർപ്പിച്ചത്. അതെ, വിപ്ലവകരമായ മറ്റൊരു ശതാബ്ദി ആഘോഷം ഇതാ നമ്മെ അഭിമുഖീകരിച്ചിരിക്കുന്നു; 1905-ൽ വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ്(അ) അല്ലാഹുവിങ്കൽ നിന്നുള്ള അറിയിപ്പനുസരിച്ച് രൂപകല്പന ചെയ്ത വസിയ്യത്ത് പദ്ധതിയുടെ ശതാബ്ദിയാഘോഷം.

മരണാനന്തരം തങ്ങളുടെ സ്ഥാവരജംഗമസ്വത്തുക്കളുടെ കുറഞ്ഞത് പത്തിലൊന്ന് ഇസ്‌ലാമിക പ്രവർത്തനത്തിനായി എഴുതിക്കൊടുക്കുകയും മാസവരുമാനത്തിന്റെ പത്തിലൊന്ന് ഹിസ്സആമദ് (വസിയ്യത്ത് ചന്ദ) അടച്ചുതുടങ്ങുകയും അതോടൊപ്പം ജമാഅത്തിനോട് അങ്ങേയറ്റം കൂറും ഖലീഫയോട് അനുസരണവും വാക്കിലും പ്രവൃത്തിയിലും തഖ്‌വ (ദൈവഭക്തി) കാണുമാറാക്കുകയും ചെയ്യുകയാണ് ഒരു മൂസിയുടെ ധർമ്മം. വസിയ്യത്ത് പദ്ധതിയെ സംബന്ധിച്ച് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ശ്രദ്ധേയമായ ചില വാക്കുകളാണ് ചുവടെ ചേർക്കുന്നത്.

"ഈ നവീനപദ്ധതി അഥവാ 'വസിയ്യത്ത്' സംവിധാനം പൂർത്തിയാവുന്നതോടെ സത്യമതത്തിന്റെ കീഴിൽ ഓരോ വ്യക്തിയുടെയും ആവശ്യം പൂർത്തീകരിക്കപ്പെടുന്നതാണ്. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടും. അനാഥൻ ഭിക്ഷ യാചിക്കേണ്ടിവരില്ല. വിധവയ്ക്ക് ബഹുജനസമക്ഷം കൈനീട്ടേണ്ടി വരികയും ഇല്ല. ഈ സംവിധാനം ശിശുക്കളുടെ മാതാവും യുവാക്കളുടെ പിതാവും സ്ത്രീകളുടെ ആശ്രയവും ആയിത്തീരും. സമ്മർദ്ദത്തിന് വശംവദരാവാതെ ആത്മാർത്ഥമായ സ്നേഹവാത്സല്യത്തോടെ സഹോദരങ്ങൾക്ക് സഹായം കിട്ടിത്തുടങ്ങുന്നതാണ്. പ്രതിഫലേച്ഛ കൂടാതെയായിരിക്കും ദാനം ചെയ്യുന്നവർ ദാനം ചെയ്യുന്നത്. ധർമ്മം ചെയ്യുന്ന ഒരോരുത്തർക്കും അല്ലാഹുവിങ്കൽനിന്ന്

അന്ന്കിട്ടുന്നത് കൂടുതൽ ഗുണകരമായ പ്രതിഫലമായിരിക്കും. ധനവാന്മാരും നഷ്ടത്തിലാവില്ല. ദരിദ്രനും നഷ്ടത്തിലാവില്ല. ഒരു സമൂഹം മറ്റൊരു സമൂഹത്തോട് പോരിന് പുറപ്പെടുന്നതല്ല. നന്മ ലോകത്ത് സർവ്വത്ര വ്യാപകമായിരിക്കും." (*നിസാമെ നൗ, പു. 130*)

"ഒരു കാലം ഇതാ സമാഗതമായിരിക്കുന്നു. നമുക്ക് ഒരു പുതിയ വ്യവസ്ഥിതിയുടെ ആവശ്യമുണ്ട് എന്ന് നാനാഭാഗത്തുനിന്നും ഉച്ചത്തിൽ വിളിച്ചുപറയുന്ന കാലം. വരൂ, നിങ്ങളുടെ മുമ്പിൽ ഒരു പുതിയ വ്യവസ്ഥിതി ഇതാ ഞങ്ങൾ സമർപ്പിക്കുന്നുവെന്ന് ഉൽഘോഷിച്ചുകൊണ്ട്, വരൂ, ഞങ്ങൾ നിങ്ങൾക്ക് ഒരു നവീനപദ്ധതി ആവിഷ്കരിച്ചുതരാം എന്ന് റഷ്യക്കാർ പറയുന്നതാണ്. ബ്രിട്ടീഷുകാരിൽ അതേശബ്ദം ഉയരുന്നതാണ്. ജർമ്മനിയും ഇറ്റലിയും പറയുന്നതാണ് ഞങ്ങൾ നിങ്ങൾക്ക് ഒരു പുതിയ വ്യവസ്ഥിതി നല്കുന്നതാണ്. ഞങ്ങൾ നിങ്ങൾക്ക് ഒരു നവീനസമ്പ്രദായം ആവിഷ്കരിച്ചുതരാം എന്ന് അമേരിക്ക പറയുന്നതാണ്. ആ സന്ദർഭത്തിൽ ഖാദിയാനിൽനിന്ന് എന്റെ പ്രതിനിധി 'അൽവസിയ്യത്തിലാണ് ആ നവീനപദ്ധതിയുള്ളത് എന്ന് വിളിച്ചു പറയും. ലോകം വിജയത്തിന്റേയും ക്ഷേമത്തിന്റേയും മാർഗ്ഗത്തിൽ ചരിച്ചുകാണണമെങ്കിൽ 'അൽവസിയ്യത്ത്' എന്ന പദ്ധതി ലോകത്ത് നടപ്പിൽ വരുത്തുക." (നിസാമേ നൗ, പു. 177)

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വസിയ്യത്തിന്റെ പ്രത്യേകതയും പ്രാധാന്യവും ഊന്നിപ്പറഞ്ഞുകൊണ്ട് ഒരു ഖുത്ബ കേൾപ്പിക്കുകയുണ്ടായി.

'വസിയ്യത്ത്' എന്നത് വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു സംവിധാനമത്രെ. ഇത് സംസ്ഥാപിതമായിട്ടുള്ളത് അല്ലാഹുതആലാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രത്യേകമായി നല്കിയിട്ടുള്ള ഒരു ദൈവികഅറിയിപ്പിന്റെ അടിസ്ഥാനത്തിലാണ്. ഒരു സത്യവിശ്വാസിക്ക് ഒരിക്കലും ഇതിന്റെ പ്രാധാന്യവും മഹത്വവും നിരാകരിക്കാനാവില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) ആവിഷ്കരിച്ചിട്ടുള്ള എല്ലാ പരിപാടികളും പദ്ധതികളും ദൈവികഅറിയിപ്പുകളുടെ അടിസ്ഥാനത്തിലുള്ള തുതന്നെ. എന്നാൽ വസിയ്യത്ത് വ്യവസ്ഥിതി പ്രത്യേകമായ നിലയിൽ അല്ലാഹു ആ പുണ്യാത്മാവിന് നല്കിയിട്ടുള്ള ഉൽബോധനത്തിന്റെ വെളിച്ചത്തിലാണ്." (*പെരുന്നാൾ ഖുത്ബ, 4.5.1928*)

ചുരുക്കത്തിൽ വസിയ്യത്ത് പദ്ധതിയിൽ ഇനിയും ചേർന്നിട്ടില്ലാത്ത സഹോദരങ്ങൾ തങ്ങൾ സ്വീകരിച്ചിട്ടുള്ള ആത്മീയഭിഷഗ്വരന്റെ ചികിത്സ പൂർണ്ണമായും ഉൾക്കൊള്ളാത്തവരത്രെ. ഒരു രോഗിക്ക് പൂർണ്ണമായും രോഗശമനം കിട്ടുന്നത് ഒരു ഡോക്ടറുടെ ചികിത്സാമുറകൾ ഉൾക്കൊള്ളുമ്പോൾ മാത്രമാണ്. പകുതി രോഗിയുടെ ഉദ്ദേശ്യവും പകുതി ഡോക്ടറുടെ നിർദ്ദേശവും സ്വീകരിച്ച് രോഗശമനം ആഗ്രഹിക്കുന്നതിൽ അർത്ഥമില്ല. ദജ്ജാലീഫിത്നയിൽനിന്ന് പൂർണ്ണമായും സുരക്ഷിതമാവുകയും ആഗതനായ ആത്മീയഭിഷഗ്വരനെ യഥോചിതം പിന്തുടരുകയും അനുസരിക്കുകയും ചെയ്യാതെ ആത്മീയബലഹീനതകളിൽനിന്നും സ്വഭാവദൂഷ്യത്തിൽനിന്നും അകന്നുനില്ക്കാനാവില്ല. സാമ്പത്തികത്യാഗം ഇത്തരുണത്തിൽ പരമപ്രധാനമാണ്. (എല്ലാ ഓരോ സമൂഹത്തിനും ഒരു പരീക്ഷണമുണ്ട്. എന്റെ സമുദായത്തിന്റെ പരീക്ഷണം സമ്പത്താണ്) എന്ന തിരുനബിയുടെ തിരുവാക്യം ഈ സന്ദർഭത്തിൽ തികച്ചും ശ്രദ്ധേയവും പ്രസക്തവുമാകുന്നു.

വസിയ്യത്തിന്റെ നിബന്ധനകൾ വളരെയേറെ കടുപ്പമുള്ളതും നാം ബലഹീനരുമാണെന്ന് പൊതുവെ ഒരു ധാരണയുണ്ട്. ഇത്തരം നിബന്ധനകൾ പൂർത്തിയാക്കി ഒരു 'മൂസി'യായി അഥവാ വസിയ്യത്ത് ചെയ്ത ആളായിജീവിക്കുകയെന്നത് പ്രയാസകരമാണെന്നും പറയാറുണ്ട്. എന്നാൽ അത് ശരിയല്ല. വസിയ്യത്തിന്റെ നിബന്ധനകൾ ബൈഅത്തിന്റെ നിബന്ധനകൾ പുതുക്കുകയെന്നതത്രെ. അതോടൊപ്പം സാമ്പത്തികത്യാഗത്തിനുള്ള ഒരു വാഗ്ദാനം ചെയ്യുന്നു. എന്നാൽ അല്ലാഹുവിങ്കൽ എല്ലാം തവക്കുൽ ചെയ്ത് വസിയ്യത്ത് ചെയ്യുന്ന ആൾക്ക് നിബന്ധനകൾ പൂർത്തിയാക്കി സാത്വികനായി ജീവിക്കാനുള്ള മാർഗ്ഗം അല്ലാഹു ഒരുക്കുന്നതാണ്.

ആത്മസംസ്ക്കരണത്തിനുള്ള ഒരു ഉത്തമ മാർഗ്ഗമായാണ് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വസിയ്യത്ത് പദ്ധതിയെ വിശേഷിപ്പിച്ചിട്ടുള്ളത്. സത്യവിശ്വാസത്തിനുള്ള ഒരു പരീക്ഷണമാണ് 'വസിയ്യത്ത്'. യഥാർത്ഥ വിശ്വാസി ആരാണ്, അവിശ്വാസി ആരാണ് എന്ന് പരീക്ഷിക്കുന്നതിന്. (പറയൂ, തീർച്ചയായും എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക പരിപാലകനായ അല്ലാഹുവിനാണ് എന്ന്) ഈ വിശുദ്ധഖുർആൻ അദ്ധ്യാപനത്തിന്റെ വെളിച്ചത്തിലാണ് മതപരവും സാമൂഹികവുമായ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും എന്റെ ജീവനും ധനവും സമയവും മാനവും ബലിയർപ്പിക്കാൻ സന്നദ്ധനാണെന്ന് ഓരോ അഹ്മദിയും പ്രതിജ്ഞ ചെയ്യുന്നത്. ഒരു അഹ്മദി മൂസിയായിത്തീരുമ്പോഴാണ് നാവുകൊണ്ടുള്ള ഈ ഏറ്റുപറയൽ പ്രയോഗത്തിൽവരുന്നത്. അതിനാൽ കാലത്തിന്റെ ഇമാമിൽനിന്നുണ്ടായ അതിപ്രധാനമായ ഈ ആഹ്വാനത്തിന് ലബ്ബൈക്ക് പറയേണ്ടത് യഥാർത്ഥ അഹ്മദികളുടെ കർത്തവ്യമാകുന്നു. ●

ലേഖനം

എ.ക്യു. മഹ്ദി

# മലയാളമണ്ണിൽ അന്തിയുറങ്ങുന്ന ബംഗാളിയുവാവ്

**മാ**ർച്ച് ഏഴ് തിങ്കൾ. ഉച്ചയൂണ് കഴിഞ്ഞ്, ചെറിയൊരു പകൽമയക്കത്തിലേക്ക് ചാഞ്ഞുതുടങ്ങിയപ്പോഴാണ് തൊട്ടരികിലിരുന്ന മൊബൈൽ ഫോൺ ശബ്ദിച്ചത്. തീരെ അപരിചിതമായ ഏതോ പുറംസംസ്ഥാനത്തെ കോഡ്നമ്പരാണ് സ്ക്രീനിൽ തെളിഞ്ഞത്. ഉറക്കം മുറിഞ്ഞുപോയ ആലസ്യത്തിൽ തെല്ലൊരു നിർവികാരഭാവത്തോടെയാണ് ഫോൺ അറ്റന്റ് ചെയ്തത്.

"അസ്സലാമുഅലൈക്കും....." ഒരപരിചിതന്റെ സലാം. ഏതോ അഹ്മദി സഹോദരനാണെന്ന് തോന്നിയപ്പോൾ ഞാൻ ഉഷാറായി. സലാം മടക്കിക്കഴിഞ്ഞപ്പോൾ വെസ്റ്റ്ബംഗാളിൽ നിന്നാണ് ആ കാൾ എന്ന് മനസ്സിലായി.

പശ്ചിമബംഗാളിലെ സിലിഗുഡിയിൽനിന്നും ജമാഅത്ത് മുഅല്ലിം ജനാബ് റഷീദ് സാഹിബാണ് വിളിച്ചത്. ഉർദുവിലാണ് സംഭാഷണം. അദ്ദേഹത്തിന്റെ വാക്കുകളിലൊരു പരിഭ്രമത്തിന്റെ പതർച്ചയുണ്ടായിരുന്നു. കോഴിക്കോട്ടേക്ക് വിളിച്ചപ്പോൾ മൗലവി ഉമർ സാഹിബാണത്രെ എന്റെ നമ്പർ കൊടുത്തത്. വിഷയം അതീവഗൗരവമുള്ള ഏതോ ആണെന്ന് തോന്നിയപ്പോൾ പെട്ടെന്ന് ഞാൻ ജാഗരൂകനായി.

പശ്ചിമബംഗാളിൽനിന്നും കേരളത്തിലെ ചെങ്ങന്നൂർ എന്ന സ്ഥലത്തുള്ള ഒരു ഇഷ്ടികക്കമ്പനിയിൽ പണിയെടുക്കുന്ന ഒരഹ്മദിയുവാവ്, അദ്ദേഹം ജോലിക്കെത്തിയിട്ട് കേവലം രണ്ടാഴ്ചയേ ആയിട്ടുള്ളൂ, അപകടമരണത്തിന്നിരയായി എന്ന് നാട്ടിൽ അറിവുകിട്ടിയിരിക്കുന്നു, ഉടൻതന്നെ നേരിട്ടുപോയി വേണ്ടത് ചെയ്യണം- ഇതാണ് ഫോൺ സന്ദേശത്തിന്റെ ഏകദേശ ഉള്ളടക്കം. കൂടുതൽ വിവരമൊന്നും ഫോൺചെയ്ത റഷീദ് സാഹിബിനും അറിയില്ല. കാരണം, സിലിഗുഡിയിൽനിന്നും തെല്ലകലെ, പശ്ചിമബംഗാളിലെ ജൽപ്പൈഗുഡി ജില്ലയിൽ സിങ്ങിമാരി എന്ന ഗ്രാമത്തിൽനിന്നുള്ള ഒരഹ്മദി കുടുംബത്തിലെ അംഗമാണ് മരണപ്പെട്ട യുവാവ്. ഒരു ദരിദ്രകുടുംബം. ഇഷ്ടികക്കമ്പനിയുടെ പേര് എ.വി.എം. ബ്രിക്സ്, ചെങ്ങന്നൂർ.

എനിക്ക് ഉർദു വേണ്ടനിലയിൽ വശമില്ലാത്തതുകൊണ്ടും, ഒരു വിദൂരകാൾ ആയതിനാൽ ധൃതിപിടിച്ച് മൂപ്പർ സംഭാഷണം നടത്തിയതിനാലും, അദ്ദേഹം പറഞ്ഞതിൽനിന്ന് പൂർണ്ണവും വ്യക്തവുമായ ഒരു ചിത്രം ലഭിച്ചില്ല. ഒരു ദുരന്തവാർത്ത അറിയിക്കുന്നതിലുള്ള ഉൽകണ്ഠാഭാവം അദ്ദേഹത്തിന്റെ വാക്കുകളെ ഞെരുക്കിയിരുന്നതിനാൽ സംഭാഷണത്തിൽ ഒട്ടാകെ ഒരു അവ്യക്തത നിലനിന്നിരുന്നു.

ദുരന്തത്തിന്നിരയായ ചെറുപ്പക്കാരന്റെ പേരുൾപ്പടെ വിവരങ്ങളൊന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നില്ലല്ലോ എന്ന ഖേദം എന്നെ തളർത്തി. കൊല്ലം ജമാഅത്തിന്റെ നമ്പർ, റഷീദ് സാഹിബിനു കൊടുക്കാനാണ് എനിക്കപ്പോൾ തോന്നിയത്. ജമാഅത്ത് ക്വാർട്ടേഴ്സിൽ മൗലവി നാസർ സാഹിബ് ഉണ്ട്. ഉർദു അറിയാവുന്ന അദ്ദേഹത്തോട് പൂർണ്ണവിവരങ്ങൾ സംസാരിക്കാൻ ഞാൻ നിർദ്ദേശിച്ചു. പിന്നീട് ബാക്കിയൊക്കെ ഞാൻ ചെയ്തുകൊള്ളാമെന്നും അറിയിച്ചു.

ചെങ്ങന്നൂർ കൊല്ലം ജില്ലയിലല്ല, തൊട്ടടുത്തുമല്ല. 70 കി.മീറ്റർ വഴിദൂരമുണ്ട്. അവിടെ നേരിട്ടുപോയാലേ വിവരം അന്വേഷിച്ചറിയാനാവൂ. അവിടെ, ഏതുഭാഗത്താവും ഈ ഇഷ്ടിക ഫാക്ടറി? ചെങ്ങന്നൂർപോയി വിവരം തെരയാനാണ് ഞാൻ തീരുമാനിച്ചത്.

ഇതിനിടെ നാസർ മൗലവിയുടെ ഫോൺ വന്നു. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതിലേറെ കാര്യങ്ങൾ അദ്ദേഹം കേട്ടുവെങ്കിലും, പൂർണ്ണമായ ഒരു ചിത്രം മൗലവി സാഹിബിനും ലഭിച്ചില്ല എന്ന് മനസ്സിലായി.

ചെങ്ങന്നൂരിന് തൊട്ടടുത്ത പട്ടണമാണ് തിരുവല്ല. തിരുവല്ല പോലീസ് സബ്ഇൻസ്പെക്ടർ ഒരു അഹ്മദി സഹോദരനാണ്, മാത്ര സ്വദേശി ജനാബ് ഹുസൈൻ സാഹിബ്.

ഹുസൈൻ സാഹിബിന്റെ സഹായം തേടാനായി പിന്നീടുള്ള ശ്രമം. ഫോൺ ചെയ്ത് വിവരം പറഞ്ഞപ്പോൾ, ഏതുതരത്തിലുള്ള സഹായത്തിനും അദ്ദേഹം തയ്യാറാണെന്ന് വ്യക്തമാക്കി. ചെങ്ങന്നൂർ പോലീസിൽ വിളിച്ച് വിവരം അന്വേഷിക്കാമെന്ന് അദ്ദേഹം ഏറ്റു. ഇതിനിടെ പലപ്രാവശ്യം സിംഗിമാരിയിൽനിന്നും, തിരികെയും, ഫോൺകാളുകൾ കൈമാറി.

അൽപംകൂടി വിശദമായ വിവരം എറണാകു

ളത്ത് പണിയെടുക്കുന്ന മറ്റൊരു ബംഗാളിയുവാവിൽനിന്നും ഫോണിലൂടെ ലഭ്യമായി. അയാൾ പിന്നീട് സ്ഥലത്തെത്തുകയും ചെയ്തു. അയാളിൽ നിന്നാണ്, ഈ ഇഷ്ടികക്കമ്പനി ചെങ്ങന്നൂരല്ല, കൊല്ലം ജില്ലയിൽ, ടൗണിൽനിന്ന് 15 കി.മീറ്റർ അകലെയുള്ള കണ്ണനല്ലൂർ എന്ന ചെറുപട്ടണത്തിന്നടുത്തുള്ള മുട്ടയ്ക്കാവ് എന്ന സ്ഥലത്താണെന്ന വിവരം കിട്ടുന്നത്.

ഉടൻതന്നെ മൗലവി നാസർ സാഹിബിനെ വിവരം അന്വേഷിക്കാൻ സംഭവസ്ഥലത്തേക്ക് അയച്ചു. അദ്ദേഹം തന്റെ ബൈക്കിൽ പുറപ്പെട്ടു. വിവരങ്ങളൊക്കെ അപ്പോഴപ്പോൾ മൗലവി ഉമർ സാഹിബിനെ ഞാനറിയിച്ചുകൊണ്ടിരുന്നു. മൗലവി നാസർ സാഹിബ് മടങ്ങിവന്ന് പൂർണ്ണമായ ഒരു വിവരണം എനിക്കു നൽകി.

തലേദിവസം ഞായറാഴ്ചയാണ് സംഭവം നടന്നിരിക്കുന്നത്. ഫാക്ടറി ഒഴിവുദിവസം, പകൽ മൂന്നുമണിക്ക്, ബംഗാളിൽനിന്നുള്ള 4 കുട്ടികൾ തൊട്ടടുത്തുള്ള ഒരു ജലാശയത്തിൽ കുളിക്കാനിറങ്ങി. അവരിലാർക്കും നീന്തലറിയില്ലായിരുന്നു. ഇഷ്ടിക നിർമ്മിക്കാൻ വേണ്ട ചെളി കുഴിച്ചെടുക്കുമ്പോൾ ഉണ്ടാകുന്ന ആഴമുള്ള കുഴിയിടങ്ങളിൽ മഴവെള്ളം കെട്ടിനിന്നാണ് ഇത്തരം ജലാശയങ്ങൾ രൂപംകൊള്ളുന്നത്. ഈ ജലശേഖരത്തിൽ എവിടെയൊക്കെ എത്രകണ്ട് ആഴം ഉണ്ടാവുമെന്ന് പുതുതായി വന്ന ഈ ചെറുപ്പക്കാർക്ക് അറിയില്ലായിരുന്നു. മരണപ്പെട്ട യുവാവ് ജലപ്പരപ്പിൽ അല്പംകൂടി ഉള്ളിലേക്ക് കുളിക്കാൻ നീന്തിയപ്പോൾ വലിയൊരു നീർകുഴിയിൽ അകപ്പെട്ട് മുങ്ങിപ്പോവുകയായിന്നു. രക്ഷിക്കാനുള്ള ശ്രമം പാഴിലായി. മറ്റുമൂന്നുപേരും നിലവിളിച്ച് ബഹളംകൂട്ടി ആൾക്കാരെ വരുത്തിയപ്പോഴേക്കും യുവാവ് ആഴത്തിലേക്ക് മുങ്ങിപ്പോയിരുന്നു.

ഇതൊരു തീരെചെറിയ ഇഷ്ടികക്കമ്പനിയാണ്. രണ്ടുമൂന്നു പേർചേർന്ന് ലീസിനെടുത്ത് നടത്തുന്ന ഒരു കൊച്ചുഫാക്ടറി. ഇത്തരം നിരവധി ഫാക്ടറികൾ ഈ പ്രദേശത്തുണ്ട്.

ഉടമസ്ഥർ ഉടൻതന്നെ പാഞ്ഞെത്തി. 45 മിനിറ്റിനുശേഷമാണ് മൃതദേഹംതന്നെ കിട്ടിയത്. അവർ ഉടൻതന്നെ കൊല്ലംജില്ലാ ആശുപത്രിയിൽ എത്തിക്കുകയും, പോലീസിൽ വിവരം അറിയിക്കുകയും ചെയ്തു. പോലീസ് നിർദ്ദേശപ്രകാരം പോസ്റ്റ്മോർട്ടത്തിനുശേഷം ജില്ലാആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ചു.

മരണം നടന്നത് ഞായറാഴ്ചയാണ്. ഞങ്ങൾ വിവരം അറിഞ്ഞത് തിങ്കളാഴ്ച വൈകിട്ടും. വീണ്ടും സിംഗിമാരി ഗ്രാമവുമായി ബന്ധപ്പെട്ടു. തീരെ ദരിദ്രമായ ഒരു കുടുംബത്തിലെ അംഗമായിരുന്നു മരണമടഞ്ഞ അബീൽ. കൗമാരപ്രായം കടന്നിട്ടേയുള്ളൂ, 19 വയസ്സ്.

കൊടിയദാരിദ്ര്യം കൊണ്ടാണ്, ഇത്ര ദൂരെവന്ന് കായികാധ്വാനമുള്ള ഒരു പണിയിൽ ഏർപ്പെടാൻ മുതിർന്നത്.

അബീലിന്റെ ഉമ്മയേയും, ഉപ്പയേയും, സഹോദരങ്ങളേയും ബന്ധുജനങ്ങളെയുമൊക്കെ ഞാൻ മനസ്സിലോർത്തു. എന്തു തീവ്രമായ ദുഃഖമാണ വർക്കുണ്ടായിരിക്കുക. 15 ദിവസം മുമ്പുമാത്രമാണ് മകൻ ജോലിതേടി വിദൂരമായ ഒരന്യസംസ്ഥാനത്ത് പോയത്. ഇതിനകം ആദ്യമാസത്തെ ശമ്പളത്തിന്റെ മണിയോർഡർകൂടി കൈപ്പറ്റാൻ ആ സാധുകുടുംബത്തിന് സമയമായില്ല, കിട്ടിയതോ മകന്റെ മരണവാർത്തയും.

മയ്യിത്ത് എങ്ങനെയെങ്കിലും നാട്ടിലെത്തിച്ചുതരണമെന്ന അപേക്ഷ, അബീലിന്റെ വീട്ടുകാരിൽ നിന്നുണ്ടായി. അപ്പോഴേക്കും ഈ ദുരന്തം സംഭവിച്ചിട്ട് രണ്ട് ദിവസം കഴിഞ്ഞിരുന്നു.

എന്താണ് ചെയ്യുക? ആംബുലൻസിൽ കൊണ്ടുപോകാൻ ശ്രമിച്ചാൽ നിരവധി പ്രശ്നങ്ങൾ ബാക്കിനിൽക്കുന്നു. കടമ്പകളിൽ പ്രധാനം പോലീസ് രേഖകൾതന്നെ. അവയുണ്ടെങ്കിലേ ചെക്ക്പോസ്റ്റുകൾ കടന്നുപോകാനാവൂ. പേപ്പറുകൾ ശരിയാവാൻ ഇനിയും രണ്ടുമൂന്ന് ദിവസത്തെ ശ്രമം വേണ്ടിവരുമെന്നറിവായി. അതുവരെ മോർച്ചറിയിൽ സൂക്ഷിക്കുക പ്രായോഗികവുമല്ല.

ആംബുലൻസിന് അവർ ആവശ്യപ്പെട്ട വാടക 80,000 രൂപയാണ്. 3750 കി.മീറ്റർ ദൂരമുണ്ട്. ആംബുലൻസിനുള്ളിലായാൽപ്പോലും ഒരു മൊബൈൽ മോർച്ചറിയൂണിറ്റ് വെച്ച്, അതിൽ കിടത്തിയേ കൊണ്ടുപോകാനാവൂ.

അബീലിനോടൊപ്പം ജോലിക്കുവന്ന മറ്റുമൂന്ന് ചെറുപ്പക്കാരും ആഹാരംപോലും കഴിക്കാതെ, തളർന്ന് മനസ്സുമായി, ഫാക്ടറിയിൽ ഇരിക്കുമ്പോഴാണ് മൗലവി നാസർസാഹിബ് അവിടെയെത്തുന്നത്. സർവ്വശക്തനായ അല്ലാഹു, അവർക്ക് ആശ്വാസം നൽകാൻ അയച്ച ഒരാളാണ് മൗലവി സാഹിബ് എന്ന് ആ കുട്ടികൾക്ക് തോന്നിയിരിക്കണം.

മൗലവി സാഹിബ് അവരെ ആശ്വസിപ്പിച്ചു, ഭക്ഷണം വാങ്ങിക്കൊടുത്തു, കൊല്ലം പള്ളിയിൽ കൊണ്ടുവന്ന് താമസിപ്പിക്കകൂടി ചെയ്തു. ഇത് മരണം നടന്നതിന്റെ പിറ്റേന്നാൾ തിങ്കളാഴ്ച വൈകിട്ടാണ്.

ഒരുദിവസംകൂടി കടന്നുപോകുന്നു. ഇത്ര ഭാരിച്ച ചെലവുകൾ വഹിച്ച് മയ്യിത്ത് ബംഗാളിലേക്ക് കൊണ്ടുവരേണ്ടതില്ലെന്നും ഇവിടെത്തെ അഹ്മദിയ്യാ ശ്മശാനത്തിൽതന്നെ അടക്കിയാൽ മതിയെന്നും ചൊവ്വാഴ്ച അറിയിപ്പുകിട്ടി. മരണം നടന്നിട്ട് അപ്പോഴേക്കും രണ്ടുനാൾ കഴിഞ്ഞിരുന്നു.

കൊല്ലത്ത് നമുക്ക് ശ്മശാനമില്ല. ഉടൻതന്നെ

ഞങ്ങൾ കരുനാഗപ്പള്ളി ജമാഅത്ത് അമീർ ജനാബ് അബ്ദുൽ ജലീൽ സാഹിബിന് വിവരം നൽകി. അദ്ദേഹം പൊതുജമാഅത്തിനെ അറിയിച്ചിട്ട് ശ്മശാനത്തിൽ ഖബറടക്കാനുള്ള ഏർപ്പാടുകൾ തുടങ്ങി.

ജീവിതത്തിൽ ആദ്യമായാണ് ഞാനൊരു മോർച്ചറി തൊട്ടരികെ നേരിൽ കാണുന്നത്. കാക്കി യൂണിഫോമിട്ട അറ്റന്റർമാർ ഫ്രീസർ ബോക്സിൽ നിന്നും മൃതദേഹം പുറത്തെടുത്തു.

അബീലിനെ ഞാൻ ആദ്യമായി കാണുകയാണ്. വെളുത്തുമെലിഞ്ഞ ഒരു യുവാവ്. ഉറങ്ങിക്കിടന്നതുപോലെ തോന്നി ആ മുഖം കണ്ടപ്പോൾ. എന്റെ മകനെപ്പറ്റിയാണ് ഞാനപ്പോഴോർത്തത്. കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി. അവിടെ കാത്തുനിന്ന അബീലിന്റെ ബംഗാളി സുഹൃത്തുക്കൾ രംഗം കണ്ട് വിതുമ്പിക്കരഞ്ഞു.

മരിച്ച ആ ചെറുപ്പക്കാരന് ഒരിക്കലും ഒരു കായികതൊഴിലാളിയുടെ രൂപവും ഭാവവും തോന്നിയില്ല; ഒരു കോളേജ് വിദ്യാർത്ഥിയുടെ രൂപമാണ് അയാൾക്കുണ്ടായിരുന്നത്.

സ്വന്തം കുടുംബത്തിന്റെ ദാരിദ്ര്യവും കഷ്ടപ്പാടും ഓർത്ത് ഇത്ര വിദൂരമായ ഒരന്യസ്ഥലത്തേക്ക് ജോലിതേടി വന്നതാണയാൾ. ആ യുവാവിന്റെ ഭൗതികശരീരംപോലും കാണാൻ പശ്ചിമ ബംഗാളിലെ ആ കൊച്ചുഗ്രാമത്തിനും, വീട്ടുകാർക്കും കഴിയാതെ വന്നിരിക്കുന്നു. ആ മാതാപിതാക്കളുടെ ദയനീയാവസ്ഥയെപ്പറ്റിയുള്ള ചിന്ത ഒരിക്കൽകൂടി എന്റെ മനസ്സിൽ ഒരു വിഷാദഭാവം പോലെ പടർന്നുനിന്നു.

***കുല്ലു നഫ്സിൻ ദാഇകതുൽ മൗത്-*** എല്ലാ ആത്മാവും മരണത്തെ രുചിച്ചറിയുന്നു.

ചിലത് സ്വാഭാവിക മരണം, മറ്റുചിലവ അപകട മരണം, ഏതായാലും; ആത്മാവ് മരണത്തെ രുചിച്ചറിയൽ തന്നെ.

ആംബുലൻസിന്റെ പിൻവാതിൽ തുറക്കപ്പെട്ടു. ഇപ്പോൾ അബീലിന്റെ ചലനമറ്റ ശരീരവും, ബംഗാളിൽനിന്നുവന്ന കുറേ കൂട്ടുകാരും മാത്രം വാഹനത്തിനുള്ളിൽ. ദുഃഖാർദ്രമായ നിമിഷങ്ങൾ.

ആംബുലൻസിന് തൊട്ടുമുന്നിൽ ഒരു കാറിൽ ഞാനും, മൗലവി നാസർ സാഹിബും, കൊല്ലം ജമാഅത്ത് പ്രസിഡന്റ് അബ്ദുൽ റഷീദ് സാഹിബും സഞ്ചരിച്ചപ്പോൾ, പിന്നിൽ ഇഷ്ടികക്കമ്പനിയുടെ ഉടമസ്ഥരും അവർ ഏർപ്പാടുചെയ്ത വാഹനങ്ങളിൽ ബംഗാളിൽനിന്നും വന്ന മറ്റു ചെറുപ്പക്കാരും അനുഗമിച്ചു.

കരുനാഗപ്പള്ളിയിലെ ശ്മശാനത്തിൽ എത്തിയപ്പോൾ ജമാഅത്ത് അമീർ ജനാബ് അബ്ദുൽ ജലീൽ സാഹിബും, നിരവധി സഹോദരന്മാരും, വളരെയധികം ഖാദിമീങ്ങളും പ്രവർത്തനസജ്ജരായി കാത്തുനിൽപ്പുണ്ടായിരുന്നു.

മഗ്രിബിനു മുമ്പ് അടക്കം ചെയ്യാൻ കഴിഞ്ഞു. ബംഗാളിൽനിന്നും കൊല്ലത്തെ വിവിധ കമ്പനികളിൽ പണിയെടുക്കുന്ന കുറേ മുസ്ലിം ചെറുപ്പക്കാരും ഖബറടക്കത്തിൽ പങ്കുകൊണ്ടു. അവരിൽ ആറേഴുപേരെങ്കിലും അനഹ്മദികളായുണ്ട്. ആ അഹ്മദി സഹോദരന്മാരുടെ വിവരം ഇനിയും ശേഖരിക്കേണ്ടിയിരിക്കുന്നു. അവരെ കൊല്ലം ജമാഅത്തുമായി ബന്ധപ്പെടുത്താനുള്ള ശ്രമത്തിലാണ് ഞങ്ങളിപ്പോൾ.

ഒരുകാര്യം ഇവിടെ സൂചിപ്പിക്കാതെ വയ്യ. ഇഷ്ടികക്കമ്പനിയുടെ ഉടമസ്ഥരായ മൂന്ന് മുസ്ലിം സഹോദരന്മാർ, ആദ്യം അപകടമരണം സംഭവിച്ചുകഴിഞ്ഞപ്പോൾ വല്ലാതെ പരിഭ്രമിച്ചുപോയി. മയ്യിത്ത് ബംഗാളിലേക്ക് അയക്കുക പ്രായോഗികമല്ല, ഇവിടെ ഇത് ആര് ഏറ്റുവാങ്ങും, എവിടെ സംസ്കരിക്കും, കോർപ്പറേഷൻവക പൊതുശ്മശാനത്തിൽ മറവുചെയ്യാൻ പോലീസ് നിർദ്ദേശിക്കുമോ, എന്നൊക്കെയുള്ള ആശങ്കയിലായിരുന്നു നല്ലവരായ ആ മൂന്നുപേരും. അൽഹംദുലില്ലാ, അവർ ഇപ്പോൾ അത്ഭുതത്തോടെ അറിയുന്നു, മറുനാട്ടിലെ സാധാരണക്കാരനായ ഒരു അഹ്മദി ചെറുപ്പക്കാരന് മരണം സംഭവിച്ചപ്പോൾ, അത് കേട്ടറിഞ്ഞപ്പോൾതന്നെ കേരളത്തിലെ അഹ്മദീ സഹോദരന്മാർ പാഞ്ഞെത്തി കാണിച്ച സ്നേഹം, ഉദാത്തമായ സേവനം, സഹായം അവരുടെ കൂട്ടായ്മ ഇതൊക്കെയാണ് അഹ്മദികളുടെ രീതിയെങ്കിൽ, ഇവരുടെ വിശ്വാസപ്രമാണങ്ങളിലും എവിടെയും തെറ്റുപറ്റാനിടയില്ല എന്ന്. അത്ര സാമ്പത്തികസ്ഥിതിയൊന്നും ഇല്ലാത്ത ആ മൂന്ന് പാർട്ട്ണർമാരും, അവരാൽ കഴിയുന്ന എല്ലാ സഹായങ്ങളും യഥാവസരംതന്നെ ചെയ്തുവെന്നത് കൂടാതെ, ജനാസ നമസ്കാരത്തിൽ പങ്കെടുക്കുകൂടി ചെയ്തു.

അങ്ങനെ കേരളമണ്ണിൽ, കരുനാഗപ്പള്ളി ജമാഅത്ത് ശ്മശാനത്തിൽ വംഗദേശത്തെ ഒരു അഹ്മദി യുവാവിന്റെ ഖബറടക്കം നടത്തപ്പെട്ടിരിക്കുന്നു.

ഇതിൽ സർവ്വാത്മനാ സഹകരിച്ച കരുനാഗപ്പള്ളി ജമാഅത്തിലെ എല്ലാ അംഗങ്ങളേയും വിശിഷ്യാ ഖാദിമീങ്ങളേയും കരുനാഗപ്പള്ളി അമീർ പ്രൊഫസർ അബ്ദുൽ ജലീൽ സാഹിബിനേയും കൊല്ലം ജമാഅത്ത് മുബല്ലിഗ് മൗലവി നാസർ സാഹിബിനേയും, നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഞാനീ വാക്കുകൾ ഇവിടെ അവസാനിപ്പിക്കുന്നു.

***ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ-*** നമ്മൾ അല്ലാഹുവിനുള്ളവരാണ്. തീർച്ചയായും അവനിലേക്കു മടങ്ങേണ്ടവരുമാണ്

●

(*പേജ് 14-ൽ നിന്ന് ............*)

ല്ല. ചില പെൺകുട്ടികളുടെ കത്ത് ലഭിക്കാറുണ്ട്. ഭർതൃഗൃഹത്തിൽനിന്നും ഭർത്താവിൽനിന്നും നീ ഒന്നും കൊണ്ടുവന്നില്ല എന്നുപറഞ്ഞുകൊണ്ടുള്ള കുത്തുവാക്കുകൾ കേൾക്കേണ്ടിവരുന്ന പെൺകുട്ടികളുടേതാണത്. പാക്കിസ്ഥാനിൽ വിവാഹം കഴിഞ്ഞ് ചിലർ വിദേശത്ത് വരാറുണ്ട്. അവിടെച്ചെന്ന് എല്ലാം ഭാര്യവീട്ടിൽനിന്ന് വാങ്ങണമെന്ന ഉദ്ദേശ്യത്തോടെ വരുന്നവരുമുണ്ട്. വീട് എന്റെ പേരിലാക്കിത്തരിക, ഇന്നത് എന്റെ പേരിലാക്കുക എന്ന് പറഞ്ഞ് അത്തരക്കാർ അവകാശമുന്നയിക്കാൻ തുടങ്ങുന്നു. ബന്ധുക്കളുടെ സ്വാധീനത്തിന് വഴങ്ങി ഇത്തരം നിന്ദ്യമായ പ്രവർത്തനം ചെയ്യുന്നവരുമുണ്ട്. അത് കേൾക്കുമ്പോൾ ലജ്ജ തോന്നുന്നു. ഇവരിൽ ചിലർ തങ്ങൾ വലിയ കുടുംബക്കാരാണെന്ന് ഊറ്റംകൊള്ളുന്നവരാണ്. **അത്തരം യുവാക്കളും കുടുംബക്കാരും തങ്ങളിൽ മാറ്റമുണ്ടാക്കിത്തീർക്കേണ്ടതാണ്. അല്ലാഹുവിനെ ഭയപ്പെടുക. അല്ലെങ്കിൽ അത്തരം തരംതാണ പ്രവൃത്തി ചെയ്യുന്നവർ ജമാഅത്തിൽനിന്ന് വിട്ടുപോവുക. ജമാഅത്തിന്റെ ദുഷ്പേരിന് കാരണക്കാരാവാതിരിക്കുക.** വീണ്ടും ഞാൻ ആദ്യം പറഞ്ഞതിലേക്ക് വരികയാണ്. ആ ദരിദ്രരായ പെൺകുട്ടികളുടെ വിവാഹത്തിന്നായി, ഞാൻ പറഞ്ഞതുപോലെ ചെലവേറി വരികയാണ്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ കുട്ടികളുടെ വിവാഹത്തിന്നായി നിരവധി പണം ചെലവഴിക്കുന്ന വിദേശത്തുള്ളവർ, പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും ദരിദ്രരായ പെൺകുട്ടികളുടെ വിവാഹത്തിന്നായി ഒരു തുക നിശ്ചയിക്കുക. അവർ ഒരു വീടിന്റെ സന്തോഷത്തിന് അവസരം ഒരുക്കുമ്പോൾ, അതൊരു സദഖജാരിയായിരിക്കും. അത് അവരുടെ മക്കളുടെ സന്തോഷത്തിനും ജാമ്യമായിത്തീരുന്നതാണ്. അല്ലാഹുതആല നന്മയെ പാഴാക്കിക്കളയുകയില്ല.

### വിലകൂടിയ ക്ഷണക്കത്തുകൾ

ചിലർ അന്തസ്സ് കാണിക്കാൻവേണ്ടി അമിതമായി ചെലവഴിക്കുന്നതിൽ താൽപര്യം കാണിക്കുന്നവരാണ്. വിവാഹാവസരത്തിൽ ഒരുകണക്കുമില്ലാതെ അവർ ചെലവഴിക്കുന്നു. പലവിധത്തിലുള്ള ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്നു. അതിലധികവും പാഴായിപ്പോവുകയാണ് പതിവ്. ഇവിടെനിന്ന് പാക്കിസ്ഥാനിൽപോയി വിവാഹം കഴിക്കുന്നവരിലാണ് ഈ ധൂർത്ത് അധികം കാണുന്നത്. ലളിതമായി വിവാഹം കഴിച്ച് മിച്ചം വച്ചുകൊണ്ട് ദരിദ്രരായ പെൺകുട്ടികൾക്ക് കൊടുക്കുകയാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാവുന്നതാണ്. ഭക്ഷണപദാർത്ഥങ്ങൾക്കു പുറമെ ക്ഷണക്കത്ത് അടിക്കുന്നതിലും അതിരില്ലാതെ ചെലവഴിക്കുന്നുണ്ട്. ക്ഷണക്കത്ത് പാക്കിസ്ഥാനിൽ ഒരു രൂപാനിരക്കിലും അടിക്കാവുന്നതാണ്. ഇവിടേയും 5,7 പെൻസിന് അച്ചടിക്കാൻ കഴിയും. ക്ഷണക്കത്താണ് ആളുകൾക്കയക്കേണ്ടത്. അല്ലാതെ എക്സിബിഷനുള്ള വസ്തുവല്ല. പക്ഷെ, അനാവശ്യമായി വിലപിടിപ്പുള്ള കാർഡുകൾ അച്ചടിക്കുന്നു. ചോദിച്ചാൽ കുറഞ്ഞനിരക്കിലാണ് അച്ചടിച്ചതെന്നും 50 രൂപയേ ഒരു കാർഡിന് ചെലവായുള്ളൂ എന്നും പറയും. ഈ 50 രൂപാനിരക്കിൽ 500 കാർഡ് പാക്കിസ്ഥാനിൽ അച്ചടിച്ചാൽ അതിന്റെ ചെലവ് 25000 രൂപയാണ്. ദരിദ്രയായ ഒരു പെൺകുട്ടിയുടെ വിവാഹത്തിന് ഈ 25000 രൂപ കിട്ടിയാൽ അവർ സന്തോഷവും നന്ദിയുംകൊണ്ട് തുള്ളിച്ചാടും. ഇങ്ങനെ മിച്ചംപിടിക്കാവുന്ന ഒരുപാട് തലങ്ങളുണ്ട്. പണം മിച്ചംവെക്കാതെതന്നെ ദരിദ്രരായ കുട്ടികളുടെ വിവാഹത്തിന് സഹായിക്കാനും തങ്ങൾക്ക് കഴിയുമെന്ന് പറയുന്ന ആളുകൾ, അവർ ചെലവഴിക്കുന്നതിന്റെ ഒരുശതമാനം ദരിദ്രരായ പെൺകുട്ടികളുടെ വിവാഹത്തിന്നായി നൽകേണ്ടതാണ്. പാക്കിസ്ഥാനിലും അനാവശ്യമായി ചെലവ് ചെയ്യുന്ന നിരവധി ആളുകളുണ്ട്. വെളിയിൽനിന്ന് അവിടെ ചെല്ലുന്നവരും അവിടെ വസിക്കുന്നവരും ഇതിൽ പ്പെടുന്നു. അനാവശ്യമായി ചെലവ് ചെയ്യാത്തവരും പാവപ്പെട്ട പെൺകുട്ടികളെ സഹായിക്കാൻ മുന്നോട്ടുവരേണ്ടതാണ്. ഈ സൽക്കർമ്മങ്ങളിൽ ഭാഗഭാക്കാകേണ്ടതാണ്. പാവപ്പെട്ടവരുടെ വിവാഹം പൊതുവെ ഇരുപത്തഞ്ചോ മുപ്പതിനായിരമോ രൂപയുടെ സഹായം കൊണ്ട് പ്രയാസം കൂടാതെ നടക്കുന്നതാണ്. പിന്നെ കുറച്ച് അവർ സ്വന്തമായി എടുക്കുകയും ചെയ്യും. അതുകൊണ്ട് ഈ സഹായം പാവപ്പെട്ടവരുടെ സമാധാനത്തിന് കാരണമാവുകയും ചെയ്യും. നിങ്ങളാണെങ്കിൽ പ്രാർത്ഥനയുടെ അവകാശികളുമാകും. എന്തായാലും ഓരോരുത്തരും കഴിവിനനുസരിച്ച് ഇതിൽ പങ്കെടുക്കേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിന് ഭാഗ്യം നൽകുമാറാകട്ടെ.

### പള്ളിനിർമ്മാണം

സ്പെയിനിലെ പള്ളിനിർമ്മാണത്തെ സംബന്ധിച്ച് ഞാൻ വിളംബരം ചെയ്തിരുന്നു. അവിടത്തെ പരിമിതമായ ചുറ്റുപാട് കാരണം മറ്റുള്ളവർക്കും ഇതിൽ പങ്കെടുക്കാമെന്ന് പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥരായ അഹ്മദികൾ ഇതിൽ ഉത്സാഹത്തോടെ ഭാഗഭാക്കായി. വൻതുകകളുടെ വാഗ്ദാനം കിട്ടുകയും ചെയ്തു. അൽഹംദുലില്ലാഹ്. കുറച്ചാളുകൾ അവരുടെ വാഗ്ദാനം പൂർത്തിയാക്കിയിട്ടുണ്ട്. അല്ലെങ്കിൽ കുറച്ചു തുക നൽകിക്കഴിഞ്ഞിട്ടുണ്ട്. പക്ഷെ, അധികമാളുകളുടേയും തുക ബാക്കിയാണ്. അവിടെ ഒരു സ്ഥലത്തിന്റെ കച്ചവടവും നടക്കുന്നുണ്ട്. ആ സ്ഥലം നമുക്ക് ഇഷ്ടപ്പെട്ടു. മെയിൻ ഹൈവേയുടെ മുകളിലായി സ്ഥിതി ചെയ്യുന്ന ഒരു നഗരത്തിലാണ് ഇത്. ഹൈവേയുടെ മുകൾഭാഗത്ത് തന്നെയുള്ള ഒരു പ്ലോട്ടാണ് നാം നോക്കുന്നത്. അവിടെ താമസത്തിന്നായി ഒരു കെട്ടിടവും ഉണ്ട്. വെറുതെകിടക്കുന്ന സ്ഥലത്ത് പള്ളി നിർമ്മിക്കാനുള്ള ഒരു പദ്ധതിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇൻശാഅല്ലാഹ്. ഉടനെ പണി തുടങ്ങുന്നതാണ്. കൗൺസിലിൽനിന്ന് അനുവാദം കിട്ടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അതിനോട് ചേർന്ന് കിടക്കുന്ന ഒരു പ്ലോട്ട് കൂടിയുണ്ട്. അതും വാങ്ങാൻ ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. ഒരു മൂലയിൽ സ്ഥിതിചെയ്യുന്ന ആ സ്ഥലംകൂടി നമുക്ക് കിട്ടിയാൽ ഇരുഭാഗത്തും റോഡ് സൗകര്യം ലഭ്യമാണ്. ആദ്യത്തെ പ്ലോട്ട് 2800 ചതുരശ്ര മീറ്ററാണ്. രണ്ടാമത്തെ സ്ഥലംകൂടി കിട്ടിക്കഴിഞ്ഞാൽ 5000 ചതുരശ്രമീറ്ററിലധികം സ്ഥലമുണ്ടാകും. അങ്ങനെ ഒരു ഏക്കറിലധികം സ്ഥലം നമുക്കിവിടെ കിട്ടാൻ സാദ്ധ്യതയുണ്ട്. ഇൻശാഅല്ലാഹ്. പള്ളിനിർമ്മാണം എത്രയും വേഗം തുടങ്ങുന്നതിനും അതുപോലെ ഈ സ്ഥലത്തിന്റെ കച്ചവടവും എത്രയും

പെട്ടെന്ന് സാധിക്കാനും വേണ്ടി പ്രാർത്ഥിക്കുക. ഈ പദ്ധതിയിലേക്ക് വാഗ്ദാനം ചെയ്തിട്ടുള്ളവർ അവരുടെ വാഗ്ദാനം പൂർത്തിയാക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. പക്ഷെ, ചന്ദ ജൽസസാലാന ചന്ദആം തുടങ്ങിയ ലാസ്മി ചന്ദകളെ മാറ്റിനിർത്തിക്കൊണ്ട് ഇത് കൊടുക്കാൻ പാടില്ല എന്ന കാര്യം ഓർക്കുക. ലാസ്മി ചന്ദകളാണ് ഒന്നാമതായി കൊടുത്തുവീട്ടേണ്ടത്. കഴിവുള്ള ആളുകളാണ് അധികവും ഇതിലേക്ക് വാഗ്ദാനം ചെയ്തിട്ടുള്ളത്. അവർക്കിത് കൊടുക്കാൻ പ്രയാസമുണ്ടാവുകയില്ലെന്ന് ഞാൻ കരുതുന്നു.

ഇതിനോടൊപ്പം ജർമ്മനിക്കാരോടും ഞാൻ പറയട്ടെ. അവിടെത്തെ പള്ളിനിർമ്മാണവും വളരെ ഇഴഞ്ഞാണ് നീങ്ങുന്നത്. അവർ തങ്ങളുടെ ഈ പ്രവർത്തനത്തിന് ആക്കം കൂട്ടേണ്ടതാണ്. ലോകത്ത് എല്ലാ സ്ഥലങ്ങളിലും ദ്രുതഗതിയിലാണ് പള്ളിനിർമ്മാണം നടന്നുവരുന്നത്.

### ഡോക്ടർമാരോട് ഒരാഹ്വാനം

മൂന്നാമതായി ജമാഅത്തിലെ ഡോക്ടർമാരോട് ഒരാഹ്വാനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ജമാഅത്തിലെ കഴിവുള്ള മറ്റ് അംഗങ്ങളും ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പങ്കെടുക്കാവുന്നതാണ്. "**താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിയുള്ള സാമ്പത്തികത്യാഗം**" എന്നതാണ് ഈ പദ്ധതി. ഖലീഫത്തുൽ മസീഹ് നാലാമൻ ഖിലാഫത്ത് സ്ഥാനത്ത് വന്നപ്പോഴുള്ള ഒരാഗ്രഹമായിരുന്നു റബ്‌വയിൽ ഹൃദ്രോഗചികിത്സയ്ക്കായി ഒരു സ്ഥാപനം ഉണ്ടാകണമെന്നത്. അക്കാലത്ത് ഇതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്തിരുന്നു. പക്ഷെ, അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. ഹുസൂറിന്റെ അവസാനകാലത്ത് ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഇതിൽ ശ്രദ്ധയുണ്ടായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. ഖിലാഫത്തെ ഖാമിസയുടെ ആരംഭത്തിൽതന്നെ ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. നമ്മുടെ ഒരു അഹ്‌മദിസഹോദരൻ തന്റെ മാതാപിതാക്കൾക്കുവേണ്ടി ഇതിന്റെ ചെലവ് വഹിക്കാൻ തയ്യാറായി. പിന്നീട് അമേരിക്കയിലെ ഒരു അഹ്‌മദി ഡോക്ടരും ഇതിൽ പങ്കാളിയായി. അങ്ങനെ അതിന്റെ പ്ലാൻ തുടങ്ങിയവ തയ്യാറായി. മനോഹരമായ ആറ് നില കെട്ടിടം അതിന്റെ അവസാനഘട്ടത്തിലാണ്. വിദഗ്ദ്ധരായ ഡോക്ടർമാരുമായി കൂടിയാലോചിച്ചാണ് ഇതിന്റെ പണികളെല്ലാം നടന്നുവരുന്നത്. ഒരു ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന് എന്തെന്തെല്ലാം സൗകര്യങ്ങൾ ഉണ്ടാവണം എന്നതിനെക്കുറിച്ച് പ്രത്യേകിച്ച് നൂരി സാഹിബിനോടും അഭിപ്രായം ആരായുകയുണ്ടായി. ഇതിന്റെ കേന്ദ്രക്കമ്മറ്റിയിൽ ഡോക്ടർസാഹിബ് അംഗവുമാണ്. സ്ഥിരമായിട്ട് അദ്ദേഹം ഇതിനായി സമയം ചെലവഴിക്കുന്നു. മാശാഅല്ലാഹ്. അവരുണ്ടാക്കിയ പ്ലാൻ ആറ് നിലയുടേതായിരുന്നു. ഹൃദ്രോഗ ആശുപത്രിക്കു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും അതിൽ കാണിക്കുകയും ചെയ്തിരുന്നു. ഇതിന് അവർ നല്കിയ ഏകദേശ ചെലവ് ആ രണ്ടുപേർ നല്കാമെന്ന് പറഞ്ഞതിനേക്കാൾ അധികമായിരുന്നു. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട പ്രവർത്തകർക്ക് വിഷമമുണ്ടായി. ഞാൻ അനുവാദം നല്കിയ പ്ലാനനുസരിച്ച് അല്ലാഹുവിന്റെ പേരിൽ പണിതുടങ്ങാൻ അവരോട് പറഞ്ഞു. അല്ലാഹു തീർച്ചയായും അനുഗ്രഹിക്കുന്നതാണ്. ഇതിൽ വേറെ ചിലരും ഭാഗഭാക്കായിക്കൊണ്ടിരുന്നു. ഇപ്പോൾ കെട്ടിടനിർമ്മാണം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. കുറച്ച് ദിവസത്തിന്നുള്ളിൽ അത് തികച്ചും പൂർണ്ണമാകും. ഫള്‌ലെ ഉമർ ഹോസ്പിറ്റലിന്റെ നടത്തിപ്പുകാരും വളരെയധികം ഇതിൽ സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഡോക്ടർ നൂരി സാഹിബിന്റെ ടെക്നിക്കൽ അഭിപ്രായങ്ങൾ അപ്പപ്പോൾ കിട്ടിക്കൊണ്ടിരുന്നു. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. എന്നാൽ ഇനി ആശുപത്രിക്ക് ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങേണ്ടതുണ്ട്. അതെല്ലാം വൻവിലപിടിപ്പുള്ളതുമാണ്. അത് വാങ്ങാനുള്ള ഏർപ്പാട് ചെയ്യാൻ ഞാൻ അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷെ, പ്രാഥമികമായ പ്രവർത്തനത്തിനുതന്നെയും വൻതുക ആവശ്യമുണ്ട്. അതുകൊണ്ട് ഞാൻ അഹ്‌മദി ഡോക്ടരോട് പ്രത്യേകമായും പറയട്ടെ, അല്ലാഹുതആല നിങ്ങൾക്ക് വലിയ അനുഗ്രഹം നല്കിയിരിക്കുകയാണ്. പ്രത്യേകിച്ച് അമേരിക്കയിലേയും യൂറോപ്പിലേയും ഡോക്ടർ സാഹിബുമാർ. ഇപ്രകാരംതന്നെ പാക്കിസ്ഥാനിലും സാമ്പത്തികമായി നല്ല നിലയിലുള്ള അത്തരം ചില ഡോക്ടർമാരുണ്ട്. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്നായി ദരിദ്രരായ ആളുകളെ സേവിക്കുന്നതിന് ഈ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തിയാക്കുന്നതിൽ പങ്കാളിയാകുകയാണെങ്കിൽ തീർച്ചയായും അല്ലാഹു അതിരില്ലാതെ നല്കുന്നവരിൽ നിങ്ങളെ ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ട് പരിശ്രമിക്കുക. വാഗ്ദാനം ചെയ്യുന്നത് എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യുക. ഈ സ്ഥാപനം പെട്ടെന്ന് പൂർത്തിയാകണമെന്ന് എനിക്കും അതിയായ ആഗ്രഹമുണ്ട്. എപ്പോഴും പൂർത്തിയാക്കി വന്നതുപോലെ എന്റെ ഈ ആഗ്രഹവും അല്ലാഹു പൂർത്തിയാക്കുമെന്ന് ഞാൻ കരുതുന്നു. ഈ സൽകർമ്മത്തിൽ പങ്കാളികളാകാൻ അല്ലാഹു നിങ്ങൾക്ക് ഒരവസരം തരികയാണ്. ഈ നാട്ടിലെ രോഗികളും ദുഃഖിതരുമായവരുടെ പ്രാർത്ഥന നിങ്ങൾ പിടിച്ചുപറ്റുക. ഇക്കാലത്ത് ഹൃദയസംബന്ധമായ രോഗവും പെരുകിവരുന്നു. എല്ലാ സ്ഥലത്തും ഇത് കാണാം. ദരിദ്രരായ ആളുകൾക്ക് ചികിത്സിക്കാൻ പറ്റാത്ത ഭാരിച്ച ചെലവാണ് അതിന് വേണ്ടിവരുന്നത്. അതുകൊണ്ട് ദരിദ്രരായ ആളുകളുടെ ദുആ പിടിച്ചുപറ്റാനുള്ള ഉത്തമമായ ഒരവസരമാണ് അല്ലാഹു നിങ്ങൾക്ക് തരുന്നത്. ഇതിനെ പ്രയോജനപ്പെടുത്തുക. നന്മയുടെ എല്ലാ രംഗങ്ങളിലും ആദ്യകാലത്തുള്ളവരുമായി ചേർന്നുനില്ക്കുന്നവരാണെന്നുള്ളതാണ് നമ്മുടെ വാദം. ഈ വാദത്തിൽ നാം സത്യവാന്മാരാകണമെങ്കിൽ ആദ്യകാല വിശ്വാസികൾ നമുക്കുവേണ്ടി വിട്ടുംവെച്ചു പോയ മാതൃകയിലൂടെ നടക്കേണ്ടതുണ്ട്. അവർ സമ്പന്നരാണെങ്കിലും ദരിദ്രരാണെങ്കിലും സാമ്പത്തികത്യാഗത്തിന് ആഹ്വാനമുണ്ടാകുമ്പോൾ വ്യാകുലചിത്തരായി നബിയുടെ സന്നിധിയിൽ തങ്ങൾക്കുള്ളത് സമർപ്പിക്കാറുണ്ടായിരുന്നു. തൊഴിലെടുക്കുകയും അധ്വാനിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ കഴിവിനനുസരിച്ച് ത്യാഗം വരിക്കുകയും ചെയ്തിരുന്നു. ആ ത്യാഗത്തിന്റെ ഫലമായി അല്ലാഹു അതിരറ്റ അനുഗ്രഹം ചൊരിഞ്ഞ കാലവും അവർ കണ്ടു. തനിക്ക് ചെയ്യുന്ന ഒരു പ്രവൃത്തിയും അല്ലാഹു പാഴാക്കുകയില്ല. ആ ത്യാഗങ്ങളെക്കുറിച്ച് ഹദീസുകളിൽ വന്നിട്ടുണ്ട്.

ഹസ്റത്ത് അബൂ മസ്ഊദ് അൻസാരി(റ) നിവേദനം ചെയ്യുന്നു. നബി(സ) അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ പറയുമ്പോൾ ഞങ്ങളിൽ ചിലർ ചന്തയിൽ പോവു

കയും കഠിനമായി അധ്വാനിക്കുകയും അതിൽനിന്ന് കിട്ടുന്ന ഒരു മുട്ട് ധാന്യം അല്ലാഹുവിന്റെ വഴിയിൽ ചെല വഴിക്കുകയും ചെയ്യുമായിരുന്നു. ഇപ്പോൾ അവരിൽ ചില രുടെ പക്കൽ ഓരോ ലക്ഷം ദിനാറോ, ദർഹമോ ഉണ്ട്.

**ഡോക്ടർ നൂരിസാഹിബിന്റെ നേതൃത്വം**

ഈ മാതൃകയിലൂടെ നടന്നുകൊണ്ടുള്ള ത്യാഗങ്ങളുടെ കാഴ്ചകൾ അഹ്മദിയ്യാ ജമാഅത്തിലും കാണാൻ കഴിയും. അതുകൊണ്ട് ഈ കാഴ്ചകൾ അവസാനിക്കാൻ വിടരുത്. മനുഷ്യകുലത്തെ സേവിക്കാനുള്ള ഈ മഹാസംരംഭത്തിൽ അത്യുത്സാഹത്തോടെ പരമാവധി പങ്കെടുക്കുക. ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ഡോക്ടർമാരേയും ആവശ്യമുണ്ട്. അമേരിക്കയിലെ നമ്മുടെ ഒരു ഡോക്ടർ വഖ്ഫ് ചെയ്തുകഴിഞ്ഞു. ഇൻശാഅല്ലാഹ്. അദ്ദേഹം താമസംവിനാ റബ്വയിൽ എത്തുന്നതാണ്. ഇവിടെയും ചില ചെറുപ്പക്കാർ വഖ്ഫ് ചെയ്ത് ഡോക്ടർ കോഴ്സിന് പഠിക്കുന്നുണ്ട്. അവർ തങ്ങളുടെ പഠനം പൂർത്തിയാക്കിയതിനുശേഷം അവിടെ പോകുന്നതാണ്. പാക്കിസ്ഥാനിലും ചില യുവാക്കൾ വഖ്ഫ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡോക്ടർ നൂരി സാഹിബിന്റെ നേതൃത്വത്തിൽ ഈ സ്ഥാപനം മുന്നോട്ടുപോകുന്നതാണ്. അല്ലാഹു അദ്ദേഹത്തിന്റെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ സ്ഥാപനം പൂർത്തിയായതിനുശേഷം മറ്റു സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരോടും വഖ്ഫെ ആർസി ചെയ്ത് ഇവിടെ വരാൻ ഞാൻ പറയുന്നതായിരിക്കും. അല്ലാഹുതആല അവരെ തീർച്ചയായും അനുഗ്രഹിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഈ സ്ഥാപനം വിജയകരമായി പ്രവർത്തിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ധനത്തേയും അല്ലാഹുവിനേയും ഒരുപോലെ സ്നേഹിക്കുക എന്നത് നിങ്ങൾക്ക് സാദ്ധ്യമല്ല. ഒന്നിനെ മാത്രമേ നിങ്ങൾക്ക് സ്നേഹിക്കാൻപറ്റുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് ഭാഗ്യവാൻ. അല്ലാഹുവിനെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ധനം ചെലവഴിക്കുകയാണെങ്കിൽ നിങ്ങളുടെ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം നൽകപ്പെടുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. കാരണം ധനം തനിയെ വരുന്നതല്ല. അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് അത് വരുന്നത്. അതുകൊണ്ട് ആരാണോ അല്ലാഹുവിനുവേണ്ടി ധനത്തിന്റെ ഒരുഭാഗം ഉപേക്ഷിക്കുന്നത് അവൻ തീർച്ചയായും അത് പ്രാപിക്കുന്നതാണ്. എന്നാൽ പണത്തെ സ്നേഹിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കാത്തവൻ തീർച്ചയായും അവൻ തന്റെ പണം കളഞ്ഞുകുളിക്കുന്നതാണ്. പണം നിങ്ങളുടെ പരിശ്രമംകൊണ്ടാണ് വരുന്നതെന്ന് വിചാരിക്കരുത്. അങ്ങനെയല്ല. അത് അല്ലാഹുവിൽനിന്നാണ് വരുന്നത്. നിങ്ങളുടെ പണത്തിൽനിന്ന് ഒരു ഭാഗം നല്കിക്കൊണ്ട് അല്ലെങ്കിൽ മറ്റെന്തെങ്കിലും സേവനം ചെയ്തുകൊണ്ട് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഔദാര്യം ചെയ്തിരിക്കുന്നുവെന്ന് നിങ്ങൾ കരുതരുത്. ഈ സേവനത്തിനായി നിങ്ങളെ വിളിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഞാൻ സത്യമായും സത്യമായും പറയുന്നു. നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചാലും സേവനം ചെയ്യുന്നതിൽനിന്നും സഹായിക്കുന്നതിൽനിന്നും പിന്മാറിയാലും തനിക്കുവേണ്ടി സേവനം ചെയ്യുന്ന മറ്റൊരു ജനതയെ അവൻ സൃഷ്ടിക്കുന്നതാണ്. ഈ പ്രവർത്തനം ആകാശത്തിൽനിന്നാണെന്ന് ദൃഢമായും നിങ്ങൾ വിശ്വസിച്ചുകൊള്ളുക. നിങ്ങളുടെ സേവനം നിങ്ങളുടെ നന്മയ്ക്കുവേണ്ടി മാത്രമാണ്. സാമ്പത്തികമായും മറ്റും സേവനം ചെയ്യുന്നു എന്ന് കരുതി നിങ്ങൾ അഹങ്കരിക്കുന്നവരാകരുത്. വീണ്ടും വീണ്ടും ഞാൻ പറയട്ടെ, അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെ ആശ്രയിക്കുന്നവനല്ല. നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം നൽകുന്നത് അവന്റെ അനുഗ്രഹം ഒന്നുമാത്രമാണ്.

ത്യാഗം വരിച്ചതിനുശേഷം അഹങ്കാരം ഉണ്ടാകുന്ന അവസ്ഥ ഒരു അഹ്മദിക്കും ഉണ്ടാകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ത്യാഗം എപ്പോഴും അല്ലാഹുവിൽനിന്നുള്ള ഒരു ബഹുമതിയായി മനസ്സിലാക്കുന്നവരാകട്ടെ. എപ്പോഴുമെന്നുപോലെ ത്യാഗത്തിന്റെ ഉന്നതമായ നില നാട്ടുന്നവരായി തീരുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അവകാശികളായി നാം തീരട്ടെ. അവിടത്തെ വെറുപ്പിന്നിരയാവുന്നവരാകാതിരിക്കട്ടെ. അല്ലാഹു നമുക്കെല്ലാം നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.

(*വിവ: മുഹമ്മദ് ഇസ്മാഈൽ*)

●

(*പേജ് 19-ൽ നിന്ന് ............*)

യായും നിങ്ങൾ ഗ്രഹിക്കേണ്ടതാണ്. നിങ്ങളുടെ സ്ത്രീകളും, പുരുഷന്മാരും, വൃദ്ധരും യുവാക്കളും, ചെറിയവരും വലിയവരും കൂടിചേർന്ന് എന്റെ നാശത്തിന്നായി പ്രാർത്ഥിച്ചുകൊള്ളുക. സാഷ്ടാംഗപ്രണാമത്താൽ നിങ്ങളുടെ നാഡികൾ തേഞ്ഞുപോയാലും കൈകൾ തഴമ്പിച്ചുപോയാലും ദൈവം നിങ്ങളുടെ പ്രാർത്ഥനകൾ ഒരിക്കലും സ്വീകരിക്കുകയില്ലതന്നെ. തന്റെ ദൗത്യം പൂർത്തിയാക്കാതെ അവനടങ്ങുകയില്ലെന്നും അറിയുക. അതിനാൽ മനുഷ്യരിൽ ഒരുത്തൻപോലുമില്ലെങ്കിലും ദൈവത്തിന്റെ മാലാഖമാർ എന്നോടൊപ്പമുണ്ടായിരിക്കും." (*തുഹ്ഫയെ ഗോൾഡവിയ്യ*)

ഹസ്റത്ത് അഹ്മദ്(അ)ന്റെ ഹൃദയത്തിന്റെ അഗാധതലത്തിൽനിന്നും പൊന്തിവന്ന സ്വന്തം നാശത്തിനുള്ള പ്രാർത്ഥനയും അതിനുവേണ്ടിയുള്ള ആഹ്വാനവും അദ്ദേഹം നിഷ്കളങ്കനും സാത്വികനുമാണെന്ന സത്യം വിളിച്ചോതുന്നു. മരണത്തെപ്പറ്റിയുള്ള നിർഭയത്വം ഭക്തരായ ദൈവദാസരുടെ മാത്രം സവിശേഷതയാണെന്ന ഖുർആനിക മനോഭാവം അദ്ദേഹത്തിൽ തെളിഞ്ഞുകാണുകയും ചെയ്യുന്നു. ചുരുക്കത്തിൽ ലൗകികമായ സകലതും ദൈവത്തിനുവേണ്ടി പ്രതിഷേധം കൂടാതെ പരിത്യജിക്കുന്നത് ദൈവപ്രീതരായ ദാസന്മാരുടെ അടയാളമാകുന്നു. ●

ലേഖനം

മൗലാനാ മുനീർ അഹ്മദ് ഖാദിം

# ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (2)

ഇന്നേക്ക് 90 വർഷം മുൻപേ ഹസ്റത് അഹ്മദ്(അ) ഹിന്ദുക്കളും മുസ്ലിംകളും ഐക്യത്തിലും മൈത്രിയിലും കഴിയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. അതിന് ബോധപൂർവ്വം ചെവികൊടുക്കുകയും, അതിനെ ഹൃദയാത്മനാ ഉദ്ദേശ്യശുദ്ധിയോടെ പ്രാവർത്തികമാക്കുകയും ചെയ്തിരുന്നെങ്കിൽ ഹാ, എത്ര നന്നായിരുന്നു! അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അവിഭക്ത ഭാരതം, ഇന്ന് ലോകത്തിന് മുഴുവനും, സമാധാനത്തിന്റെയും ശാന്തിയുടെയും ഐക്യത്തിന്റെയും മൈത്രിയുടെയും ഉദാത്തമായ മാതൃക പ്രദാനം ചെയ്യുമായിരുന്നു.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ, ഇരു സമൂഹങ്ങൾക്കും മുന്നിൽ, മൈത്രിക്കുവേണ്ടി ഒരു സന്ധി നിർദ്ദേശവും സമർപ്പിച്ചിരുന്നു. അതായത്, ഇരുകൂട്ടരും പരസ്പരം മഹാത്മക്കളെയും പരിശുദ്ധ മതഗ്രന്ഥങ്ങളെയും ആദരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു വിഭഗം, ഈ കരാർ ലംഘിച്ചാൽ അവർ മറ്റേ സമൂഹത്തിന്റെ അനിഷേധ്യ നേതാവിന്റെ പക്കൽ ഒരു വലിയ തുക പിഴയെന്നോണം നൽകേണ്ടതാണ്. ആ മഹാത്മജൻ പറയുന്നു:

പരിപൂർണ്ണ മൈത്രി ഉണ്ടാക്കുന്നതിനുവേണ്ടി, ഹിന്ദുക്കളും ആര്യസമാജികളും, നമ്മുടെ നബി (സ)നെ ദൈവത്തിന്റെ സത്യപ്രവാചകനായി അംഗീകരിക്കുകയും, മേലിൽ നിന്ദയും നിഷേധവും ഉപേക്ഷിക്കുകയും ചെയ്യാൻ തയ്യാറായാൽ, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ആളുകളായ ഞങ്ങൾ, എപ്പോഴും വേദങ്ങളെ സത്യപ്പെടുത്തുകയും, വേദങ്ങളുടെയും അതിന്റെ ഋഷിമാരുടെയും പേരുകൾ സ്നേഹാദരങ്ങളോടെ ഉപയോഗിക്കുകയും ചെയ്യുന്നതാണെന്നും, അങ്ങനെ ചെയ്യാത്തപക്ഷം മൂന്ന്ലക്ഷത്തിൽ കുറയാത്ത ഒരു വലിയ സംഖ്യ പിഴയെന്ന തരത്തിൽ, ഹിന്ദു മാന്യന്മാരുടെ സമക്ഷം സമർപ്പിക്കാമെന്നുമുള്ള കരാർ ഏറ്റവും ആദ്യം പത്രത്തിൽ ഒപ്പുവെക്കാൻ ഞാൻ തയ്യാറായിരിക്കുന്നതാണ്. ഹിന്ദുക്കൾ ഹൃദയാത്മനാ ഞങ്ങളുമായി ശുദ്ധഗതി ആഗ്രഹിക്കുന്നുവെങ്കിൽ, അവരും ഇങ്ങനെ തന്നെ കരാർ പത്രം എഴുതി ഒപ്പിടേണ്ടതാണ്. അതിന്റെ വിഷയം ഇപ്രകാരമായിരിക്കണം. ഞങ്ങൾ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സത്യപ്രവാചകനെന്ന് മനസ്സിലാക്കുകയും മേലിൽ ആദരവോടും ബഹുമാനത്തോടും കൂടി ഒരു അനുയായി എന്ന അവസ്ഥപ്രകാരം അദ്ദേഹത്തെ സ്മരിക്കുകയും ചെയ്യുന്നതാണെന്നും, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ മൂന്ന് ലക്ഷത്തിൽ കുറയാത്ത ഒരു വലിയ സംഖ്യ, ഞങ്ങൾ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേതാവിന് മുന്നിൽ സമർപ്പിക്കുന്നതാണ്.

ഓർക്കുക, അഹ്മദിയ്യാ ജമാഅത്തിന്റെ ജനസംഖ്യ ഇപ്പോൾ 4 ലക്ഷത്തിൽ കുറവല്ല. അതുകൊണ്ടു തന്നെ ഇത്രയും വലിയൊരു കാര്യത്തിന് 3 ലക്ഷം രൂപ വലിയൊരു കാര്യമല്ല. ഞങ്ങളുടെ ജമാഅത്തിൽ ഇപ്പോൾ ഇല്ലാത്തവർ സ്വഭാവത്തിലും ചിന്താഗതിയിലും ഐക്യമില്ലാത്തവരാണ്. അനുസരിക്കാൻ നിർബന്ധമാക്കപ്പെട്ട ഒരു ലീഡറുടെ കീഴിൽ അല്ല അവരുള്ളത്. അതുകൊണ്ട് എനിക്ക് അവരെക്കുറിച്ച് പറയാൻ സാധ്യമല്ല. അവർ ഇപ്പോൾ എന്നെയും കാഫിർ, ദജ്ജാൽ എന്നെല്ലാം പറയുന്നു. എന്നാൽ, ഞാൻ പ്രത്യാശിക്കുന്നത്, ഹിന്ദുക്കൾ ഞാനുമായി സന്ധിയിൽ ഏർപ്പെട്ടാൽ ഇവർ അത്തരം ബഹുമാന്യരായ ഒരു സമൂഹത്തിന്റെ ഗ്രന്ഥത്തെയും, ഋഷിമാരേയും നികൃഷ്ട പദങ്ങളാൽ സ്മരിച്ചുകൊണ്ട്, നബി(സ) യെ ചീത്ത വിളിക്കുകയില്ലെന്നാണ്. അത്തരം ശകാരങ്ങൾക്ക് യഥാർത്ഥത്തിൽ അതു ചെയ്യുന്നവർ തന്നെയാണ് ഉത്തരവാദികൾ. കാരണം അത്തരം പ്രവർത്തികൾ ലജ്ജക്കും, മാന്യതക്കും നിരക്കാത്തതാണ്. അതുകൊണ്ട് തന്നെ, ഈ ഉടമ്പടിക്ക് ശേഷം അവർ വായ തുറക്കുമെന്ന് ഞാൻ കരുതുന്നില്ല. എങ്കിലും, ഈ ഉടമ്പടിയെ ദൃഢപ്പെടുത്തുന്നതിനുവേണ്ടി ഇരുഭാഗത്തേയും പതിനായിരം വീതം ബുദ്ധിമാന്മാർ അതിൽ ഒപ്പുവെയ്ക്കേണ്ടത് അനിവാര്യമായിരിക്കും.

വീണ്ടും പറയുന്നു: പ്രിയപ്പെട്ടവരേ, സന്ധിയെപ്പോലുള്ള ഒരു കാര്യവും ഇല്ല. വരുവിൻ, ഈ ഉടമ്പടി



നാഇബ് നാസിർ ഇസ്ലാഹോ ഇർശാദും നാഇബ് സദ്ർ മജ്ലിസ് അൻസാറുല്ലായുമായ മൗലാനാ ഇനായത്തുല്ലാ സാഹിബ് കൂടാളി പള്ളി സന്ദർശിച്ചപ്പോൾ. പഴയങ്ങാടി അമീർ എൻ. കുഞ്ഞഹ്മദ് സാഹിബും മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബും സമീപം

യിലൂടെ ഒന്നാകാം, ഒരു സമൂഹമായി മാറാം. പരസ്പര നിഷേധം കാരണം എത്രമാത്രം വിള്ളിച്ച ഉണ്ടായെന്ന് നിങ്ങൾ കാണുന്നില്ലേ? രാജ്യത്തിന് എത്രമാത്രം നഷ്ടമാണ് ഉണ്ടായത്? വരുവിൻ പരസ്പരം സത്യപ്പെടുത്തുന്നതിൽ എന്തുമാത്രം അനുഗ്രഹങ്ങളുണ്ടെന്ന് പരീക്ഷിച്ചറിയുവിൻ.

(*പൈഗാമെസുൽഹ് പേജ്:17, 18*)

ചുരുക്കത്തിൽ, ഹസ്റത്ത് അഹ്മദ്(അ), മുഴുരാജ്യത്തിനും ഐക്യത്തിലൂടെയും മൈത്രിയിലൂടെയും കിട്ടുന്ന സ്വാതന്ത്ര്യത്തെയാണ് പിന്തുണച്ചത്. അവിടന്ന് ഓരോ രാജ്യത്തും ഐക്യത്തിന്റെയും മൈത്രിയുടെയും അനുഗ്രഹങ്ങൾ വർഷിക്കുന്ന സ്വാതന്ത്ര്യത്തെയാണ് പിന്താങ്ങിയത്. പരസ്പരം മതപരമായ ശത്രുത കാരണം ഇരു സമൂഹങ്ങൾക്കുമിടയിലുള്ള രാഷ്ട്രീയ മത ഭിന്നതകൾ എങ്ങനെയെങ്കിലും ഇല്ലാതാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി, സുന്ദരവും, പ്രായോഗികവുമായ നിർദ്ദേശങ്ങൾ ആ മഹാത്മൻ, മതനേതാക്കൾക്ക് മുന്നിൽ സമർപ്പിച്ചു. പക്ഷേ, കഷ്ടമെന്നു പറയട്ടെ, ഈ നിർദ്ദേശങ്ങളെ പ്രാവർത്തികമാക്കിയില്ല. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആ സമയത്തു തന്നെ പ്രാർത്ഥിച്ചിരുന്നുവെങ്കിൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷം നമ്മുടെ രാജ്യത്തിന്റെ രൂപം തന്നെ വേറെ ആയിരുന്നേനേ!

സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ആവേശത്തെക്കുറിച്ച് പറയുന്നു:

ഇനിയുള്ളത്, ഇനിയുള്ളത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ചിന്ത, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായതിന്റെ പകുതിപോലും ഗാന്ധിജിക്കും, പണ്ഡിറ്റ് നെഹ്റുവിനും ഉണ്ടെന്ന് ഒരു നിമിഷം പോലും സമ്മതിക്കാൻ ഞാൻ തയ്യാറല്ല. പ്രവാചകന്മാർ എപ്പോഴും ലോകത്തുനിന്ന് അടിമത്വം ഇല്ലാതാക്കാനാണ് ആഗതരാവുന്നത്. അവരുടെ ഉദ്ദേശ്യം ലോകത്തെ, ആരുടെയെങ്കിലും അടിമകളാക്കുകയല്ല. മറിച്ച്, അവരുടെ ഏക ലക്ഷ്യം ലോകത്തെ സ്വതന്ത്രരാക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം ദൈവ നിയോഗിതനായിരുന്നു. അതുകൊണ്ട് അവിടത്തെ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു. ആയതിനാൽ, എപ്പോൾ അടിമത്വമുണ്ടായാലും അതിനെ നേരിടേണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ കടമയാണ്.

(*അൽഫസ്ൽ 11.6.1936 ഖുത്ബ: 5.6.1936*)

### അഹ്മദിയ്യാ ജമാഅത്തും റസൂൽ തിരുമേനിയുടെ അന്തസ്സും

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അഭിവന്ദ്യ സ്ഥാപകർ(അ)ന്റെ വഫാത്തിനുശേഷം അവിടത്തെ ഖലീഫമാരും, ഐക്യത്തിനും മൈത്രിക്കും, സാമുദായിക ഐക്യത്തിനും ശരിയായ സ്വാതന്ത്ര്യത്തിനും വേണ്ടി വേദന നിറഞ്ഞ ഹൃദയത്തോടെ ഹിന്ദുക്കളെയും മുസ്ലിംകളെയും ക്ഷണിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി സമയാസമയങ്ങളിൽ പ്രയത്നിക്കുകയും ചെയ്തിരുന്നു. ഹസ്റത് അഹ്മദ് (സ)ന്റെ രണ്ടാം ഖലീഫ ഹസ്റത് അഖ്ദസ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), 1927ൽ, മതഗുരുക്കന്മാരെ, ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും വേണ്ടി ഒരു നിയമം പാസാക്കിയെടുക്കാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചു. ഇത്, രാജ്പാൽ എന്ന് പേരുള്ള ഒരു ആര്യസമാജക്കാരൻ, കോടിക്കണക്കിന് മുസ്ലിംകൾ ആദരിക്കുന്ന നിഷ്ക്കളങ്കനായ പ്രവാചകൻ ഹസ്റത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിക്ക്മേൽ വിവിധതരം ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, രങ്കീല റസൂൽ എന്ന പുസ്തകം പ്രസിദ്ധീകരിച്ച സമയമയിരുന്നു. അയാൾക്കെതിരെ കേസ് നടന്നെങ്കിലും ഒടുവിൽ 1927 മെയ് മാസം പഞ്ചാബ് ഹൈക്കോടതി ഒരു സാങ്കേതിക കാരണം പറഞ്ഞ് കേസ് തള്ളുകയും ഗ്രന്ഥകർത്താവിനെ വെറുതെ വിടുകയും ചെയ്തു. അത് പഞ്ചാബിൽ വമ്പിച്ച കുഴപ്പങ്ങൾക്ക് കാരണമായി. 1929 ഏപ്രിൽ മാസം അലംദീൻ എന്ന് പേരുള്ള ഒരു മുസ്ലിം യുവാവ് അമിതാവേശത്തിൽ പട്ടാപ്പകൽ രാജ്പാലിനെ വധിച്ചുകളഞ്ഞു.

ഈ സംഭവത്തെ തുടർന്ന് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) സർക്കാറിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു:




*പഠനവിനോദയാത്രയ്ക്കായി വിഗാലാന്റിലെത്തിയ കണ്ണൂർ ടൗൺ-പഴയങ്ങാടി മജ്‌ലിസിലെ അത്ഫാൽ അംഗങ്ങൾ, ഖായിദുമാരായ ഉമർ പാറപ്പുറം, ത്വയ്യിബ് അഹ്മദ് എന്നിവരോടൊപ്പം*

* മത ഗുരുക്കന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഫലപ്രദമായ നിയമം പാസാക്കിയെടുക്കേണ്ടതാണ്. ആല്ലെങ്കിൽ രാജ്യത്തിന്റെ അന്തരീക്ഷം വളരെയേറെ വിഷലിപ്തമാകുന്നതാണ്. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിക്കുന്ന ഹിന്ദുക്കൾക്കും മുസ്ലിംകൾക്കുമിടയിൽ വലിയ വിള്ളലുണ്ടാവുകയും ചെയ്യും.

* 'രങ്കീല റസൂലിന്റെ കർത്താവ് രാജ്പാലിനെ വധിച്ചത് അപലപിക്കുകയും, അത് ഇസ്ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്നും അദ്ദേഹം പറയുകയും ചെയ്തു. ഇസ്ലാം ഒരിക്കലും, വ്യക്തികൾ സ്വയമേവ, നിയമം കൈയ്യിലെടുക്കുന്നത് അനുവദിക്കുന്നില്ലെന്നും വ്യക്തമാക്കുകയുണ്ടായി.

രങ്കീല റസൂൽ എന്ന പുസ്തകത്തിന്റെ ചൂടാറും മുമ്പുതന്നെ, ഈ ദിവസങ്ങളിൽ അമൃത്സറിൽ നിന്നിറങ്ങുന്ന വർത്തമാൻ എന്ന പത്രം, റസൂൽ തിരുമേനി(സ)നെ അധിക്ഷേപിച്ചുകൊണ്ട് ഹൃദയഭേദകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അത് അന്തരീക്ഷം കൂടുതൽ ഭയാനകമാക്കിത്തീർത്തു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഈ ലേഖനത്തിന് തെളിവുകൾ സഹിതം ഫലപ്രദമായ മറുപടി എഴുതുകയും, മതാചാര്യന്മാരെ ആദരിക്കുന്ന ബിൽ പാസാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. സർക്കാർ, ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഒരു അനുഛേദം കൂടി വർദ്ധിപ്പിക്കാൻ നിർബന്ധിതരായി. അതുകാരണം മതാചാര്യന്മാരുടെ അന്തസ്സിനും സുരക്ഷയ്ക്കുമുള്ള നിയമം നേരത്തേതിലും വ്യക്തമായ രൂപത്തിലായി.

അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവന്ദ്യ ഇമാമിന്റെ മഹത്തായ പരിശ്രമങ്ങളുടെ ഫലമായി മതാചാര്യന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നിയമം പാസാക്കിയപ്പോൾ അക്കാലത്തെ പ്രസിദ്ധ ദേശീയ പത്രങ്ങളെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കാൻ നിർബന്ധിതരായി. ഇതിൽ 1927 ആഗസ്ത് 3 ന് ഇറങ്ങിയ ഇൻക്വിലാബ് (ലാഹോർ), 1927 സെപ്തംബർ 1 ന് ഇറങ്ങിയ മഗ്‌രിബ് എന്നീ പത്രങ്ങൾ പാരായണാർഹമാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) മതാചാര്യന്മാരുടെ അന്തസ്സ് സംരക്ഷിക്കുന്നതിന് രാജ്യവ്യാപകമായ ആഹ്വാനം നടത്തി, ഭരണഘടനയുടെ 15-ാം അദ്ധ്യായവും, 153 വകുപ്പും തിരുത്താൻ സർക്കാരിനെ നിർബന്ധിക്കുകയായിരുന്നു. (*അൽഫസ്ൽ 30.8.1927*). 1847ൽ ഹസ്റത്ത് മസീഹ് മൗഊദ്(അ), മതാചാര്യന്മാരെ ആദരിക്കുന്നതിനുവേണ്ടിയുള്ള നിയമം പാസാക്കിയെടുക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചത് അന്ന് അംഗീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇതിലൂടെ ആ നിർദ്ദേശവും പൂർത്തീകരിക്കപ്പെടുകയാണുണ്ടായത്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), മതാചാര്യന്മാരെ ആദരിക്കുന്നതിനുവേണ്ടിയുള്ള നിയമം പാസാക്കിയെടുക്കാൻ പരിശ്രമിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് സമാധാനവും ഐക്യവും സ്ഥാപിക്കുവാൻ മതഗുരുക്കന്മാരെ ആദരിച്ചുകൊണ്ട് മതാചാര്യർ ദിനം കൊണ്ടാടാൻ അദ്ദേഹം, 1927ൽ അഹ്മദികളെ ആഹ്വാനം ചെയ്തു. അതിൽ അമുസ്ലിംകളെക്കൊണ്ട്, റസൂൽ തിരുമേനിയെക്കുറിച്ചും, മുസ്ലിംകളെക്കൊണ്ട് അന്യമതഗുരുക്കന്മാരെക്കുറിച്ചും പ്രസംഗിക്കുന്നതിന് വേദിയൊരുക്കാനും നിർദ്ദേശിച്ചു. 1927 മുതൽ എല്ലാ വർഷവും അഹ്മദിയ്യാ ജമാഅത്ത് ഇന്ത്യയുടെ നാനാകോണുകളിലും, ലോകത്ത് മുഴുവനും മതാചാര്യർ സമ്മേളനം നടത്തിവരുന്നു.

(തുടരും)

സത്യമിത്രത്തിലേക്ക് അയക്കുന്ന ലേഖനങ്ങൾ കടലാസിന്റെ ഒരു പുറത്ത് മാത്രം എഴുതി അയക്കുക. പ്രസിദ്ധീകരണ യോഗ്യമല്ലാത്ത ലേഖനങ്ങൾ മടക്കികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ ആവശ്യത്തിന് സ്റ്റാമ്പൊട്ടിച്ച കവർ അയക്കുക.

എഡിറ്റർ

**2004–05 വർഷങ്ങളിൽ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ നമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15254 | കെ. മഹ്മൂദ് അഹ്മദ് | s/o മുഹമ്മദ് അലവി | പത്തപ്പിരിയം | 28.1.02 |
| 15256 | എ. റാബിയാ ബീവി | w/o മുഹമ്മദ് യൂസഫ് മലബാരി | കരുളായി | 11.8.02 (12) |
| 15256 | മുഹമ്മദ് ഇസ്മാഈൽ | s/o ബി. മുസ്തഫ | ചേലക്കര | 28.9.03 |
| 15287 | എച്ച്. ശംസുദ്ദീൻ | s/o എ.എസ്. ഹമീദ് | കാവശ്ശേരി | 5.1.04 |
| 15288 | എം. സഫർ അഹ്മദ് | s/o എ.പി. അബൂട്ടി | കൂടാളി | 16.1.03 (28) |
| 15296 | വസീം അഹ്മദ് സിദ്ദീഖ് | s/o സിദ്ദീഖ് അമീർ അലി | കരുളായി | 1.1.04 |
| 15283 | കെ. അബ്ദുസ്സലാം | s/o മുഹമ്മദ് കുട്ടി | പഴയങ്ങാടി | 29.3.04 (31) |
| 15282 | ടി.കെ. കോയാമുട്ടി | s/o അഹ്മദ് കുട്ടി | കൊടിയത്തൂർ | 4.4.04 |
| 15303 | പി.കെ. അലിമോൻ | s/o പി.സി. കരീം | ഫോർട്ട് കൊച്ചി | 20.10.04 (35) |
| 15304 | റംല ഇസ്മാഈൽ | w/o മുഹമ്മദ് ഇസ്മാഈൽ | ചേലക്കര | 28.9.03 (36) |
| 15336 | പി.പി. നാസിർ അഹ്മദ് | s/o എസ്.വി. മഹ്മൂദ് അഹ്മദ് | പഴയങ്ങാടി | 1.2.03 |
| 15338 | എം. സുബൈദ | w/o ടി.കെ. മഹ്മൂദ് | കരുളായി | 6.5.04 (43) |
| 15359 | എസ്.എം. ബശീറുദ്ദീൻ | s/o എസ്.കെ. മുഹമ്മദ് | പാലക്കാട് | 1.9.04 (46) |
| 15360 | ടി.കെ. മുഹമ്മദ് (കുഞ്ഞു) | s/o ടി.കെ. കുഞ്ഞാലൻഹാജി | കരുളായി | |
| 15361 | കെ.അഹ്മദ് റശീദ് | s/o റായൻ മുസ്‌ലിയാർ | കരുളായി | 1.8.04 |
| 15362 | നുസ്റത്ത് ജഹാം ബീഗം | w/o ജെ.എച്ച് നാസിർ അഹ്മദ് | ഫോർട്ട് കൊച്ചി | 6.8.04 (47) |
| 15363 | കെ.എം. ഇംതിയാസ് | s/o മുഹമ്മദ് കെ.എച്ച് | ഫോർട്ട്കൊച്ചി | 3.8.04 |
| 15364 | സി. റസീന | w/o കെ.എം. ഇംതിയാസ് | ഫോർട്ട് കൊച്ചി | 3.8.04 (48) |
| | | 2005 | | |
| 15377 | കെ.എം. ഉസ്മാൻ | s/o കെ.എ. അബ്ദുൾ മജീദ് | പള്ളുരുത്തി | 13.9.04 |
| 15379 | എം. നുസ്റത്ത് സഫർ | w/o എം. സഫർ അഹ്മദ് | കൊടിയത്തൂർ | 24.12.03 (3) |
| 15399 | കെ.എൻ. ഫരീദ് | s/o എൻ. അഹ്മദ്കുട്ടി | കോഴിക്കോട് | 24.11.01 (9) |
| 15407 | പി.മുഹമ്മദ് യൂസഫ് | s/o അഹ്മദ്കുട്ടി | മുറിയക്കണ്ണി | 1.3.03 |
| 15409 | ടി.എച്ച്. ത്വയ്യിബ് | s/o ഹമീദ് ടി.എച്ച് | കാക്കനാട് | 13.7.04 |
| 15410 | സി.ജി. അബ്ദുൽ കരീം | s/o എ.കെ. മുഹമ്മദ്കോയ | കണ്ണൂർ ടൗൺ | 28.3.04 |
| 15414 | കെ.എ. മൊഹ്‌യിദ്ദീൻ | s/o കെ.ബി. അബ്ദുല്ല | കൊടുങ്ങല്ലൂർ | 13.9.04 (10) |
| 15424 | പി. സഫർ അഹ്മദ് | s/o അബ്ദുൽ കരീം | കരുളായി | 1.1.05 (11) |
| 15429 | മുഹമ്മദ് നജീബ് ഖാൻ | s/o വി.എ. മുഹമ്മദ് മാസ്റ്റർ | കാക്കനാട് | 6.10.04 (12) |
| 15440 | ടി.കെ. മുബശ്ശിർ അഹ്മദ് | s/o ശൗക്കത്ത് അലി | കൽക്കുളം | 1.10.04 (13) |
| 15444 | ബി.എ. മുഹമ്മദ് നജീബ് | s/o ബി.എച്ച് അബ്ദുൽഖാദർ | എറണാകുളം | 16.10.04 (14,15) |
| 15526 | ടി.കെ. ശൗക്കത്ത് | s/o ടി.കെ. കുഞ്ഞാലൻകുട്ടി | കൽക്കുളം | 1.11.04 (19,20) |
| 15506 | എ. ശഫീഖ് അഹ്മദ് | s/o പി.എ. ശംസുദ്ദീൻ | ചേലക്കര | 1.11.04 |
| 15507 | പി.എ. അശ്റഫ് | s/o അബ്ദുല്ല | പള്ളുരുത്തി | 18.10.04 |
| 15508 | കെ.എ. അശ്റഫ് | s/o അബ്ദുർ റഹ്മാൻ | പള്ളുരുത്തി | 18.10.04 |
| 15509 | സി.എച്ച്. സിദ്ദീഖ് | s/o ഹസ്സൻ | കരുളായി | 11.11.04 |
| 15510 | പി.പി. ആശിഖ് | s/o ഇ.വി. അബ്ദുൽ അസീസ് | കടലായി | 10.11.04 |
| 15527 | പി. ഫാത്തിമ | w/o ടി.കെ. കുഞ്ഞാലൻകുട്ടി | കൽക്കുളം | 1.11.04 |
| 15528 | എം. മുബാറക്ക | w/o ടി.കെ. ശൗക്കത്ത് അലി | കൽക്കുളം | 1.11.04 |
| 15530 | മുംതാസ് ബക്കർ | w/o മൗലവി എം. അബൂബക്കർ | ഖാദിയാൻ | 11.12.04 (ബദ്ർ 21) |

### സിമ്പോസിയം

കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ 'മതേതരത്വം അഹ്‌മദിയ്യാ വീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം സംഘടിപ്പിച്ചു. സത്യദൂതൻ എഡിറ്റർ എ.എം. സലിം മുഖ്യപ്രഭാഷകനായിരുന്നു. മതേതരത്വം എന്ന വാക്കിന്റെ പ്രയോഗവ്യാപ്തിയെപ്പറ്റി അദ്ദേഹം സംസാരിച്ചു. സമകാലീന ലോകത്തിലെ മതേതരമൂല്യങ്ങളും ചിഹ്നങ്ങളും എങ്ങനെയൊക്കെയാണ് പ്രയോഗിക്കപ്പെടുന്നത് എന്നതാണ് പ്രശ്നം. മതാതീതമാവുകയല്ല മറിച്ച് സർവ്വമത സമഭാവനയാണ് മതേതരത്വത്തിന്റെ കാതൽ. അദ്ദേഹം തുടർന്നു പറഞ്ഞു. യോഗത്തിൽ ഖായിദ് പി. ഉമർ അദ്ധ്യക്ഷനായിരുന്നു. കെ.പി.അഹ്‌മദ്, മൗലവി നാസർ അഹ്‌മദ് തുടങ്ങിയവർ സംസാരിച്ചു. ടി. ഷാജിർ സ്വാഗതവും, സജിൻ നിസാർ നന്ദിയും പറഞ്ഞു.



*കർണ്ണാടക ഗവർണ്ണർ ബഹു: ടി.എൻ. ചതുർവേദി വിശുദ്ധ ഖുർആൻ കന്നട തർജ്ജമ പ്രകാശനം ചെയ്യുന്നു. വലത്തുനിന്ന് മുഹമ്മദ് യൂസുഫ് (പരിഭാഷകൻ) മുഹമ്മദ് ശഫീഉല്ലാ അമീർ കർണ്ണാടക, മൗലാനാ മുഹമ്മദ് കരീമുദ്ദീൻ, ഡോ. സ്വാലിഹ് മുഹമ്മദ് അലാഹ്ദീൻ*

### ഖുർആൻ കന്നട തർജമ പ്രകാശനം ചെയ്തു

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധഖുർആന്റെ കന്നട തർജമ മെയ് 16-ന് ബാംഗ്ലൂർ രാജ്ഭവനിൽ സംഘടിപ്പിച്ച യോഗത്തിൽവെച്ച് ഗവർണർ ബഹു: ടി.എൻ.ചതുർവേദി പ്രകാശനം ചെയ്തു. മതപരമായി നിലനില്ക്കുന്ന തെറ്റായ ധാരണകൾ അകറ്റുന്നതിന് എല്ലാ മതഗ്രന്ഥങ്ങളും മറ്റു ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിശുദ്ധഖുർആൻ കന്നട ഭാഷയിലേക്ക് വിവർത്തനം ചെയ്തതിനെ അദ്ദേഹം ശ്ലാഘിച്ചു.

മൗലാനാ കരീമുദ്ദീൻ സാഹിബ്, ഡോക്ടർ സ്വാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ്, കർണ്ണാടക സംസ്ഥാന അമീർ മുഹമ്മദ് ശഫീഉല്ലാഹ് സാഹിബ്, യുഗരശ്മി പത്രാധിപരും വിവർത്തകനുമായ മുഹമ്മദ് യൂസുഫ് സാഹിബ് തുടങ്ങിയവർ സംസാരിച്ചു. അഹ്‌മദിയ്യാ ജമാഅത്ത് നൂറ് ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷപ്പെടുത്തുന്നതിന്റെ ഭാഗമാണ് കന്നട ഭാഷയിലെ ഈ തർജമ. ഇതുവരെ 59 ഭാഷകളിൽ വിശുദ്ധഖുർആന്റെ പരിഭാഷ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

### സ്വീകരണം

ഫോക്‌ലോർ അക്കാദമി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട പ്രൊ: മഹ്‌മൂദ് അഹ്‌മദ് സാഹിബിന് കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ സ്വീകരണം നല്കി. ചടങ്ങിൽ ഖായിദ് പി. ഉമർ അദ്ധ്യക്ഷനായിരുന്നു. മറുപടിപ്രസംഗത്തിൽ നാടൻകലകളുടെ സാംഗത്യം പ്രൊ. മഹ്‌മൂദ് അഹ്‌മദ് സാഹിബ് വിവരിച്ചു. നമ്മുടെ നാടിന്റെ പൈതൃകത്തെക്കുറിച്ചും, പൂർവ്വപിതാക്കളെക്കുറിച്ചുമുള്ള അറിവാണ് നാടൻകലകൾ. ഈ കലകളെ പ്രോത്സാഹിപ്പിക്കുമ്പോൾ നമ്മുടെ നാടിന്റെ ഹൃദയത്തുടിപ്പുകൾ സജീവമാവുകയാണ്. അദ്ദേഹം തുടർന്നു. അക്കാദമികൾ ജനങ്ങൾക്കൊത്ത് സഞ്ചരിക്കുമ്പോഴാണ് അവയുടെ പ്രസക്തി വർദ്ധിക്കുന്നത്. ജനമനസ്സുകളെ നാടൻ കലകളിലേക്ക് തിരിയാനുള്ള അവസരമൊരുക്കലാണ് തന്റെ മുന്നിലുള്ള ലക്ഷ്യമെന്ന് മഹ്‌മൂദ് അഹ്‌മദ് സാഹിബ് പറഞ്ഞു. യോഗത്തിൽ സജിൻ നിസാർ സ്വാഗതവും, നിശാദ് അസീസ് നന്ദിയും പറഞ്ഞു

### പഠന–വിനോദയാത്ര

കണ്ണൂർ ടൗൺ:- പഴയങ്ങാടി- കണ്ണൂർ ടൗൺ മജ്‌ലിസുകളുടെ സംയുക്താഭിമുഖ്യത്തിൽ വീഗാലാന്റിലേക്ക് അത്ഫാലുകൾക്കായി ഒഴിവുകാല വിനോദയാത്ര നടത്തി. 40 ഓളം അത്ഫാലുകൾ പങ്കെടുത്തു. പ്രത്യേകം തയ്യാറാക്കിയ ബസ്സിൽ ടൗൺ ഖായിദ് പി. ഉമർസാഹിബിന്റെയും പഴയങ്ങാടി ഖായിദ് ത്വയ്യിബ് അഹ്‌മദ് സാഹിബിന്റെയും നേതൃത്വത്തിൽ ഖാദിം സഹോദരങ്ങളും അത്ഫാൽ സഹോദരങ്ങളും പങ്കെടുത്തു. വിനോദത്തോടൊപ്പം നമസ്കാരവും ദിനീപരമായ കാര്യങ്ങളും സജീവമാക്കിക്കൊണ്ടായിരുന്നു യാത്ര. കാക്കനാട് പള്ളിയിൽ 25-ന് രാത്രി തങ്ങിയ സംഘം വീഗാലാൻഡിൽ പിറ്റേന്ന് പകൽ ചെലവഴിച്ചു. വേനൽക്കാല അവധി സഫലമായ ആഹ്ലാദത്തിൽ 26-ാം തിയ്യതി സംഘം തിരിച്ചുവന്നു. മൗലവി നാസർ അഹ്‌മദ് സാഹിബ് കുട്ടികൾക്ക് നിർദ്ദേശോപദേശ



*ശ്രീമതി ബൃന്ദാ കാരാട്ടിന് അഹ്മദിയ്യാ ജമാഅത്തിന്റെ മഹിളാ സംഘടനയായ ലജ്നാ ഇമായില്ലാ പ്രതിനിധി കൾ വിശുദ്ധ ഖുർആൻ സമ്മാനിക്കുന്നു*

ങ്ങൾ നല്കി. ഖാദിംകളായ ഷാജിർ, റഫീഖ് (കണ്ണൂർ ടൗൺ) ജസീർ, ശംസുദ്ദീൻ (പഴയങ്ങാടി) എന്നിവർ യാത്ര ഏകോപിപ്പിച്ചു. ഈ യാത്രയുടെ സജ്ജീകര ണങ്ങളിൽ സിറ്റിസെന്റർ (കണ്ണൂർ) വലിയ പങ്കാണ് വഹിച്ചിത്.

### ബൃന്ദാ കാരാട്ടിന് വിശുദ്ധഖുർആൻ സമ്മാനിച്ചു

കണ്ണൂർ: സി.പി.എം പോളിറ്റ് ബ്യൂറോ അംഗവും ആൾ ഇന്ത്യാ ഡമോക്രാറ്റിക് വുമൺസ് ഫെഡറേഷൻ അഖിലേന്ത്യാ സെക്രട്ടറിയുമായ ശ്രീമതി ബൃന്ദാകാ രാട്ടിന് അഹ്മദിയ്യാ മുസ്ലിം വനിതാ സംഘടനയായ ലജ്ന ഇമായില്ലായുടെ പ്രവർത്തകർ വിശുദ്ധഖുർ ആന്റെ ഇംഗ്ലീഷ് പരിഭാഷ സമ്മാനിച്ചു. അഹ്മദീ സ്ത്രീകളുടെ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ഉത്തരേന്ത്യയിൽ വെച്ച് തനിക്ക് നേരത്തെ അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും, ഭോപ്പാലിലെ അഹ്മദികളെ തനിക്ക് പരിചയമുണ്ടെന്നും തന്നെ സന്ദർശിച്ച കണ്ണൂ രിലെ ലജ്നാ ഇമായില്ലാ പ്രവർത്തകരോട് അവർ പറ ഞ്ഞു. കണ്ണൂർ ടൗൺ പ്രസിഡണ്ട് വഹീദസലിം, കണ്ണൂർ സിറ്റി പ്രസിഡണ്ട് ജുവൈരിയ ഗൗഹർ, ഹമീദ നാസർ, ബുശ്റാ റഊഫ്, കെ. ശബ്ന ഫിറോസ് എന്നി വരടങ്ങിയ മഹിളാസംഘമാണ് വിശുദ്ധഖുർആന്റെ പ്രതിയും, ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ ഹ്)ന്റെ റവലേഷൻ, റേഷനാലിറ്റി നോളഡ്ജ് ആന്റ് ട്രൂത്ത് എന്ന വിഖ്യാതഗ്രന്ഥത്തിന്റെ കോപ്പിയും ഉപ ഹാരമായി നൽകിയത്. ലോകത്ത് 178 രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന അഹ്മദിയ്യാ മുസ്ലിം വനിതാ സംഘ ടനയാണ് ലജ്നാ ഇമായില്ലാഹ്.

### തർബിയ്യത്ത് യാത്ര

കേരളത്തിൽനിന്നും വെക്കേഷനൽ ക്ലാസ്സിനായി ഖാദിയാനിലെത്തിയ അത്ഫാൽ ഖുദ്ദാം അംഗങ്ങൾക്ക് 5.5.2005 വ്യാഴാഴ്ച ഐവാനെ അൻസാറിൽ ഒരു പ്രത്യേക സ്വീകരണം നൽകി. ഈ സ്വീകരണയോഗ ത്തിൽ സദർ മജ്ലിസ് അൻസാറുല്ലാ ഭാരത് അധ്യ ക്ഷനായിരുന്നു.

തിലാവത്തും പദ്യത്തിനും ശേഷം സൈനുദ്ദീൻ സാഹിബ് ഹാമിദും (ഉസ്താദ് ജാമിഅ അഹ്മദിയ്യാ) നദീർ അഹ്മദ് സാഹിബും തർബിയ്യത്ത് സംബന്ധ മായ കാര്യങ്ങളെ ഉണർത്തി കുട്ടികളെ ഉപദേശിച്ചു. ശേഷം മൗലവി ടി.എം. മുഹമ്മദ് സാഹിബ് കേന്ദ്ര ഭാരവാഹികളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. തുടർന്ന് അദ്ധ്യക്ഷൻ കുട്ടികളെ ഉപദേശിക്കുകയും ഹുസൂറിന് കത്തയക്കുന്നത് സംബന്ധിച്ച് അവരെ ബോധവൽക്കരിക്കുകയും ചെയ്തു. കുട്ടികളുടെ ഈ യാത്രയെ സദർ സാഹിബ് അഭിനന്ദിച്ചു. ദുആയോടെ ഈ പരിപാടി സമാപിച്ചു. ഈ വേളയിൽ ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും സൽക്കാരം സംഘടിപ്പിക്കു കയും ചെയ്തു.

കഴിഞ്ഞ ആറുവർഷമായി കേരളത്തിൽനിന്നും ഇതുപോലെ അത്ഫാലുകൾ എത്തിക്കൊണ്ടിരി ക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മൗലവി ടി.എം. മുഹമ്മദ് സാഹിബും മൗലവി ടി. ശഫീഖ് സാഹിബും കുട്ടികൾക്ക് നേതൃത്വം നൽകി. ഒരു മാസത്തെ ഖാദിയാൻ വാസത്തിനുശേഷം മെയ് 8-നും 10-നും കുട്ടികൾ കേരളത്തിലേക്ക് തിരിച്ചു. അല്ലാഹു ഈ യാത്രയുടെ സൽഫലങ്ങൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

### പ്രചാരണയോഗങ്ങൾ

മജ്ലിസ് അൻസാറുല്ലാഹ് കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗൺ, സിറ്റി, കൂടാളി, മട്ട ന്നൂർ, പഴയങ്ങാടി, കടലായി, തലശ്ശേരി എന്നീ ജമാ അത്തുകളുടെ സഹകരണത്തോടെ ഏഴുദിവസം പ്രചാരണയോഗങ്ങൾ സംഘടിപ്പിച്ചു. ഓരോ ദിവ സവും വൈകുന്നേരം നാലു മണിമുതൽ ഒൻപതുമ ണിവരെ നാല് കവലകൾ ഉൾക്കൊള്ളിച്ചായിരുന്നു പരിപാടി. പാപ്പിനിശ്ശേരി, എടക്കാട്, ചാലാട്, മട്ടന്നൂർ, കക്കാട്, താണ, അഞ്ചരക്കണ്ടി, പാലോടുപള്ളി, എന്നീ സ്ഥലങ്ങളിൽ നടന്ന പ്രസംഗപരിപാടികൾ പ്രത്യേകം സ്മരണീയമാണ്. ജനങ്ങളിൽനിന്നുണ്ടായ നല്ല സഹ കരണം പ്രവർത്തകർക്ക് ആവേശം പകർന്നു. ആനു കാലിക വിഷയങ്ങൾക്കുപുറമെ, ഈസാനബിയുടെ മരണം, ഖത്മുന്നുബുവ്വത്തിന്റെ യാഥാർത്ഥ്യം, മസീഹ് മൗഊദിന്റെ സത്യസാക്ഷ്യം, ഖിലാഫത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളും പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ടു. മൗലവിമാരായ മുഹമ്മദ് ശരീഫ് സാഹിബ്, ശഫീഖ് അഹ്മദ് സാഹിബ്, എം.ബി. മുഹ മ്മദ് സാഹിബ്, സി.പി. മൊയ്തീൻസാഹിബ് തുടങ്ങി യവർ പ്രസംഗിച്ചു.

# അല്ലാഹു ആകാശത്തിൽ പരിമിതനോ?

**മ**നുഷ്യമനസ്സിനെ സത്യത്തിലേക്കും ധർമ്മത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്ന ഉൽകൃഷ്ടഗുണമാണ് ദൈവികമായ വിശ്വാസം. മതങ്ങളുടെ സത്തയും അടിസ്ഥാനവും ഇതുതന്നെയാണ്. മതം പഠിപ്പിക്കുന്ന ഈ ദർശനം കാലാന്തരത്തിൽ നഷ്ടപ്പെട്ടു പോവുമ്പോഴാണ് ദൈവം പ്രവാചകന്മാരെ നിയോഗിച്ചയക്കുന്നത്. ലോകത്ത് വന്ന എല്ലാ പ്രവാചകന്മാരുടെയും ദൗത്യം ഏകദൈവ വിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതായിരുന്നു. അതിന്റെ ഫലമായി ആത്മീയാന്ധത ബാധിച്ച എത്രയോ ആളുകളെ സച്ചരിതരും സൽകർമ്മകാരികളുമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്.

എന്നാൽ വർത്തമാനകാലത്ത് നമുക്ക് കാണാൻ സാധിക്കുന്ന ദൗർഭാഗ്യകരമായ ഒരു ചിത്രം കുരുടൻ ആനയെ കണ്ട അവസ്ഥയിലാണ് ഓരോരുത്തരും ദൈവത്തെ അവതരിപ്പിക്കുന്നത് എന്നുള്ളതാണ്. നിരീശ്വരവാദികളേയും ആജ്ഞേയവാദികളേയും തൽക്കാലം നമുക്ക് മാറ്റിനിർത്താം. ഏകത്വദർശനം പ്രചരിപ്പിച്ച പ്രവാചകന്മാരെ ദൈവമാക്കി വിശ്വസിക്കുന്നവർ, ദൈവത്തിന്റെ സൃഷ്ടികളായ വ്യക്തികളെ ആൾദൈവങ്ങളായി പൂജിക്കുന്നവർ, സൂര്യനേയും ചന്ദ്രനേയും, ബിംബങ്ങളേയും ആരാധിക്കുന്നവർ, ദൈവം ഒരു പ്രത്യേക സ്ഥലത്ത് ഇരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ.....

---

### ലക്ഷദ്വീപ് അൻസാറുല്ലാഹ് ഇജ്തിമാഅ്

കവരത്തി: 2005 ഏപ്രിൽ 12-ാം തിയ്യതി ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തിയിൽ ഒന്നാമത്തെ ലക്ഷദ്വീപ് അൻസാറുല്ലാഹ് ഇജ്തിമാഅ് നടക്കുകയുണ്ടായി. കവരത്തി പള്ളിയോട് ചേർന്ന് പ്രത്യേകമായി നിർമ്മിച്ച പന്തലിലാണ് ഇജ്തിമാഅ് നടന്നത്. ഇജ്തിമാഅ് തുടങ്ങുന്നതിനു രണ്ട് ദിവസംമുമ്പേ ശക്തമായ മഴയായിരുന്നെങ്കിലും ഇജ്തിമാഅ് ദിവസം കാലാവസ്ഥ വളരെ നല്ലതായിരുന്നു. (അൽഹംദുലില്ലാഹ്)

പഴയങ്ങാടി ജമാഅത്ത് അമീറും കേരള നാഇബ് നാസിം തർബിയ്യത്തുമായ ജ: കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന തഹജ്ജുദ് നമസ്കാരത്തോടെ ഇജ്തിമാക്ക് തുടക്കം കുറിച്ചു. സുബ്ഹി നമസ്കാരാനന്തരം നമസ്കാരം എന്ന വിഷയത്തെക്കുറിച്ച് മൗ: എം. നാസിർ അഹ്മദ് സാഹിബ് ദർസ്സ് എടുത്തു.

### ഉദ്ഘാടന സമ്മേളനം

രാവിലെ 9.30ന് ജ: കെ.കെ. ജലാലുദ്ദീൻ സാഹിബിന്റെ ഖിറാഅത്തോടുകൂടി ആരംഭിച്ച ഉദ്ഘാടനയോഗത്തിൽ സി.ജി.അബ്ദുൽകരീം അദ്ധ്യക്ഷത വഹിച്ചു. ജ: കുഞ്ഞഹ്മദ് മാസ്റ്റർസാഹിബ് ഖസീദ കേൾപ്പിച്ചു. ജ: അബ്ദുസ്സലാം സാഹിബ് സ്വാഗതഭാഷണം നടത്തി. ചരിത്രപ്രസിദ്ധമായ ഈ ഇജ്തിമാഅ് മൗ: കെ. മഹ്മൂദ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. അഹ്മദികളായ നാം മുസ്ലിം എന്നതിന്റെ പൊരുൾ മനസ്സിലാക്കി യഥാർത്ഥ അർത്ഥത്തിൽ മുസ്ലിംകൾ ആവണമെന്ന് ഉദ്ഘാടനഭാഷണത്തിൽ അദ്ദേഹം ആഹ്വാനം ചെയ്തു. വൈജ്ഞാനികമായ അദ്ദേഹത്തിന്റെ ഭാഷണത്തിന് ശേഷം സാരഗർഭമായ അഞ്ച് ആശംസാപ്രസംഗങ്ങൾ നടക്കുകയുണ്ടായി.

### തർബിയത്ത് സമ്മേളനം

ഉച്ചക്ക് 2.15-ന് ജനാബ് ഹമീദ് കോയ സാഹിബിന്റെ തിലാവത്തോടുകൂടി ആരംഭിച്ച തർബിയ്യത്ത് സമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിച്ചത് കവരത്തി പ്രസിഡന്റ് ജ: അബ്ദുൽഖയ്യൂം സാഹിബായിരുന്നു. സി.ജി. അബ്ദുൽകരീം സാഹിബ് പദ്യം ചൊല്ലി. വിശുദ്ധഖുർആൻ പാരായണമുറകൾ എന്ന വിഷയത്തെ ആസ്പദമാക്കി ജ: കുഞ്ഞഹ്മദ് മാസ്റ്റർസാഹിബും തുടർന്ന് 'ദഅ്വത്തെ ഇലല്ലാഹ്' എന്ന വിഷയത്തെക്കുറിച്ച് മൗ: അമീൻ മുഹമ്മദ് സാഹിബ് മുബല്ലിഗ് ചാവക്കാട്, 'അൽവസിയ്യത്ത്' എന്ന വിഷയത്തെക്കുറിച്ച് മൗ: എം. നാസിർ അഹ്മദ് മുബല്ലിഗ് കണ്ണൂർ ടൗൺ എന്നിവരും ക്ലാസ്സെടുത്തു.

മൗലവി കെ. മഹ്മൂദ് അഹ്മദ് സാഹിബ് ശ്രോദ്ധാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. പ്രാർത്ഥനയോടെ ഇജ്തിമാഅ് സമാപിച്ചു.

### കവരത്തിയിൽ പൊതുയോഗം

കവരത്തി: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കവരത്തി ജട്ടിയുടെ പരിസരത്തുള്ള പഞ്ചായത്ത് പൊതുസ്റ്റേജിൽ രണ്ടുദിവസം പൊതുയോഗങ്ങൾ നടന്നു. ആദ്യമായാണ് കവരത്തിയിൽ ജമാഅത്തിന്റെ പൊതുയോഗം സംഘടിപ്പിക്കുന്നത്. വിവിധ വിഷയങ്ങളെക്കുറിച്ച് മൗ: കെ. മഹ്മൂദ് അഹ്മദ്, മൗ: എം. നാസിർ അഹ്മദ്, മൗ: ഹിദായത്തുല്ലാഹ് സാഹിബ് എന്നിവർ പ്രസംഗിച്ചു. വളരെ ശ്രദ്ധാപൂർവ്വം ദ്വീപുവാസികൾ ഈ പ്രസംഗങ്ങൾ കേൾക്കുകയുണ്ടായി. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിനെ പരിചയപ്പെടാൻ സാധിച്ചതിൽ പലരും സന്തോഷം പ്രകടിപ്പിച്ചു.

മേൽക്കാണിച്ചവയിൽ ഒടുവിലായി എഴുതിയ കാര്യത്തിലേക്കാണ് തൗഹീദ് പ്രചരിപ്പിക്കുന്ന മുജാഹിദ് പ്രസ്ഥാനം ജനശ്രദ്ധ ക്ഷണിക്കുന്നത്. എ.പി. വിഭാഗം മുജാഹിദുകളുടെ അൽമനാർ മാസികയിൽ (2005 പേജ് 49) 'അല്ലാഹു എവിടെ?' എന്ന ലേഖനത്തിൽ അല്ലാഹു ആകാശത്താണെന്ന് സമർത്ഥിക്കുന്നതിനു വേണ്ടി സയ്യിദ് സഅ്ഫർ സ്വാദിക്ക് എഴുതുന്നു. ........"ഈസാ(അ)യെ അല്ലാഹു തന്നിലേക്ക് ഉയർത്തിയെന്ന് ഖുർആൻ പറയുന്നു. അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെങ്കിൽ എന്നിലേക്ക് ഉയർത്തിയെന്ന് പറയേണ്ടതില്ലല്ലോ. (സൂറഃ നിസാഅ്: 158)

ബഹുമാന്യലേഖകൻ മനസ്സിലാക്കേണ്ട ഒരു പ്രധാന സംഗതിയുണ്ട്. അല്ലാഹു സൂക്ഷ്മജ്ഞനാണ്. നമ്മുടെ ബാഹ്യനേത്രങ്ങൾകൊണ്ട് കാണുക സാദ്ധ്യമല്ല. സ്ഥൂലമായ ഈസാ(അ)യെ സൂക്ഷ്മജ്ഞനായ അല്ലാഹുവിലേക്ക് എങ്ങനെയാണ് ഉയർത്തുക? ഒരു പ്രത്യേക ഇരിപ്പിടമില്ലാത്തവനും, ഒരു സ്ഥലത്തേയും ആശ്രയിക്കാത്തവനുമായ അല്ലാഹുവിങ്കലേക്ക് ഈസാനബി(അ)യെ ഉയർത്തി എന്നുപറയുമ്പോൾ ഉയർത്തപ്പെട്ടത് ആകാശത്തിലേക്കാണെന്ന് അർത്ഥമെടുത്തുകൊണ്ട് അല്ലാഹു ഒരു ക്ലിപ്തസ്ഥലത്ത് ആവസിക്കുന്നവനായി അവനെ പരിമിതപ്പെടുത്താനാവുമോ? അവൻ അല്ലാഹുവാണ് ആകാശങ്ങളിലും ഭൂമിയിലും(6:3) നമ്മുടെ ജീവനാഡിയേക്കാളും അവനടുത്താണ് (50:16) എന്ന് ഖുർആൻ വ്യക്തമാക്കുമ്പോൾ ആകാശത്തിലെ അല്ലാഹു വേറെയും, ഭൂമിയിലെ അല്ലാഹു വേറെയും എന്ന നിഗമനത്തിലെത്താമോ? ആകാശങ്ങളിലേയും ഭൂമിയിലേയും അല്ലാഹു ഒന്നു തന്നെയാണ് എന്നാണ് താങ്കൾക്ക് വാദമെങ്കിൽ നമ്മുടെ ജീവനാഡിയേക്കാൾ അവനടുത്താണ് എന്നും വരുമ്പോൾ അല്ലാഹുവിന്റെ സർവ്വവ്യാപിത്വത്തെ സംബന്ധിച്ച് താങ്കളെന്തിന് സംശയിക്കുന്നു?

ബഹുമാന്യ സഅ്ഫർ സാഹിബ് ഒരുകാര്യം കൂടി മനസ്സിലാക്കണം. 'റഫഅ' എന്ന പദം മാത്രമല്ല 'നസല' എന്ന വാക്കും ഖുർആനിലുണ്ട്. അത് ഈസാനബിയുമായി മാത്രം ബന്ധിതമല്ല. റസൂൽ(സ) തിരുമേനിയെ നിങ്ങളിലേക്ക് ദൂതനായി ഇറക്കി എന്നാണ് ഖുർആൻ പറയുന്നത്. റസൂൽ(സ) ഭൂമിയിൽ ജനിക്കാതെ ആകാശത്ത് നിന്നിറങ്ങി വന്നതാണെന്ന് വിശ്വസിക്കാൻ സാധിക്കുമോ? സത്യനിഷേധികളെക്കുറിച്ച് അന്ധരും, മൂകരും, ബധിരരുമെന്ന് ഖുർആൻ വിശേഷിപ്പിക്കുന്നുണ്ട്. ബാഹ്യമായ ഈ ശാരീരികാവസ്ഥയിലുള്ളവരെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് കരുതാമോ? അതുപോലെ അല്ലാഹുവുമായി ബന്ധിപ്പിച്ച് പറഞ്ഞിട്ടുള്ള ആകാശം, അർശ് എന്നീ പദങ്ങൾ മനുഷ്യന് മനസ്സിലാകുന്നതിന് വേണ്ടി ആലങ്കാരികാർത്ഥത്തിൽ പ്രയോഗിച്ചു എന്ന് കരുതാനേ നിർവ്വാഹമുള്ളൂ.

അന്ധകാരാവൃതമായ ഈ കാലഘട്ടത്തിൽ നഷ്ടപ്പെട്ട ദൈവവിശ്വാസത്തെ ഈ ഭൂമിയിൽ സ്ഥാപിക്കാൻ നിയുക്തരായ വാഗ്ദത്ത മസീഹ്(അ) അല്ലാഹുവിനെ സംബന്ധിച്ച് പറയുന്ന ഈ ഭാഗം താങ്കൾ വായിക്കുക. "അല്ലയോ കേൾവിക്കാരെ, കേട്ടുകൊൾവിൻ! ദൈവം നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നു തന്നെ. അവനോടൊപ്പം നിങ്ങൾ ആരേയും കൂട്ടുചേർക്കായ്‌വിൻ. ആകാശത്തിലെന്നല്ല ഭൂമിയിലും. നമ്മുടെ ദൈവം മുമ്പെന്നത്തേയും പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ദൈവമാകുന്നു. പണ്ടെല്ലാം സംസാരിച്ചിരുന്നതുപോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനുംതന്നെ. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് വ്യർത്ഥവിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷങ്ങളും നിത്യങ്ങളും ശാശ്വതികങ്ങളുമത്രെ. ഒരു ഗുണവും നിഷ്ക്രിയമായിട്ടില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ ഏകനും കൂട്ടുകാരനില്ലാത്തവനുമായിതന്നെയിരിക്കുന്നു. അവന് പുത്രനില്ല, കളത്രവുമില്ല. അവൻ നിർമ്മലനും അതുല്യനുമാകുന്നു. അവനെപോലെ ഒരുത്തനും സവിശേഷ ഗുണങ്ങളാൽ പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. അവനോട് സാമ്യനായി ആരുമില്ല. അവന് അനുഗുണനായും ആരുമില്ല. അവന്റെ ശക്തിക്ക് കുറവ് പറ്റുകയില്ല. അവൻ അകലത്താണെങ്കിലും അടുത്തുള്ളവനാണ്. അടുത്താണെങ്കിലും അവൻ അകലത്താകുന്നു. അവൻ പ്രതിബിംബാത്മകമായി കശ്ഫ്കാർക്ക് സ്വയം വെളിപ്പെടുത്തുന്നുവെങ്കിലും അവന് ശരീരമില്ല. രൂപവുമില്ല. അവൻ എല്ലാറ്റിലും മേലെയാകുന്നു. എന്നാൽ അവന്റെ കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂടാ. അവൻ അർശിലാണെങ്കിലും ഭൂമിയിലില്ലെന്നു പറയാവതല്ല. എല്ലാ പരിപൂർണ്ണഗുണങ്ങളുടേയും സമവായമാണവൻ. എല്ലാ യഥാർത്ഥ സദ്ഗുണങ്ങളുടേയും പ്രതിരൂപമാണവൻ. എല്ലാ നന്മകളുടെയും ഉറവിടമാണവൻ. എല്ലാ ശക്തികളുടേയും കേന്ദ്രസ്ഥാനമാണവൻ. എല്ലാ അനുഗ്രഹങ്ങളുടെയും തുടക്കക്കാരൻ അവനാകുന്നു. എല്ലാ ഓരോ വസ്തുവിന്റേയും മടക്കവും അവനിലേക്കാകുന്നു. അവൻ എല്ലാ പരിപൂർണ്ണ ഗുണങ്ങളുടേയും നിലയനമാകുന്നു. അവൻ എല്ലാ കുറവുകളിൽനിന്നും എല്ലാ ബലഹീനതകളിൽനിന്നും അതീതനാകുന്നു. ഭൂമിയിലും ആകാശങ്ങളിലുമുള്ളവർ അവനെ മാത്രമെ ആരാധിക്കാവൂ എന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല.

*(റൂഹാനി ഖസായൻ ജി.20, ഭാഗം 309-310; അൽവസിയത്ത് ഭാ. 11,12)*

●

# കേരളത്തിലെ സയീമുമാർ (2004–05)

**കണ്ണൂർ മേഖല**

മഞ്ചേശ്വരം:– എം.പി. ഇബ്രാഹിം കുട്ടി, എം.പി. ഹൗസ്, പി.ഒ. കുഞ്ചത്തർ, മഞ്ചേശ്വരം– 671 323, ഫോ: 04998 273249
മോഗ്രാൽ:– കെ.എ. സാലിഹ്, മുല്ലശ്ശേരി, പി.ഒ. ഉദുമ, കാസർഗോഡ്– 671 319, ഫോ: 9549 67292114
പഴയങ്ങാടി:– ബി.അബ്ദുസ്സലാം, പ്രീതിനിവാസ്, പി.ഒ. പഴയങ്ങാടി ആർ.എസ്– 670 358, ഫോ: 0497 2870654
കണ്ണൂർടൗൺ:– കെ. അബ്ദുൽഅസീസ്, ആയിശാന, തുളിച്ചേരി, തളാപ്പ്, കണ്ണൂർ– 670 002, ഫോ: 0497 2708247
കണ്ണൂർസിറ്റി:– പി. അബ്ദുൽ മജീദ്, ഖദീജാസ്, ആസാദ് റോഡ്, കാടപ്പറമ്പ്, കണ്ണൂർ– 670 003, ഫോ: 0497– 2732856
കടലായി:– ഇ. താഹിർ, തുഷാര, എസ്.എൻ. കോളേജ് റോഡ്, കണ്ണൂർ– 670 007, ഫോ: 0497– 2731447
കൂടാളി:– സി. ഹമീദുല്ലാ, ഫാത്തിമാ മൻസിൽ, കൂടാളി, കണ്ണൂർ, ഫോ: 0497– 2858029
തലശ്ശേരി:– വി.പി. മുഹമ്മദ്, അഹ്മദിയ്യാ ജമാഅത്ത്, തലശ്ശേരി, ഫോ: 0490– 2323047
മട്ടന്നൂർ:– ശംസുദ്ദീൻ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, മട്ടന്നൂർ, കണ്ണൂർ
വടകര:– എൻ.പി. മുസ്തഫ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, നട്ട് സ്ട്രീറ്റ്, വടകര, ഫോ: 0496– 2526149

**കോഴിക്കോട് മേഖല**

കോഴിക്കോട്:– ടി. അഹ്മദ് സയീദ്, 3D/2284 ഹിൽനെസ്റ്റ്, ചേവായൂർ, കോഴിക്കോട്– 673 017, ഫോ: 0495– 2359338
കൊടിയത്തൂർ:– എം. അഹ്മദ്കുട്ടി, മംഗലശ്ശേരി ഹൗസ്, പി.ഒ. കൊടിയത്തൂർ, മുക്കം– 673 602
പത്തപ്പിരിയം:– പി.അബ്ദുൽ ഹമീദ്, പാലത്തിങ്കൽ ഹൗസ്, പി.ഒ. പത്തപ്പിരിയം, മലപ്പുറം, ഫോ: 0483 3118220
കരുളായി:– എം. മുഹമ്മദ്കുഞ്ഞ്, പൂവക്കോടം ഹൗസ്, പി.ഒ.തോട്ടക്കാട്
കൽക്കുളം:– കെ.പി. അബ്ദുല്ല, കണ്ണാടിപ്പറമ്പൻ ഹൗസ്, പി.ഒ. കാരപ്പുറം, കൽക്കുളം– 679 331
എടപ്പാൾ:– ഇമ്പിച്ചിബാവ, അഹ്മദിയ്യാ ജമാഅത്ത്, പി.ഒ. നെല്ലിച്ചേരി, സുകുപുരം വഴി– 679 576, ഫോ: 0494 2664955
കമ്പളക്കാട്:– പി. അബൂബക്കർ, പാതാളത്തിൽ, മുനിയൂർ, മലപ്പുറം
ചുങ്കത്തറ:– കെ. മുഹമ്മദ് സാദിഖ്, അഹ്മദിയ്യാ ജമാഅത്ത്, ചുങ്കത്തറ
വാണിയമ്പലം:– കോമുഖാൻ ശാഹ്, അഹ്മദിയ്യാ ജമാഅത്ത്, മഹ്ദിനഗർ, വാണിയമ്പലം– 679 339, ഫോ: 2236292
മഞ്ചേരി:– പി.സി. അബ്ദുല്ല, പല്ലാര ഹൗസ്, എളയാർ, എരുവട്ടി, പി.ഒ. ആർക്കോദന– 673 639
തിരൂർ:– ഹാജി.കെ. കുഞ്ഞാലൻ, പി.ഒ. കാരത്തൂർ, കൊടക്കൽ, തിരൂർ– 676 108, ഫോ: 0494 2602880
അമ്പലവയൽ:– അബ്ദുൽ അസീസ്, അഹ്മദിയ്യാ ജമാഅത്ത്, പുതുക്കാട് കോളനി, പി.ഒ. നരിക്കുണ്ട്, വയനാട്– 673 992

**പാലക്കാട് മേഖല**

പാലക്കാട്:– കെ.എസ്. അബ്ദുൽ ഹമീദ്, കല്ലാടത്തിൽ, ഗാന്ധിനഗർ, ചക്കംതറ, പാലക്കാട്– 6, ഫോ: 2522496
ചേലക്കര:– ടി. ഖാലിദ്, തേക്കുംതൊടിയിൽ, പി.ഒ. വേങ്ങാനല്ലൂർ, ചേലക്കര– 680 586, ഫോ: 0488 4251071
മണ്ണാർക്കാട്:– എം.കെ. അബ്ദുൽ മജീദ്, മലയത്തുകുഴിയിൽ ഹൗസ്, അരക്കുറുസി– 678 582, ഫോ: 4222661
മുറിയക്കണ്ണി:– എ.പി. മുഹമ്മദ് ഇസ്മായീൽ, ആലിക്കൽ, പി.ഒ. തിരുവിഴാംകുന്ന്, പാലക്കാട്, ഫോ: 4263013
അലനെല്ലൂർ:– സി. മുഹമ്മദ്, ചെറിയാംതൊടി ഹൗസ്, പി.ഒ. അലനെല്ലൂർ, പാലക്കാട്, ഫോ: 0492 4262963
പള്ളിപ്പുറം:– പി. മുഹമ്മദ്, പുളിക്കാപറമ്പിൽ, പരുദുർ, പള്ളിപ്പുറം– 679 312, ഫോ: 0466 2238795
ചാവക്കാട്:– കെ.ടി. ഹംസ, അഹ്മദിയ്യാ നിവാസ്, പി.ഒ. കല്ലൂർ, വടക്കേക്കാട്, തൃശ്ശൂർ, ഫോ: 0487 2681564
കൊടുവായൂർ:– അക്ബർ അലി, അഹ്മദിയ്യാ ജമാഅത്ത്, പി.ഒ. കൊടുവായൂർ, പാലക്കാട് ജില്ല,

**എറണാകുളം മേഖല**

എറണാകുളം:– എം.എം. അബ്ദുർ റഹീം, 33/1905, റബ്‌വ മൻസിൽ, എം.സി. റോഡ്, വെൻമല– 682 028, ഫോ: 2805869
ഫോർട്ട്കൊച്ചി:– ഡി.എ. ഹുസൈൻ, D/387 ഉബൈദ് റോഡ്, കൊച്ചി– 682 001
കാക്കനാട്:– ടി. മുഹമ്മദ് കരീം, മഹ്ദി മൻസിൽ, തുരുത്തിപ്പറമ്പിൽ, തൃക്കാക്കര, കൊച്ചി– 21, ഫോ: 2425957
മൂവാറ്റുപുഴ:–
പള്ളുരുത്തി:– സി. നാസിറുദ്ദീൻ, ക്വാർട്ടർ No. E 11/241 RNAS ഏരിയ വെസ്റ്റ് ഐലന്റ്, കൊച്ചി– 3, ഫോ: 2668753
ഐരാപുരം:– എ. ഹമീദ്, മോളത്ത് ഹൗസ്, പി.ഒ. വളയഞ്ചിറങ്ങര– 683 556, ഫോ: 2657816
കൽപേനി:– ഹാജി സി.ജി. നാസിർ അഹ്മദ് കുഞ്ഞു, ചെമ്മനകത്ത് ഹൗസ്, കൽപേനി ഐലന്റ്– 682 557
കവരത്തി:– എം. അബ്ദുൽസലാം, ––– IRON കവരത്തി, ലക്ഷദ്വീപ്
മിനിക്കോയി:– ഡോ. സി.ജി. കമാലുദ്ദീൻ, അഹ്മദിയ്യാ ജമാഅത്ത്, മിനിക്കോയ്, ലക്ഷദ്വീപ്, ഫോ: 04892 222670

**തിരുവനന്തപുരം മേഖല**

തിരുവനന്തപുരം:– എ. നാസിമുദ്ദീൻ, അഹ്മദിയ്യാ ജമാഅത്ത്, തിരുവനന്തപുരം, ഫോ: 0471 2361001
മാത്ര:– ആർ. മുഹമ്മദ് ഹനീഫ, തൊടിയിൽ, പി.ഒ. മാത്ര, പുനലൂർ, കൊല്ലം– 691 315, ഫോ: 0475 2251685
കൊട്ടാരക്കര:–
കൊല്ലം:– എം. കൊച്ചുകുഞ്ഞു, മുജീബ് മൻസിൽ, പി.ഒ. പാറക്കുണ്ട്, നവായി കുളം, ഫോ: 0470 2695564
കരുനാഗപ്പള്ളി:– എം. അലിക്കുഞ്ഞ്, പുത്തൻപുരയിൽ തെക്കേതിൽ, പടവടക്ക്– 690 518, ഫോ: 2621677
ആദിനാട്:– പി.എം. അഹ്മദ് നാസർ, മഠത്തിൽഹൗസ്, പി.ഒ. കാട്ടിൽക്കടവ്, ഫോ: 0476 2631295
ആലപ്പുഴ:– കെ. ജലാൽ, ഗുരുവായൂരപ്പൻ സദനം, വലിയകുളം വാർഡ്, ആലപ്പുഴ